മാർച്ച് 2014, വാള്യം : 22, ലക്കം : 3

അൽഹഖ്

# അൽഹഖ്

അമാൻ 1393 | റ.ആഖിർ – ജ.അവ്വൽ 1435 | കുംഭം – മീനം 1189



## യഥാർഥ അഹ്മദി

ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ബയ്അത്തിൽ പ്രവേശിച്ചു എന്ന് വാദിക്കുന്ന ഒരു അഹ്മദി തന്റെ ജമാഅത്തിനെ സംബന്ധിച്ചുള്ള ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ പ്രതീക്ഷകളെ സദാസമയവും പരിഗണിച്ചു കൊണ്ടിരിക്കേണ്ടതാണ്.
ഒരു അഹ്മദി എന്നനിലയിൽ നാം ഹദ്റത് മസീഹ് മൗഊദ് (അ) ൽ വിശ്വസിച്ചിരിക്കുന്നു എന്ന് വാദിക്കുമ്പോൾ, നബി (സ) തിരുമേനിയും സഹാബാക്കൾ (റ) വും തങ്ങളിൽ സംജാതമാക്കിയെടുത്ത വിശുദ്ധഖുർആന്റെ അദ്ധ്യാപനമനുസരിച്ചുള്ള പരിവർത്തനം നമ്മിലും സംജാതമാക്കാൻ ശ്രമിച്ചിട്ടുണ്ടോ എന്നും നാം വിചിന്തനം നടത്തേണ്ടതാണ്.
(ഖുത്വുബ ജുമുആ: 22.4.11)

ആയിരം റുഷ്ദികൾക്ക് മാപ്പ് നൽകിയ നബി 4

നിങ്ങളുടെ പേരിനെ അന്വർഥമാക്കുക 11

നിക്കാഹ് രക്ഷകർതൃത്വാവകാശം 13

വാഗ്ദാനപാലനത്തിന്റെ ഉത്തമ മാതൃക 15

# "ഭൂകമ്പത്തിന്റെ ശക്തമായ പ്രകമ്പനം"

ചരിത്രം
HISTORY



ഹദ്റത്
മസീഹ് മൗഊദ് (അ)

1903 ന്റെ അവസാനത്തിൽ ഹദ്റത് മസീഹ് മൗഊദ് (അ) ന് **'ഭൂകമ്പത്തിന്റെ ശക്തമായ ഒരു പ്രകമ്പനം'** എന്ന വെളിപാടുണ്ടായി. തുടർന്ന് പലപ്പോഴായി ഭൂകമ്പത്തെ സംബന്ധിച്ചുള്ള വെളിപാടുകൾ ഇറങ്ങുകയുണ്ടായി. അതിൽ ശക്തമായതും നാശകാരിയുമായ ഒരു ഭൂകമ്പത്തെ സംബന്ധിച്ചുള്ള അറിയിപ്പ് ഉണ്ടായിരുന്നു. അതൊരു താൽകാലിക വാസസ്ഥലത്താണെന്നും അതായത് ക്യാമ്പുകളും ഹോട്ടലുകളും സത്രങ്ങളും സൈനിക കേന്ദ്രങ്ങളും ഉള്ള സ്ഥലത്ത്. അതോടൊപ്പം തന്നെ മസീഹ് മൗഊദ് (അ) ന്റെ ഭവനവും അദ്ദേഹത്തിൽ വിശ്വസിച്ചവരും അതിന്റെ പ്രഭാവത്തിൽ നിന്ന് സുരക്ഷിതരായിരിക്കുന്നതാണെന്ന സുവാർത്തയും ഉണ്ടായിരുന്നു.

അതിന് അല്പകാലത്തിന് ശേഷം **1905 ഏപ്രിൽ 4 ന് കാങ്കടയിലെ നിശബ്ദ അഗ്നിപർവതത്തിൽ** പ്രകമ്പനം ഉണ്ടാകുകയും അതിനടുത്തുള്ള അനേകം കിലോമീറ്റർ ദൂരെയുള്ള പ്രദേശങ്ങളിൽ വരെ ശക്തമായ ഭൂകമ്പം ഉണ്ടാകുകയും ചെയ്തു. അതിൽപെട്ട് ദേവി എന്ന പേരിലുള്ള പ്രശസ്ത അമ്പലം തികച്ചും നാമാവശേഷമായി. ധരംശാലയിലെ സൈനിക ക്യാമ്പും, ബ്രിട്ടീഷുകാരുടെ പ്രൗഢഗംഭീര ബംഗ്ലാവുകളും മണ്ണടിഞ്ഞു. ഡെൽഹൗസി, ശിംല, മസൂരി, ദെഹ്റാദൂൺ, അമൃത്സർ, ഡൽഹി, ജമ്മു, ലാഹോർ തുടങ്ങിയ സ്ഥലങ്ങളിലും കനത്ത നാശം വിതച്ചു. യഥാർഥത്തിൽ അത് ഖിയാമത്തിന്റെ ഒരു ദൃശ്യം തന്നെയാണ് പ്രദർശിപ്പിച്ചത് എന്ന് അക്കാലത്തെ പത്രങ്ങൾ സമർഥിക്കുന്നു.





## രണ്ട് അൽഭുത ദൈവീക പ്രകടനങ്ങൾ

ധരംശാലയിലുള്ള ജില്ലാ ബോർഡിന്റെ ഹെഡ്ക്ലാർക്കായ പണ്ഡിറ്റ് മൗലാറാമിന് മസീഹ് മൗഊദ് (അ) മായി കത്തിടപാടുകൾ ഉണ്ടായിരുന്നു. ഭൂകമ്പത്തിന് തലേന്ന് അദ്ദേഹത്തിന് മസീഹ് മൗഊദ് (അ) ന്റെ ഒരു കത്ത് ലഭിച്ചു. അതിൽ ഹുസൂർ എഴുതിയിരുന്നത്, അല്ലാഹുവിന്റെ ശിക്ഷ ആകാശത്ത് ജ്വലിച്ചു കൊണ്ടിരിക്കുകയാണ്. വർഷങ്ങളിലല്ല, മാസങ്ങളിലല്ല മറിച്ച് നിമിഷങ്ങൾക്കകം അത് ഭൂമിയിൽ പതിക്കുന്നതാണ്. വൈകുന്നേരം ലഭിച്ച ഈ കത്ത് അദ്ദേഹം വായിക്കാതെ തലയിണക്കടിയിൽ വെച്ച് ഉറങ്ങി. പ്രഭാതത്തിൽ തന്നെ അദ്ദേഹം ഈ കത്ത് എടുത്ത് വായിക്കാൻ തുടങ്ങിയപ്പോൾ തന്നെ ഭൂകമ്പത്തിന്റെ പ്രകമ്പനങ്ങൾ കേൾക്കുകയും ഓടി വീടിന് പുറത്തിറങ്ങുകയും അങ്ങനെ രക്ഷപ്പെടുകയും ചെയ്തു.

ഹദ്റത് മസീഹ് മൗഊദ് (അ) ബറാഹീനെ അഹ്മദിയ്യ അഞ്ചാം ഭാഗത്തിൽ തന്റെ ഒരു വെളിപാടായ **'ലോകത്ത് ഒരു താക്കീതുകാരൻ വന്നു. എന്നാൽ ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. അല്ലാഹു വളരെ ശക്തമായ ആക്രമങ്ങളിലൂടെ അദ്ദേഹത്തിന്റെ സത്യത ലോകത്ത് വെളിപ്പെടുത്തുന്നതാണ് '** എന്നത് രേഖപ്പെടുത്തി അതിന് തെളിവുകൾ എഴുതാൻ തുടങ്ങിയപ്പോഴാണ് ഭൂകമ്പം ഉണ്ടായത്.

*(താരീഖെ അഹ്മദിയ്യത്ത്)*

തഫ്സീർ



ഹദ്റത് മസീഹ് മൗഊദ് (അ)



# ഇതു വാഗ്ദത്തമഹ്ദിയുടെ കാലഘട്ടം തന്നെ

هُوَ الَّذِي بَعَثَ فِي الْأُمِّيِّينَ رَسُولًا مِّنْهُمْ ..............وَهُوَ الْعَزِيزُ الْحَكِيمُ

(ജുമുആ,3-4)

ഈ ആയത്തിന്റെ സാരം ഇപ്രകാരമാകുന്നു, ജനങ്ങൾ അറിവിൽ നിന്നും യുക്തിയിൽ നിന്നും അജ്ഞരായിരിക്കുകയും, ആത്മാവിന്റെ പരിപൂർണതയ്ക്കും മനുഷ്യാത്മാവിന്റെ വിജ്ഞാനപരവും കർമപരവുമായ ഔന്നിത്യത്തിലെത്തുന്നതിനും സഹായകരമായ ദീനീ വിജ്ഞാനം തികച്ചും അപ്രത്യക്ഷമാകുകയും, ജനങ്ങൾ വഴികേടിൽ അകപ്പെടുകയും അതായത് അല്ലാഹുവിൽ നിന്നും അവന്റെ നേർമാർഗത്തിൽ നിന്നും വളരെ ദൂരപ്പെട്ടപ്പോൾ തന്റെ നിരക്ഷരനായ പ്രവാചകനെ അയച്ചവനാണ് അല്ലാഹു. ആ പ്രവാചകൻ അവരുടെ ആത്മാക്കളെ ശുദ്ധീകരിക്കുകയും ഗ്രന്ഥജ്ഞാനവും യുക്തിയും പഠിപ്പിച്ചു കൊടുക്കുകയും ചെയ്തു. അതായത് അടയാളങ്ങളും ദൃഷ്ടാന്തങ്ങളും മുഖേന ദൃഢജ്ഞാനത്തിന്റെ ഔന്നത്യത്തിലേക്കെത്തിക്കുകയും, ദൈവസാമീപ്യത്തിന്റെ പ്രകാശത്താൽ അവരുടെ ഹൃദയങ്ങളെ പ്രകാശമയമാക്കുകയും ചെയ്തു.

പിന്നീട് പറയുന്നു, അവസാന കാലഘട്ടത്തിൽ വെളിപ്പെടുന്ന മറ്റൊരു കൂട്ടരുമുണ്ട്. അവരിപ്പോൾ ആദ്യത്തെ അന്ധകാരത്തിലും വഴികേടിലും ആയിരിക്കും. അറിവിൽ നിന്നും ജ്ഞാനത്തിൽ നിന്നും യുക്തിയിൽ നിന്നും ദൃഢവിശ്വാസത്തിൽ നിന്നും അവർ അകന്നിരിക്കും. അപ്പോൾ അല്ലാഹു അവരെയും സഹാബാക്കളുടെ രൂപത്തിലേക്ക് കൊണ്ടു വരുന്നതാണ്. അതായത് സഹാബാക്കൾക്ക് ദൃശ്യമായതെല്ലാം അവർക്കും കാണിച്ചു കൊടുക്കുന്നതാണ്. അങ്ങനെ അവരുടെ സത്യസന്ധതയും ആത്മാർഥതയും സഹാബാക്കളുടേത് (റ) പോലെ ആയിത്തീരും.

സഹീഹായ ഹദീസിൽ വന്നിരിക്കുന്നു, നബി തിരുമേനി(സ) ഈ ആയത്തിന്റെ വിശദീകരണം നൽകുന്ന സമയത്ത് സൽമാൻ ഫാരിസി (റ)ന്റെ തോളിൽ കൈ വെച്ചു കൊണ്ട് പറഞ്ഞു, *ലൗ കാനൽ ഈമാനും മുഅല്ലക്കൻ ബിസ്സുറയ്യാ ലനാലഹു റജുലുൻ മിൻ ഫാരിസി.* അതായത് വിശ്വാസം സുറയ്യാ അതായത് ആകാശത്തിലേക്ക് ഉയർന്നു പോയാൽ തന്നെയും ഫാരസി വംശജനായ ഒരാൾ അതിനെ തിരികെ കൊണ്ടു വരുന്നതാണ്.

ഇത് മനസ്സിലാക്കി തരുന്നത്, ഖുർആൻ ആ കാശത്തേക്ക് ഉയർത്തപ്പെടുന്നതാണ് എന്ന് പറയപ്പെട്ട അവസാന കാലഘട്ടത്തിൽ ഒരു ഫാരസി വംശജൻ ജനിക്കുന്നതാണ് എന്നാണ്. ഇതാണ് മസീഹ് മൗഊദിന്റെ കാലഘട്ടം. ഈ ഫാരസി വംശജന്റെ പേര് മസീഹ് മൗഊദ് എന്നാണ്. കാരണം കുരിശാക്രമണത്തെ പ്രതിരോധിക്കുന്നതിനായി വാഗ്ദത്ത മസീഹ് വരേണ്ടതുണ്ട്. വിശ്വാസത്തെയാണ് ആക്രമിക്കുന്നത്. ഈ എല്ലാ അടയാളങ്ങളും കുരിശാക്രമണ കാലത്തെയാണ് സൂചിപ്പിക്കുന്നത്. ഈ ആക്രമണം ജനങ്ങളുടെ വിശ്വാസ ത്തെ സാരമായി ബാധിക്കുമെന്ന് എഴുതപ്പെട്ടിരിക്കുന്നു. ഈ ആക്രമണത്തെ മറ്റ് വാക്കിൽ ദജ്ജാലി ആക്രമണം എന്ന് പറയാം. പ്രസ്തുത ദജ്ജാലിന്റെ ആക്രമണത്താൽ ധാരാളം പേർ ഏകനായ അല്ലാഹുവിനെ ഉപേക്ഷിക്കുന്നതാണ്. പലരുടേയും വിശ്വാസ സ്നേഹം തണുത്തു പോകുന്നതാണ്.

മസീഹ് മൗഊദിന്റെ ഏറ്റവും ഭാരിച്ച ചുമതല വിശ്വാസത്തെ നവീകരിക്കുക എന്നതായിരിക്കും. കാരണം ആക്രമിക്കുന്നത് വിശ്വാസത്തെയാണ്. ഫാർസി വംശജനെ സംബന്ധിച്ച *ലൗ കാനൽ ഈമാനു* എന്ന ഹദീസിലൂടെ മനസ്സിലാകുന്നത് ഫാർസി വംശജൻ വിശ്വാസത്തെ തിരികെ കൊണ്ടു വരുന്നതിനായിട്ടാണ് വരുന്നത് എന്നാണ്.

ചുരുക്കത്തിൽ വാഗ്ദത്ത മസീഹിന്റെയും ഫാർസി വംശജന്റെയും കാലഘട്ടം ഒന്നാകുകയും ജോലിയും ഒന്നാകുകയും ചെയ്തതിനാൽ അതായത് വിശ്വാസത്തെ തിരികെ സ്ഥാപിക്കുക എന്നത്, സ്പഷ്ടമായി തെളിയിക്കുന്നത് മസീഹ് മൗഊദ് തന്നെയാണ് ഫാർസി വംശജൻ എന്നാണ്. അദ്ദേഹത്തിന്റെ ജമാത്തിനെ സംബന്ധിച്ച് തന്നെയാണ് *വ ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം* എന്ന് പറഞ്ഞിട്ടുള്ളത്. ഈ വചനത്തിന്റെ അർഥം അന്ധകാരം പൂർണമായതിനു ശേഷം തത്വശാസ്ത്രം കരസ്ഥമാക്കുകയും നബി തിരുമേനി (സ) യുടെ ദൃഷ്ടാന്തങ്ങളെയും അനുഗ്രഹങ്ങളെയും ദർശിക്കുന്നത് രണ്ടു കൂട്ടർ മാത്രമായിരിക്കും.

ഒന്ന് നബി(സ)യുടെ വെളിപ്പെടലിനു മുമ്പ് ഘോര അന്ധകാരത്തിൽ അകപ്പെട്ടവരായിരുന്ന നബി(സ) യുടെ സഹാബാക്കളാണ്. പിന്നീട് അവർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രവാചക കാലഘട്ടം പ്രാപിച്ചു. സ്വന്തം കണ്ണുകൾ കൊണ്ട് ദൃഷ്ടാന്തങ്ങൾ ദർശിച്ചു. പ്രവചനങ്ങളെ കണ്ടു. ഒരു ആത്മാവ് മാത്രം ശേഷിക്കുന്ന തരത്തിൽ വിശ്വാസം അവരിൽ ഒരു വിപ്ലവം സംജാതമാക്കി.

മേൽ വചനത്തിന്റെ അടിസ്ഥാനത്തിൽ സഹാബാക്കളെ പോലെയുള്ള രണ്ടാമത്തെ കക്ഷി മസീഹ് മൗഊദിന്റെ കക്ഷിയാണ്. കാരണം ഈ വിഭാഗവും സഹാബാക്കളെ പോലെ നബി(സ) യുടെ ദൃഷ്ടാന്തങ്ങളെ കാണേണ്ടവരാകുന്നു. അന്ധകാരത്തിനും വഴികേടിനും ശേഷം നേർമാർഗം പ്രാപിക്കേണ്ടവരാകുന്നു.

*ആഖരീന മിൻഹും* എന്ന വചനത്തിൽ മിൻ ഹും എന്ന സമ്പത്തിൽ നിന്നും അതായത് സഹാബാക്കളെ പോലെയാണെന്ന അനുഗ്രഹത്തിൽ നിന്നും അംശം നൽകിയിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത്, സഹാബാക്കൾ(റ) നബി(സ) യുടെ ദൃഷ്ടാന്തങ്ങൾ ദർശിക്കുകയും, പ്രവചനങ്ങൾ കാണുകയും ചെയ്തതു പോലെ അവരും ദർശിക്കുന്നതാണ്. രണ്ടിനും ഇടയ്ക്കുള്ള കാലഘട്ടം ഈ അനുഗ്രഹത്തിൽ നിന്നും പൂർണമായും പിന്തള്ളപ്പെടുന്നതാണ്.

ചുരുക്കത്തിൽ ഇന്നാളുകളിൽ അങ്ങനെ തന്നെയാണ് സംഭവിച്ചിരിക്കുന്നത്. 1300 വർഷങ്ങൾക്കു ശേഷം വീണ്ടും നബി (സ) തിരുമേനിയുടെ ദൃഷ്ടാന്തങ്ങളുടെ കവാടങ്ങൾ തുറക്കപ്പെട്ടിരിക്കുകയാണ്. ദാറു ഖുത്നിയുടെ ഹദീസും ഇബ്നു ഹജറിന്റെ ഫത്‌വയുടെയും അടിസ്ഥാനത്തിൽ റമദാനിൽ സൂര്യചന്ദ്ര ഗ്രഹണങ്ങൾ ജനങ്ങൾ സ്വന്തം കണ്ണുകൊണ്ട് ദർശിച്ചു.........

ഇത് ജനങ്ങൾ സ്വന്തം കണ്ണുകൾ കൊണ്ട് ദർശിച്ച നബി (സ) യുടെ ഒരു ദൃഷ്ടാന്തമായിരുന്നു. കൂടാതെ വാഗ്ദത്ത മഹ്ദിയുടെയും മസീഹിന്റെയും കാലത്ത് പ്രത്യക്ഷപ്പെടുമെന്ന് പറഞ്ഞിരുന്ന നക്ഷത്രത്തെയും ആയിരക്കണക്കിന് ജനങ്ങൾ ദർശിച്ചു.... അതുപോലെ പ്ലേഗിന്റെ വ്യാപനവും, ഹജ്ജിൽ നിന്ന് തടയപ്പെടുന്നതും എല്ലാവരും സ്വന്തം കണ്ണുകളാൽ ദർശിച്ചു. രാജ്യത്ത് തീവണ്ടിപ്പാത തയ്യാറാകുന്നതും, ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടുന്നതും എല്ലാം തന്നെ നബി (സ) യുടെ ദൃഷ്ടാന്തങ്ങളാകുന്നു. അവയെല്ലാം തന്നെ സഹാബാക്കൾ(റ) ദൃഷ്ടാന്തങ്ങളെ ദർശിച്ച പോലെ ഇക്കാലഘട്ടത്തിലും കാണുകയുണ്ടായി. അക്കാരണത്താലാണ് അല്ലാഹു ഈ അവസാന കക്ഷിയെ മിൻഹും എന്ന പദത്താൽ വിശേഷിപ്പിച്ചത്. ദൃഷ്ടാന്തങ്ങൾ ദർശിക്കുന്നതിൽ അവരും സഹാബാക്കളെ (റ) പോലെയാണെന്ന് എന്ന് സൂചിപ്പിക്കുവാനാണത്. ചിന്തിച്ചു നോക്കുക, 1300 വർഷത്തിനിടയിൽ ഇത്തരത്തിലുള്ള പ്രവാചക പാതയിലുള്ള കാലഘട്ടം മറ്റാർക്കാണ് പ്രാപ്യമായത്. *(അയ്യാമെ സുൽഹ്)*

സമ്പാ: ഇബ്നു അശ്റഫ്

ദഅ്‌വത്തെ ഇലല്ലാഹ്




മുജീബ്

# ആയിരം റുഷ്ദികൾക്ക് മാപ്പ് നൽകിയ നബി

**മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് മർഹൂം**

നബി (സ) തിരുമേനിക്കെതിരിൽ ദുരാരോപണം ഉന്നയിച്ച് കൊണ്ട് റുഷ്ദി എഴുതിയ ഗ്രന്ഥത്തിന്റെ നോർവീജിയൻ ഭാഷാന്തരത്തിന്റെ പ്രകാശന സമയത്ത് തന്നെ യാദൃശ്ചികമായി ഓസ്‌ലോയിലെ ഒരു പ്രാദേശിക കോളേജിൽ എനിക്ക് പ്രഭാഷണത്തിനുള്ള ക്ഷണവുമുണ്ടായിരുന്നു. അന്നാളുകളിൽ നോർവേയിൽ മുസ്‌ലിംകൾക്കെതിരിൽ വളരെ ശക്തമായ പ്രകോപനങ്ങൽ വ്യാപിച്ചിരുന്നു.

നോർവേ അമീർ സാഹിബ് ഒരു അഹ്മദി വിദ്യാർഥിയെ എന്റെ പ്രഭാഷണം വിവർത്തനം ചെയ്യുന്നതിനായി ഏർപ്പെടുത്തിയിരുന്നു. ഞാൻ കൃത്യ സമയത്തു തന്നെ കോളേജിലെ ഹാളിൽ എത്തിച്ചേർന്നു. കോളേജിലെ വിദ്യാർഥി വിദ്യാർഥിനികൾ ചോദ്യങ്ങളുടെ കൂമ്പാരവുമായി തയ്യാറായിരിക്കു





ന്നതായി ഞാൻ കണ്ടു. അവരുടെ മുഖങ്ങളിൽ നിന്ന് വിദ്വേഷവും പരിഹാസവും വെളിപ്പെടുന്നുണ്ടായിരുന്നു. ഞാൻ എഴുന്നേറ്റു നിന്നു കൊണ്ട് കോളേജിലെ അധ്യാപകരെയും വിദ്യാർഥികളെയും അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞു, ഞാൻ ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു എളിയ സേവകനാണ്. ഇപ്പോൾ ലോകത്തുള്ള സകല മുസ്‌ലിം സഹോദരന്മാർക്കുമുള്ള എന്റെ സന്ദേശം ഇതാണ്. അവർ തങ്ങളുടെ പ്രവാചകനായ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ ഒരു മാതൃക മാർഗ ദീപമായി മുന്നിൽ വെക്കേണ്ടതാണ്. അതായത് നബി തിരുമേനി(സ) മക്കാ വിജയത്തിന്റെ അവസരത്തിൽ ആയിരക്കണക്കിന് 'റുഷ്ദിമാർക്ക്' മാപ്പ് നൽകുകയുണ്ടായി.

ഈ വാക്കുകൾ ശ്രവിച്ചപ്പോൾ വിദ്യാർഥികൾ തങ്ങളുടെ പേനകൾ മേശമേൽ തന്നെ വെക്കുകയും വളരെ താൽപര്യത്തോടെ എന്റെ തുടർന്നുള്ള വാക്കുകൾ ശ്രവിക്കാൻ തയ്യാറാകുന്നതും കണ്ടു.

ഞാൻ എന്റെ കൂടെ ബൈബിളിന്റെ ഇംഗ്ലീഷ്, അറബി, നോർവീജിയൻ ഭാഷകളിലുള്ള എഡിഷനും കൊണ്ടു വന്നിരുന്നു. അതിലേക്ക് ചൂണ്ടിക്കാണിച്ചു കൊണ്ട് പറഞ്ഞു, ബൈബിളിലെ ആവർത്തനം 33-ാം അധ്യായത്തിൽ ഹദ്റത് മൂസാ (അ) ന്റെ ഒരു പ്രവചനം രേഖപ്പെട്ടു കിടക്കുന്നുണ്ട്. അതായത് *"കർത്താവ് സീനായിൽ നിന്നു വന്നു, സേയീറിൽ വച്ചു നമ്മുടെ മേൽ ഉദിച്ചു, പാറാൻ പർവതത്തിൽ അവൻ പ്രകാശിച്ചു,തന്റെ വലതു കയ്യിൽ അഗ്നിജ്വാലയുമായി, പതിനായിരങ്ങളായ വിശുദ്ധരോടൊപ്പം അവൻ വന്നു.'* (വചനം 3)

ഞാൻ പറഞ്ഞു, ഈ പ്രവചനത്തിൽ പാറാൻ എന്നതു കൊണ്ടുള്ള വിവക്ഷ മക്കയാകുന്നു. പതിനായിരം വിശുദ്ധർ എന്നതുകൊണ്ടുള്ള വിവക്ഷ മക്കാ വിജയസമയത്ത് അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന സഹാബാക്കളാകുന്നു. അഗ്നിജ്വാല വിശുദ്ധഖുർആനാകുന്നു. അതിന്റെ ചെറിയ വിശദീകരണത്തിന് ശേഷം വളരെ ഗാംഭീര്യമായ ശബ്ദത്തിൽ ഞാൻ പറഞ്ഞു, എന്റെ രണ്ടാമത്തെ സന്ദേശം നിങ്ങൾക്കെല്ലാവർക്കും ഉള്ളതാണ്. അഥവാ നിങ്ങൾ സത്യക്രിസ്ത്യാനി ആകാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഹദ്റത് മൂസാ (അ) ന്റെ ഈ പ്രവചനത്തിൽ വിശ്വ



സിച്ചു കൊണ്ട് ഇസ്‌ലാംമത സ്ഥാപകന്റെ പതാകയ്ക്കു കീഴിൽ അണിനിരക്കുക. അവസാനത്തിൽ അവരെ അത്ഭുതപ്പെടുത്തുന്ന ഒരു വിവരണം ഞാനവർക്ക് നൽകിക്കൊണ്ട് പറഞ്ഞു, ക്രിസ്ത്യൻ സകോളറും മതനേതാക്കന്മാരും ഈ പ്രവചനമനുസരിച്ച് മുസ്‌ലിംകൾ ആകുന്നതിനു പകരം അവർ ബൈബിളിന്റെ പുതിയ എഡിഷനിൽ പതിനായിരം എന്നതിന് പകരം ലക്ഷക്കണക്കിന് എന്നാക്കിയിരിക്കുന്നു. എന്റെ കയ്യിലുള്ള ഒരു എഡിഷനിൽ ആ വചനം മുഴുവനായും തന്നെ വെട്ടിമാറ്റിയിരിക്കുന്നു. അതിനു ശേഷം ചോദ്യോത്തര സദസ്സായിരുന്നു. എന്നാൽ അന്നേരം എല്ലാവരിലും നിശബ്ദത പരന്നിരുന്നു. അതുകണ്ട് കോളേജിലെ സ്റ്റാഫ് എനിക്ക് നന്ദി പറയുകയും എനിക്കും പരിഭാഷകനും ഊഷ്മളമായ യാത്രയയപ്പ് നൽകുകയും ചെയ്തു.


*(ദിൽചസ്പ് ഇൽമീ വാഖിആത്ത് വ മുശാഹിദാത്ത്)*

**ഹദ്റത് അഹ്മദ്(അ) പറയുന്നു:**

ഇത് മസീഹിന്റെ കാലം തന്നെയാണ്. മറ്റാരുടേതും അല്ല. ഞാൻ വന്നില്ലായിരുന്നുവെങ്കിൽ മറ്റാരെങ്കിലും നിയോഗിക്കപ്പെടുമായിരുന്നു.

(ദുർറെ സമീൻ)



# ലൗകാനൽ ഈമാനു ഇൻദസ്സുറയ്യ ലനാലഹു റജുലുൻ മിൻ ഹാഉലാഉ

നബി തിരുമേനി (സ) പറഞ്ഞു:

*ലൗകാനൽ ഈമാനു ഇൻദസ്സുറയ്യ*
*ലനാലഹു റജുലുൻ മിൻ ഹാഉലാഉ*

ഇവിടെ വിശ്വാസം എന്നാൽ സുറയ്യയിൽ തൂങ്ങിക്കിടക്കുന്ന സഞ്ചിയല്ല. അല്ലെങ്കിൽ സുറയ്യ എന്നാൽ വിശ്വാസത്തെ സുരക്ഷിതമായി വെക്കാൻ പറ്റിയ ഏതെങ്കിലും ബേങ്കിന്റെ ലോക്കറല്ല. ഇതൊരു സദൃശ്യ വചനമാകുന്നു. ആലങ്കാരിക ഭാഷയാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. അതിനാൽ സ്വപ്നത്തിൽ ആരെങ്കിലും സുറയ്യായെ കാണുകയാണെങ്കിൽ അതിനെന്ത് വ്യാഖ്യാനമാണ് നൽകാറുള്ളത് എന്നാണ് നാം നോക്കേണ്ടത്.

ഇതിനായി നാം ശേഖ് അബ്ദുൽ ഗനി (റഹ്) യുടെ ഗ്രന്ഥമായ, സ്വപ്ന വ്യാഖ്യാന ലോകത്ത് വിശ്വാസയോഗ്യ ഇസ്‌ലാമിക ഗ്രന്ഥമായ *തഅ്ത്വീറുൽ അനാമി*ൽ നോക്കുമ്പോൾ അതിൽ ഇപ്രകാരം എഴുതിയിരിക്കുന്നതായി കാണാവുന്നതാണ്. *ഹിയ ഫിൽ മനാമി റജ്ലുൻ ഹാസിമുൻ ഫിൽ ഉമൂരി.* അതായത് സുറയ്യ എന്നതുകൊണ്ടുള്ള അർഥം തന്റെ എല്ലാ ജോലികളും വളരെ വ്യവസ്ഥാപിതമായ നിലയിലും വിജയകരമായ നിലയിലും നിർവഹിക്കുന്നവൻ എന്നാണ്.

അത് പോലെ പ്രസിദ്ധ താബിഇയായ ഇബ്നു സീരീൻ തന്റെ ഗ്രന്ഥമായ *മുൻതഖിബുൽ കലാം ഫീ തഫ്സീരിൽ അഹ്ലാമി*ൽ എഴുതുന്നു, സുറയ്യാ എന്നത് കൊണ്ടുള്ള വിവക്ഷ വളരെ സുദൃഢവും സുതാര്യവുമായ അഭിപ്രായമുള്ളതും ഭാവി കാലത്ത് വെളിപ്പെടുന്ന സംഭവങ്ങളെ തന്റെ ആത്മീയ ഉൾക്കാഴ്ചയാൽ കാണുന്ന വ്യക്തിയാകുന്നു.

ഈയർഥത്തിൽ സുറയ്യാ എന്നത് കൊണ്ടുള്ള വിവക്ഷ നബി തിരുമേനി (സ) ആകുന്നു. ആ മഹാത്മാവ് അല്ലാഹുവിനാൽ ഏൽപിക്കപ്പെട്ട എല്ലാ കടമകളെയും ഉത്തമമായ നിലയിൽ പൂർത്തിയാക്കുകയുണ്ടായി. വിജയങ്ങളും സഫലതകളും എന്നു അദ്ദേഹത്തിനോടൊപ്പമായിരുന്നു.

എന്നാൽ ആ മഹാത്മാവിന് എന്നെന്നും ജീവിച്ചിരിക്കാൻ സാധ്യമല്ല. ജനങ്ങൾ പ്രവാചക കാലഘട്ടത്തിൽ നിന്നുള്ള അകൽച്ച കാരണത്താൽ നാനാ വിധത്തിലുള്ള തിന്മകളിൽ അകപ്പെടുകയും ചെയ്യും. പ്രസ്തുത തിന്മകളെ തുടച്ചു നീക്കുന്നതിനായി ഒരു ആകാശീയ മാർഗദർശകന്റെ ആവശ്യമുണ്ടായിരുന്നു. അക്കാരണത്താലാണ് നബി തിരുമേനി (സ) പ്രവചിച്ചത്, ഒരു കാലത്ത് വിശ്വാസം ചുരുണ്ടുകൂടി സുറയ്യയിലേക്ക് എത്തിച്ചേർന്നാൽ തന്നെയും, അതായത് ലോകത്ത് തിന്മ വ്യാപിക്കുകയും വിശ്വാസം നബി(സ) യുടെ വ്യക്തിത്വത്തിൽ മാത്രം പരിമിതപ്പെടുകയും ചെയ്യുമ്പോൾ അല്ലാഹു നബി(സ) യുടെ ആത്മീയ തേജസ് കാരണത്താൽ ഒരു വ്യക്തിയെ ലോകത്തേക്ക് നിയോഗിച്ചയക്കുന്നതാണ്. അദ്ദേഹം നബി (സ) യുടെ അനുഗ്രഹത്തിൽ നിന്നും കാരുണ്യത്തിൽ നിന്നും അംശം കരസ്ഥമാക്കി വിശ്വാസത്തെ ലോകത്ത് സ്ഥാപിക്കുന്നതാണ്. നിഷേധത്തിന്റെ അന്ധകാരത്തെ വിപാടനം ചെയ്യുന്നതുമാണ്.

അക്കാരണത്താലാണ് മസീഹ് മൗഊദിനെയും നബിതിരുമേനി(സ)യുടെ പരിപൂർണ ശിഷ്യൻ എന്ന നിലയിൽ സുറയ്യാ എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്. കാരണം അദ്ദേഹത്തിന്റെ ജോലിയും അന്ധകാരത്തെ ഇല്ലാതാക്കിക്കൊണ്ട് ഇസ്‌ലാമിന്റെ പ്രകാശത്തെ ലോകത്ത് വ്യാപിപ്പിക്കുക എന്നതാണ്.

വിശുദ്ധഖുർആനിൽ അല്ലാഹു മസീഹ് മൗഊദ് (അ) നെ *'അന്നജം'* എന്ന് പറഞ്ഞിരിക്കുന്നു. അതിന്റെ അർഥം സുറയ്യാ എന്നാകുന്നു. നബി തിരുമേനി(സ) *'അസ്ഹാബീ കന്നുജൂമി'* എന്റെ സഹാബാക്കൾ നക്ഷത്രത്തെ പോലെയാണ് എന്നും പറഞ്ഞിട്ടുണ്ട്. ഈ ഹദീസ് വ്യക്തമാക്കുന്നത് മസീഹ് മൗഊദും സഹാബാക്കളിൽ പെട്ടതും നബി (സ) യുടെ ശിഷ്യരിലും ദാസരിലും പെട്ട വ്യക്തിയും ആയിരിക്കും എന്നാണ്.

വാസ്തവത്തിൽ വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിൽ എല്ലാ മഹത്തായതും സുപ്രധാനവുമായ കാര്യങ്ങൾ ആകാശത്തു നിന്നാണ് വെളിപ്പെടുന്നത്. നബി(സ) പറയുന്നു, മഹത്തായ പരിവർത്തനങ്ങൾ സംഭവിക്കാൻ പോകുമ്പോൾ തൽസംബന്ധമായി ആദ്യ തീരുമാനം ആകാശത്താണ് ഉണ്ടാകുന്നത്. പിന്നീടാണ് അത് ഭൂമിയിൽ വെളിപ്പെടുന്നത്. ഹദീസിൽ വളരെ സ്പഷ്ടമായി വന്നിരിക്കുന്നു, അല്ലാഹു മഹത്തായ ഒരു കാര്യം ചെയ്യുമ്പോൾ ആദ്യം അതിനെ സംബന്ധിച്ച് തന്റെ സമീപസ്ഥരായ മലക്കുകൾക്ക് ഞാനിന്നത് ആഗ്രഹിക്കുന്നു എന്ന വിവരം നൽകുന്നു. ആ മലക്കുകൾ അവരുടെ താഴെ തട്ടിലുള്ള മലക്കുകൾക്ക് വിവരം കൈമാറുന്നു. അവർ അവരുടെ താഴെ തട്ടിലുള്ളവർക്ക് വിവരം നൽകുന്നു. അങ്ങനെ അവസാനം അത് ലോകത്ത് വെളിപ്പെടാൻ തുടങ്ങുകയും അല്ലാഹു ആരെ സംബന്ധിച്ചാണോ ആഗ്രഹിക്കുന്നത് അവരുടെ പ്രശസ്തി ലോകത്ത് വ്യാപിപ്പിക്കുകയും ചെയ്യുന്നു. (ബുഖാരി)

ചുരുക്കത്തിൽ എല്ലാ മഹത്തായ കാര്യങ്ങളും ആകാശത്ത് നിന്നാണ് ഉണ്ടാകുന്നത്, ഭൂമിയിൽ നിന്നല്ല. ഭൂമിയിൽ പരിവർത്തനങ്ങൾ ഉണ്ടാകുന്നു എന്ന വിശ്വാസം കേവലം നിരീശ്വരവാദികളുടേതാണ്. ദൈവ വിശ്വാസികൾക്കറിയാം എല്ലാ കാര്യങ്ങളുടെയും തീരുമാനം ആദ്യം ആകാശത്താണ് ഉണ്ടാക്കുന്നത്. പിന്നീട് ഭൂമിയിൽ അത് വെളിപ്പെടുന്നു. അഥവാ നാം ആലങ്കാരിക ഭാഷയിൽ പറയുമ്പോൾ, ലോകത്തെ ഒരു തിയറ്റർ ഹാളായി കണക്കാക്കുകയാണെങ്കിൽ നാടകം ആകാശത്ത് വെച്ച് എഴുതപ്പെടുന്നു. കളി ലോകത്ത് വെച്ച് നടക്കുന്നു. ആകാശത്ത് വെച്ച് നാടകം എഴുതപ്പെടാത്തതു വരെ ഭൂമിയിൽ ആ കളി നടക്കുന്നതല്ല.

ഇത് മനസ്സിലാകാത്തതു കൊണ്ടാണ് മുസ്‌ലിംകൾക്ക് തെറ്റ് സംഭവിച്ചത്. നബി (സ) പറഞ്ഞത് വരേണ്ടുന്ന മസീഹ് ആകാശത്ത് നിന്നിറങ്ങുമെന്നാണ്. വിശുദ്ധഖുർആൻ പറയുന്നത്, *വന്നജ്മി ഇദാ ഹവാ* എന്നാണ്. അതായത് ഒരു നക്ഷത്രം ആകാശത്ത് നിന്നിറങ്ങി അന്ധകാരത്തെ വിപാടനം ചെയ്യുന്നതാണ്. ഇത് തികച്ചും വാസ്തവമാണ്. മുഹമ്മദ് നബി (സ യ്ക്കെതിരിൽ ഇക്കാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ആരോപണങ്ങളെ അകറ്റുന്നതിനായിട്ടാണ് അല്ലാഹു മസീഹ് മൗഊദ് (അ) നെ ആകാശത്ത് നിന്ന് അയച്ചത് എന്ന് നാമും നമ്മുടെ നാവു കൊണ്ട് പറയുന്നുണ്ട്. കാരണം തന്റെ മാതാപിതാക്കളുടെ വീട്ടിൽ ജനിച്ച വ്യക്തി മിർസാ ഗുലാം അഹ്മദ് ഖാദിയാനി ആയിരുന്നു, മസീഹ് മൗഊദ് ആയിരുന്നില്ല. അദ്ദേഹത്തിന് 40 വയസ്സ് പ്രായമായപ്പോൾ അല്ലാഹു അദ്ദേഹത്തെ മസീഹ് മൗഊദ് ആക്കി. അപ്പോൾ അദ്ദേഹം ആകാശത്ത് നിന്നിറങ്ങിയതു പോലെയായി......

യഥാർഥത്തിൽ ലോകത്ത് ഒരു ആത്മീയ വിപ്ലവം സംജാതമാക്കാനുള്ള കെൽപ് ഖാദിയാൻ വാസിയായ മിർസാ ഗുലാം അഹ്മദിനുണ്ടായിരുന്നില്ല. മക്കയിലെയോ അസ്ഹറിലെയോ ഏതെങ്കിലും പണ്ഡിതനോ ഇത്ര വലിയ വഴികേടിന്റെ കാലത്ത് അതിനുള്ള പ്രാപ്തിയില്ല. ഇത് ആകാശത്ത് നിന്ന് ഇറങ്ങുന്നവരാണ് ചെയ്യാറുള്ളത്. മസീഹ് മൗഊദ് ഭൂമിയിലല്ല രൂപം കൊണ്ടത് മറിച്ച്, ആകാശത്ത് നിന്നിറങ്ങിയതാണ്. മാതാപിതാക്കൾ അദ്ദേഹത്തിന്റെ പേര് ഗുലാം അഹ്മദ് എന്ന് വെച്ചു. എന്നാൽ അല്ലാഹു അദ്ദേഹത്തിന്റെ പേര് മസീഹ് എന്നും മഹ്ദി എന്നും വെച്ചു. അതിനാൽ ആകാശത്ത് നിന്ന് വാഗ്ദത്ത മസീഹ് ഇറങ്ങിയെന്ന് നമുക്ക് പറയാൻ കഴിയും, ആകാശത്ത് നിന്ന് വാഗ്ദത്ത മഹ്ദി ഇറങ്ങിയെന്ന് നമുക്ക് പറയാൻ കഴിയും. (സൈറേ റൂഹാനി)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

അൽഹഖ്
വാർത്താപത്രിക
2014 മാർച്ച്
പുസ്തകം 22 ലക്കം 3

യുഗനാദം

ഹദ്റത് അഹ്മദ്(അ)



# നവലോക സൃഷ്ടിപ്പിൽ പങ്കാളികളാകുക

ഇന്നേക്ക് 125 സംവൽസരങ്ങൾക്കു മുമ്പ് അതായത് 1889 മാർച്ച് 23 ന് ഒരു പുതിയ ഭൂമിയുടെയും പുതിയ ആകാശത്തിന്റെയും സൃഷ്ടിപ്പിനുള്ള സമാരംഭം കുറിക്കുകയായിരുന്നു. സമ്പൂർണ മതമായ ഇസ്ലാമിനെ അതിന്റെ അപചയത്തിൽ നിന്നും കരകയറ്റി മുഴുവൻ പ്രത്യയ ശാസ്ത്രങ്ങൾക്കും മതങ്ങൾക്കും മേൽ വിജയിപ്പിക്കുന്നതിനായി അല്ലാഹു നിയോഗിച്ചയച്ച വാഗ്ദത്തം ചെയ്യപ്പെട്ട മഹ്ദിയും മസീഹുമായ ഹദ്റത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) ദൈവ ഇംഗിതമനുസരിച്ച് തന്റെ അനുയായികളിൽ നിന്നും ബയ്അത്ത് അഥവാ അനുസരണ പ്രതിജ്ഞ വാങ്ങിയ ദിവസമായിരുന്നു അത്. അന്ന് ഈയാംപാറ്റകളെ പോലെ അവിടേക്ക് പറന്നെത്തിയ അദ്ദേഹത്തിന്റെ അനുയായികൾ വളരെ ആവേശത്തോടും അനിർവചനീയമായ ആത്മീയ അനുഭൂതികളോടും കൂടി ആ വാഗ്ദത്ത ദൈവ നിയോഗിതന്റെ അനുഗ്രഹീത കൈകളിൽ സ്വയം തങ്ങളെ ദൈവത്തിനായി സമർപ്പിക്കുകയുണ്ടായി.

ദൈവേച്ഛയാൽ രൂപം നൽകിയ ഈ ജമാഅത്തിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവർക്കായി ആ മഹാത്മാവ് 10 നിബന്ധനകളും എഴുതി തയ്യാറാക്കി വിളംബരപ്പെടുത്തിയിരുന്നു. ഒരു യഥാർഥ മുസ്ലിമിന് ഉണ്ടായിരിക്കേണ്ട ഗുണങ്ങളായിരുന്നു അതിൽ പരാമർശിക്കപ്പെട്ടിരുന്ന നിബന്ധനകൾ.

ആ മഹാത്മാവിന്റെ അനുയായികൾ ഏതൊരു ആവേശത്തോടും താൽപര്യത്തോടുമാണോ ബയ്അത്തിനായി തങ്ങളെ സമർപിച്ചത് അതേ ആവേശത്തോടും ആത്മാർഥതയോടും കൂടി പ്രസ്തുത നിബന്ധനകൾ പാലിക്കുന്നതിൽ നിഷ്കർഷത പുലർത്തുകയും ചെയ്തു. അഹ്മദിയ്യത്തിന്റെ ചരിത്രത്തിൽ അതിന് നിരവധി അനുപമമായ മാതൃകകൾ നമുക്ക് കാണാൻ സാധിക്കുന്നതാണ്.

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാം ആ അനുഗ്രഹീത ജമാഅത്തിന്റെ അനുയായികളാണെന്ന് അവകാശപ്പെടുന്നവരാണ്. എന്നാൽ നമ്മുടെ പൂർവികർ തങ്ങളുടെ പ്രതിജ്ഞയെ പാലിക്കാൻ കാണിച്ച പ്രതിബദ്ധത നമ്മിൽ എത്രത്തോളം ഉണ്ട് എന്നത് നാം ഓരോരുത്തരും ആത്മവിശകലനം ചെയ്യുമ്പോൾ ബോധ്യമാകുന്നതാണ്.

കേവലം ബയ്അത്ത് ചെയ്തത് കൊണ്ടോ അല്ലെങ്കിൽ താൻ അഹ്മദിയാണെന്ന് നാവ് കൊണ്ട് ഉരുവിട്ടതു കൊണ്ടോ യഥാർഥ അഹ്മദിയായിത്തീരുന്നതല്ല. ഭയഭക്തിയുടെ മാർഗം അവലംഭിച്ചു കൊണ്ട്, അല്ലാഹു നമുക്ക് നൽകിയിരിക്കുന്ന ഈ അമൂല്യ അനുഗ്രഹത്തെ സ്മരിച്ച് കൊണ്ട് നമ്മുടെ പ്രതിജ്ഞകളെ നാം അയവിറക്കി കൊണ്ടിരിക്കുകയും നമ്മുടെ ജീവിതത്തിൽ അത് സമ്പൂർണമായും പ്രാവർത്തികമാക്കാൻ ശ്രമിക്കുമ്പോഴുമാണ് നാം നമ്മുടെ കടമകൾ പൂർത്തിയാക്കുന്നവരായി മാറുക. അങ്ങനെ നാം പുതിയ ഭൂമിയുടെയും പുതിയ ആകാശത്തിന്റെയും സൃഷ്ടിപ്പിൽ പങ്കാളികളാകാൻ ശ്രമിക്കുക. അപ്പോൾ മാത്രമാണ് നാം കാലത്തിന്റെ ഇമാമിന്റെ സഹായികളായി മാറുക. അല്ലാഹു നമുക്കതിനുള്ള സൗഭാഗ്യം തന്നരുളുമാറാകട്ടെ. ആമീൻ

ടി.എം.അബ്ദുൽ മുജീബ്

## അനുഗ്രഹീതരിൽ അംഗമാകാൻ ശ്രമിക്കുക

സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം എന്ന വചനത്തിൽ അല്ലാഹു ഏതെല്ലാം അനുഗ്രഹീത കക്ഷികളെ സംബന്ധിച്ചാണോ പരാമർശിച്ചിരിക്കുന്നത് അവർ കരസ്ഥമാക്കിയ സവിശേഷതകളെ സ്വായത്തമാക്കുക എന്നതാണ് ഒരോ മനുഷ്യന്റെയും യഥാർഥ ലക്ഷ്യം. നമ്മുടെ ജമാഅത്ത് പ്രത്യേകമായി ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. കാരണം ഈ അവസാന കാലഘട്ടത്തിൽ വിശുദ്ധഖുർആന്റെയും നബിതിരുമേനി (സ) യുടെയും സത്യതയ്ക്കും മഹത്വത്തിനും സാക്ഷികളാകുന്നതിനായി നബി തിരുമേനി (സ) തയ്യാറാക്കിയതു പോലുള്ള ഒരു ജമാഅത്തിനെ സ്ഥാപിക്കുവാനാണ് അല്ലാഹു ആഗ്രഹിക്കുന്നത്. (മൽഫൂസാത്ത്: ഭാഗം1)

## അഹ്മദിയ്യത്തിനെ ഒരു മാതൃകയാക്കാൻ ആഗ്രഹിക്കുന്നു

ജനങ്ങൾ നിങ്ങളെ ബുദ്ധിമുട്ടിക്കുന്നതാണ്. എല്ലാ തരത്തിലും വിഷമിപ്പിക്കുന്നതാണ്. എന്നാൽ നമ്മുടെ ജമാഅത്തിലെ അംഗങ്ങൾ ആവേശം കാണിക്കരുത്. വികാരാവേശത്താൽ മനസിനെ വേദനിപ്പിക്കുന്ന വാക്കുകൾ പറയരുത്. അത്തരക്കാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. നമ്മുടെ ജമാഅത്തിനെ അല്ലാഹു ഒരു മാതൃകയാക്കാൻ ആഗ്രഹിക്കുന്നു. (മൽഫൂസാത്ത്: ഭാഗം1)

## സ്ഥാപന ഉദ്ദേശ്യം

ഇസ്ലാം ശത്രുക്കളുടെ മുഷ്ടിയിൽ അകപ്പെട്ട് നിരാലംബനും അനാഥനുമായ കുട്ടിയെ പോലെ ആയിക്കഴിഞ്ഞ ഈ കാലഘട്ടത്തിൽ പ്രാവർത്തിക സത്യങ്ങളിലൂടെയും ജീവൽ ദൃഷ്ടാന്തങ്ങളിലൂടെയും ഇസ്ലാമിനെ വിജയിപ്പിക്കുന്നതിനായിട്ടാണ് ഈ പ്രസ്ഥാനത്തെ അല്ലാഹു സ്ഥാപിച്ചിരിക്കുന്നത്. (മൽഫൂസാത്ത്: ഭാഗം2)

## അല്ലാഹു ഹൃദയത്തിലേക്കാണ് നോക്കുന്നത്

എല്ലാവരും ഓർത്തു കൊള്ളുക, ചടങ്ങ് എന്ന നിലയിൽ ബയ്അത്ത് ചെയ്യുന്നതോ അല്ലെങ്കിൽ എന്നെ ഇമാമായി മനസ്സിലാക്കുന്നതോ മോക്ഷത്തിനായി ഒരിക്കലും മതിയായതല്ല. കാരണം അല്ലാഹു ഹൃദയത്തിലേക്കാണ് നോക്കുന്നത്. വാക്കുകളിലേക്കല്ല നോക്കുന്നത്. (മൽഫൂസാത്ത്: ഭാഗം3)

## ശയ്ത്വാനുമായുള്ള അന്തിമയുദ്ധം

ഇത് ആത്മീയ പോരാട്ടത്തിന്റെ കാലഘട്ടമാണ്. ശയ്ത്വാനുമായുള്ള യുദ്ധം ആരംഭിച്ചു കഴിഞ്ഞു. ശയ്ത്വാൻ തന്റെ സകല ആയുധങ്ങളോടും വഞ്ചനകളോടും കൂടി ഇസ്ലാമിന്റെ കോട്ടയെ ആക്രമിക്കുകയാണ്. ഇസ്ലാമിനെ പരാജയപ്പെടുത്തുവാൻ അവൻ ആഗ്രഹിക്കുന്നു. എന്നാൽ ശയ്ത്വാനുമായുള്ള ഈ അവസാന യുദ്ധത്തിൽ അല്ലാഹു അവനെ എന്നെന്നേക്കുമായി പരാജയപ്പെടുത്തുന്നതിനായിട്ടാണ് ഈ ജമാഅത്തിനെ സ്ഥാപിച്ചിരിക്കുന്നത്. ഇതിനെ തിരിച്ചറിയുന്നവർ അനുഗ്രഹീതരാകുന്നു. (മൽഫൂസാത്ത്: ഭാഗം3)




സമ്പാ: ടി.അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ

# പ്രവചനം പുലരുന്നു

സയ്യദ് അലി ശാഹ് സാഹിബ് ഇൻസ്പെക്ടർ ബയ്ത്തുൽ ആമദ് പറയുന്നു, ആരംഭത്തിൽ ബയ്അത്ത് ചെയ്യുന്നതിനായി ഖാദിയാനിൽ എത്തിയപ്പോൾ ഹുസൂർ (അ)ന്റെ കയ്യിൽ തന്നെ ബയ്അത്ത് ചെയ്യണം എന്നതായിരുന്നു എന്റെ അഭിലാഷം. നമസ്കാരത്തിന് ശേഷം ബയ്അത്തിനുള്ള സമയം ആയപ്പോൾ വേറെയും ആളുകളും ബയ്അത്തിനായി എത്തിയിരുന്നെങ്കിലും ആദ്യം ബയ്അത്ത് ചെയ്യാനുള്ള സൗഭാഗ്യം എനിക്കാണ് ലഭിച്ചത്. അതിന് ശേഷം ചിലർ തങ്ങളുടെ കവിതകൾ കേൾപ്പിക്കുകയുണ്ടായി. മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബ് തർഗഡിയും തന്റെ 'മസീഹിന്റെ കത്തും അതിനുള്ള മറുപടിയും' എന്ന പഞ്ചാബി കവിത കേൾപ്പിച്ചു. അത് കേട്ട് ഹുസൂറും അനുചരന്മാരും വളരെ നേരം ചിരിച്ചു. എന്നിട്ട് ഹുസൂർ പറഞ്ഞു, ഇത് പ്രസിദ്ധീകരിക്കുക. രണ്ടു മൂന്ന് ദിവസത്തെ അനുഗ്രഹീത സഹവാസത്തിന് ശേഷം ഞാൻ ഹുസൂറിനോട് വീട്ടിലേക്ക് മടങ്ങുന്നതിനുള്ള അനുമതി തേടി. ഹുസൂർ പറഞ്ഞു, അല്പം കഴിയട്ടെ. രണ്ടു മൂന്ന് ദിവസത്തിന് ശേഷം വീണ്ടും ചോദിച്ചപ്പോഴും അല്പം കഴിയട്ടെ എന്ന മറുപടിയാണ് ലഭിച്ചത്. മൂന്നാമത്തെ തവണ അനുമതിക്കായി ചോദിച്ചപ്പോൾ ഹുസൂർ പറഞ്ഞു, ഇനി താങ്കൾക്ക് പോകാവുന്നതാണ്. ഞാൻ പറഞ്ഞു, ഹുസൂർ ഹോശിയാർപൂർ ജില്ലയിലെ കാറ്ഗഡ് ഗ്രാമത്തിൽ അഹ്മദിയായി ഞാൻ ഒരാൾ മാത്രമെയുള്ളു. അതിനു ചുറ്റും കിലോമീറ്ററുകളോളം അഹ്മദികളായി ആരും തന്നെ ഇല്ല. മാത്രമല്ല ഞങ്ങളുടെ സയ്യദ് കുടുംബത്തിലെ ഒരു അമ്മാവൻ ഈ പരിശുദ്ധപ്രസ്ഥാനത്തിന്റെ കൊടിയ ശത്രു കൂടിയാണ്. ആയതിനാൽ തിരുമനസ് ദുആ ചെയ്താലും. പറഞ്ഞു, അല്ലാഹു ഒരിക്കലും താങ്കളെ തനിച്ചാക്കുകയില്ല. അങ്ങനെ മെല്ലെ മെല്ലെ ആളുകൾ അഹ്മദിയ്യത്തിൽ പ്രവേശിക്കാൻ തുടങ്ങി. ഇപ്പോൾ കാറ്ഗഡിൽ വലിയൊരു ജമാഅത്ത് തന്നെയുണ്ട്.

# ഹുസൂറിന്റെ പ്രശംസ

ഫൈസുല്ലാഹ് ചെക്ക് നിവാസിയായ ഹാ ഫിസ് നബി ബഖ്ശ് സാഹിബ് പറയുന്നു, ഒരിക്കൽ ഹദ്റത് മസീഹ് മൗഊദ് (അ) തന്റെ തോട്ടത്തിലേക്ക് സവാരിക്കായി പോയി. ആ സമയത്ത് അദ്ദേഹത്തിന്റെ കയ്യിൽ ഒരു വടി ഉണ്ടായിരുന്നു. ഒരു മരത്തിൽ നിന്നും പഴം എറിഞ്ഞ് ചാടിക്കാൻ നോക്കിയപ്പോൾ വടി മരത്തിൽ ഉടക്കി നിന്നു. എത്ര പരിശ്രമിച്ചിട്ടും അത് എടുക്കുവാൻ സാധിച്ചില്ല. സഹാബാക്കൾ പല രീതിയിലും നോക്കിയെങ്കിലും വിജയിച്ചില്ല. ഹുസൂർ ഞാൻ മരത്തിൽ കയറി എടുക്കാം എന്ന് പറഞ്ഞ് ഞാൻ ഉടൻ തന്നെ മരത്തിൽ കയറി വടി എടുത്തു. ഹുസൂറിന് വളരെ സന്തോഷവും ആശ്ചര്യവും തോന്നി. വീണ്ടും വീണ്ടും സന്തോഷം തുളുമ്പുള്ള വാക്കുകളാൽ എന്നോട് പറഞ്ഞു, മിയാൻ നബി ബഖ്ശ് സാഹിബ് താങ്കൾ ഇത്ര വേഗത്തിൽ മരത്തിൽ കയറി വടി എടുക്കുന്നതിൽ മികവ് കാണിച്ചിരിക്കുന്നു. എങ്ങിനെയാണ് മരത്തിൽ കയറാൻ പഠിച്ചതും, മരത്തിൽ കയറിയതും? ഈ വടി എന്റെ പിതാവിന്റെ കാലം മുതൽക്കുള്ളതാണ്. ഇന്ന് നിങ്ങൾ ഇതെനിക്ക് പുതിയതായിട്ടാണ് നൽകിയിരിക്കുന്നത്. ഹുസൂർ തിരുമനസ് മടക്കയാത്രയിലും മിയാൻ നബി ബഖ്ശ് മരത്തിൽ കയറി വടി എടുക്കുന്നതിൽ മികവ് കാണിച്ചിരിക്കുന്നു എന്ന് ആവർത്തിച്ചു കൊണ്ടിരുന്നു. (സീറത്തുൽ മഹ്ദി: ഭാഗം 1)

# ആത്മീയജ്ഞാനത്തിന്റെ ഖജനാവ്

**ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)**

**അല്ലാഹു ഹദ്റത് നബിതിരുമേനി (സ) യെ ആത്മീയജ്ഞാനത്തിന്റെ ഒരു ഖജനാവുമായിട്ടാണ് ഈ ലോകത്തേക്ക് അയച്ചിട്ടുള്ളത്. നബി(സ)യുടെ നിയോഗത്തിന് ശേഷം മറ്റാരുടെ പക്കലും ഈ ഖജനാവെന്നല്ല ഇതിന്റെ നിസാര അംശം പോലും ശേഷിക്കുന്നതില്ല. ഈ ശ്രേഷ്ഠതയുടെ താക്കോൽ നബിതിരുമേനി (സ)യ്ക്കാണ് നൽകിയിരിക്കുന്നത്. ആ താഴിനു മേൽ അല്ലാഹുവിന്റെ മലക്കുകളുടെ കാവലുണ്ട്. ആർക്കെങ്കിലും ഈ ഖജനാവിൽ പ്രവേശിച്ചു കൊണ്ട് അതിൽ നിന്ന് ഒരംശം കരസ്ഥമാക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ അതിന്നായി ആദ്യം മുഹമ്മദ് നബി(സ) യിൽ നിന്ന് അതിന്റെ താക്കോൽ കരസ്ഥമാക്കേണ്ടത് അനിവാര്യമാകുന്നു. എങ്കിൽ മാത്രമെ ആ ഖജനാവിൽ പ്രവേശിക്കുവാൻ സാധിക്കുകയുള്ളു. നബി(സ) യ്ക്ക് നൽകിയിരിക്കുന്ന ഈ ഖജനാവിന്റെ താക്കോലിന്റെ പേര് ' ഉസ്വയെ ഹസന' എന്നാകുന്നു. ഈ താക്കോലിലൂടെ മാത്രമെ ആത്മീയജ്ഞാനത്തിന്റെ ഖജനാവുകൾ തുറക്കപ്പെടുകയുള്ളു.**

**(ഖുത്വുബ ജുമുഅ; 23.08.1968)**

പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങൾ

അസ്ഹാബീ കന്നുജൂമി
ബിഅയ്യിഹും ഇഖ്തദയ്തും ഇഹ്തദയ്തും
എന്റെ സഹാബാക്കൾ നക്ഷത്രങ്ങൾ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിന്തു ടർന്നാലും സന്മാർഗ്ഗം പ്രാപിക്കുന്നതാണ്. (ഹദീസ് മിശ്ക്കാത്ത്)

# ഹദ്റത് അനസ് (റ) ഇബ്നു മാലിക്

**വംശാവലി:** മദീനയിലെ ബനൂ നജ്ജാറാണ് അദ്ദേഹത്തിന്റെ ഗോത്രം. വംശാവലി പ്രവാചക കുടുംബത്തിലേക്കെത്തുന്നു. മാതാവ് ഉമ്മെ സലീം(റ) നബി (സ) തിരുമേനിയുടെ ബന്ധുവായിരുന്നു. മദീന ഹിജ്റത്തിന് 10 വർഷം മുമ്പാണ് അദ്ദേഹം ജനിച്ചത്. പിതാവ് തന്റെ ഭാര്യ ഇസ്ലാം സ്വീകരിച്ചപ്പോൾ സഹിക്കാൻ കഴിയാതെ ശാമിലേക്ക് പോകുകയും അവിടെ തന്നെ മരിക്കുകയും ചെയ്തു.

**സൗഭാഗ്യവാനായ കുട്ടി**

നബി തിരുമേനി (സ) മദീനയിലേക്ക് വന്നപ്പോൾ *"ജാഅ റസൂലുല്ലാഹ്"* എന്ന് സന്തോഷാധിക്യത്താൽ മുദ്രാവാക്യം വിളിച്ച സൗഭാഗ്യവാന്മാരിൽ പെട്ട കുട്ടിയായിരുന്നു അദ്ദേഹം.

**റസൂലിന്റെ സേവകൻ**

ഹുസൂർ ഈ കുട്ടി അനസ് താങ്കളുടെ സേവകനാണ് എന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ മാതാവ് അദ്ദേഹത്തെ നബി (സ)യുടെ തൃപാദങ്ങളിൽ സമർപ്പിച്ചത് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും അനുഗ്രഹീതമായ സന്ദർഭമായിരുന്നു. അങ്ങനെ അദ്ദേഹം റസൂലിന്റെ സേവകൻ എന്ന സ്ഥാനപ്പേരിൽ അറിയപ്പെടാൻ തുടങ്ങി.

**ഉത്തമ സേവകൻ**

അദ്ദേഹം പ്രവാചക സേവനത്തിന്റെ എല്ലാ കടമകളും ഏറ്റവും ഉത്തമമായ നിലയിൽ പൂർത്തിയാക്കിയിരുന്നു. സുബ്ഹിക്ക് മുമ്പായി തന്നെ നബി സമക്ഷത്തിൽ സന്നിഹിതനാകുമായിരുന്നു. ഹുസൂറിനായി വുളുവിനുള്ള വെള്ളം ഒരുക്കുമായിരുന്നു. ഉച്ചക്ക് വീട്ടിലെത്തിയാൽ വീണ്ടും പ്രവാചക സവിധത്തിൽ ഹാജരാകുമായിരുന്നു. നബി(സ) യുടെ വീടുകളിൽ വന്നു പോകുമായിരുന്നു. എല്ലാ ആവശ്യങ്ങളും പൂർത്തിയാക്കി കൊടുക്കുമായിരുന്നു. നബി (സ)യുടെ മരണം വരെ അദ്ദേഹം തന്റെ കടമ ഉത്തമമായ നിലയിൽ നിർവഹിച്ചു കൊണ്ടിരുന്നു. തൽഫലമായി നബി (സ) അദ്ദേഹത്തിനായി ഇങ്ങനെ ദുആ ചെയ്തിരുന്നു, അല്ലാഹുവെ! അനസിന്റെ സമ്പത്തിലും സന്താനങ്ങളിലും നീ അനുഗ്രഹം ചൊരിയേണമെ. നീ അവന് നൽകുന്നതിലും അനുഗ്രഹം ചൊരിയേണമെ. അദ്ദേഹത്തെ സ്വർഗത്തിൽ പ്രവേശിപ്പിക്കേണമെ.

ഈ ദുആ അദ്ദേഹത്തിന്റെ ജീവിതത്തിൽ തന്നെ പുലർന്നതായി ദർശിച്ചിരുന്നു.

അദ്ദേഹത്തിന്റെ തോട്ടം വർഷത്തിൽ രണ്ടു പ്രാവശ്യം ഫലം നൽകിയിരുന്നു. അദ്ദേഹത്തിന്റെ സന്താന പരമ്പര അദ്ദേഹത്തിന്റെ ജീവിത കാലത്തു തന്നെ നൂറിലധികമായിരുന്നു.

**മറ്റ് സേവനങ്ങൾ**

ഹദ്റത് അനസ്(റ) നബി (സ) തിരുമേനിയുടെ ജീവിതകാലത്ത് സേവകനെന്ന നിലയിൽ എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തിരുന്നു. നബി(സ) വഫാത്തിന് ശേഷം ഖലീഫമാരോടൊത്തും പരിപൂർണ അനുസരണത്തിന്റെ മാതൃകയാണ് കാണിച്ചിരുന്നത്. ഹദ്റത് അബൂബക്കർ(റ) അദ്ദേഹത്തെ ബഹ്റൈനിൽ നിന്ന് സദഖ പിരിക്കുന്നതിനുള്ള ഉദ്യോഗസ്ഥനായി നിയമിച്ചു. ഹദ്റത് ഉമർ(റ) തന്റെ കാലഘട്ടത്തിൽ ദീനിജ്ഞാനം പഠിപ്പിക്കുന്നതിനായി അദ്ദേഹത്തെ നിയമിച്ചു. കൂടാതെ ഖലീഫമാരുടെ കാലത്തുണ്ടായ എല്ലാ യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുത്തിരുന്നു. പിന്നീട് അദ്ദേഹം ബസ്റയിൽ സ്ഥിരതാമസമാക്കി. കലാപകാലഘട്ടത്തിൽ അദ്ദേഹം എല്ലാ പ്രശ്നങ്ങളിൽ നിന്നും ഒഴിഞ്ഞ് നിന്നു.

**നബി (സ) യോടുള്ള അനുരക്തി**

ഹദ്റത് അനസ് (റ) ന് നബി തിരുമേനി (സ) യോട് അതിയായ സ്നേഹമായിരുന്നു. നബി (സ) യുടെ ഒരു വടി അദ്ദേഹത്തിന്റെ പക്കൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ വസിയ്യത്തനുസരിച്ച് അദ്ദേഹത്തോടൊപ്പം തന്നെ അതും ഖബറിൽ അടക്കം ചെയ്തു. നബി (സ) യുടെ വഫാത്തിന് ശേഷം അദ്ദേഹം വളരെ ദുഖിതനായാണ് കഴിഞ്ഞിരുന്നത്. പലപ്പോഴും അദ്ദേഹം സ്വപ്നത്തിൽ തന്റെ യജമാനനെ ദർശിക്കുകയും സംസാരിക്കുകയും ചെയ്യുമായിരുന്നു. നബി(സ) യുടെ തിരുചര്യകളെ വളരെ ആദരവോടെ പിൻപറ്റുമായിരുന്നു. ഹദ്റത് അബൂഹുറയ്റ(റ) പറയുന്നു, (അനസ്) ഇബ് നു സലീമിനേക്കാൾ ഉത്തമമായി നബി(സ) യുടെ നമസ്കാരത്തെ അനുകരിക്കുന്ന ആരെയും ഞാൻ കണ്ടിട്ടില്ല. പത്തു വർഷമാണ് അദ്ദേഹം നബി(സ) യെ സേവിച്ചത്. നബി(സ) അദ്ദേഹത്തെ മകൻ എന്നും അനീസ് എന്നും വിളിച്ചിരുന്നു. ചിലപ്പോൾ സ്നേഹത്താൽ രണ്ടു ചെവിയുള്ളവനെ എന്നും വിളിച്ചിരുന്നു.

**സ്വീകരിക്കപ്പെടുന്ന ദുആ**

ഒരിക്കൽ വേനൽക്കാലത്ത് അദ്ദേഹത്തിന്റെ കൃഷിയിടങ്ങളുടെ മേൽനോട്ടക്കാരൻ അദ്ദേഹത്തോട് പറഞ്ഞു, ഭൂമി വളരെ ഉണങ്ങി വരണ്ടിരിക്കുകയാണ്. ഉടൻ അദ്ദേഹം പുറത്തിറങ്ങി വുളുവെടുത്ത് രണ്ട് റകഅത്ത് നഫൽ നമസ്കരിച്ചു ദുആ ചെയ്തു. ഉടൻ ആകാശത്ത് മഴമേഘങ്ങൾ പ്രത്യക്ഷപ്പെടുകയും ശക്തമായ മഴ വർഷിക്കുകയും ചെയ്തു.

**വൈജ്ഞാനിക സേവനങ്ങൾ**

വളരെയധികം ഹദീസുകൾ അദ്ദേഹം രിവായത്ത് ചെയ്തിട്ടുണ്ട്. ധാരാളം താബിഈങ്ങൾ അദ്ദേഹത്തിൽ നിന്നും രിവായത്ത് ചെയ്യുന്നുണ്ട്. ആയിരക്കണക്കിന് നിവേദനങ്ങളാണ് അദ്ദേഹത്തിന്റെതായിട്ടുള്ളത്. ബുഖാരിയിൽ 80 ഹദീസുകൾ അദ്ദേഹത്തിൽ നിന്നും നിവേദനം ചെയ്തതുണ്ട്. സഹീഹ് മുസ്ലിമിൽ 70 ഉം. അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ഹസൻ ബസ്വരി, സഈദിബ്നു ജബീർ, യഹ്യ ഇബ്നു സഈദ് എന്നിവർ പ്രശസ്തരാണ്. വളരെയധികം സൂക്ഷ്മതയോടു കൂടിയായിരുന്നു അദ്ദേഹം ഹദീസ് രിവായത്ത് ചെയ്തിരു ന്നത്. രിവായത്ത് ചെയ്യുമ്പോൾ ഭയത്തോടു കൂടിയായിരുന്നു ചെയ്തിരുന്നത്. ഹദീസ് കൂടാതെ കർമശാസ്ത്രപരമായ വിജ്ഞാനങ്ങളിലും അദ്ദേഹത്തിന് ഒരു പ്രത്യേക സ്ഥാനമുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ സംസാരം വളരെ സുതാര്യമായിരുന്നു. പൊതുവായി അദ്ദേഹം സുഗന്ധം ഉപയോഗിച്ചിരുന്നു. അമ്പെയ്ത്തിൽ വിദഗ്ദ്നായിരുന്നു. സ്വന്തം മക്കളിൽ അമ്പെയ്ത്ത് മൽസരം നടത്തുമായിരുന്നു. ബസ്വറയിലുള്ള ഏറ്റവും അവസാനത്തെ സഹാബിയും അദ്ദേഹമായിരുന്നു.

**വഫാത്ത്**

ഇസ്ലാമിന്റെ തിളങ്ങുന്ന സൂര്യനിൽ നിന്ന് നേരിട്ട് അനുഗ്രഹങ്ങൾ കരസ്ഥമാക്കിയ ഈ തിളങ്ങുന്ന നക്ഷത്രം 110 വർഷങ്ങളോളം ഒരു ലോകത്തിന് പ്രകാശം നൽകിയ ശേഷമാണ് ഇസ്ലാമിന്റെ ആകാശത്ത് നിന്നും അസ്തമിക്കുന്നത്. ബസ്വറയിൽ നിന്നും 6 മൈലുകൾക്കപ്പുറത്തുള്ള ത്വഫ് എന്ന സ്ഥലത്തു വെച്ചാണ് അദ്ദേഹം വഫാത്തായത്. അവിടെ തന്നെ ഖബറടക്കപ്പെടുകയും ചെയ്തു.

- ഇബ്നു അശ്റഫ്




# കുട്ടികളോട് ഉപദേശം

## ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)



*അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹു വഹ് ദഹൂ ലാ ശരീക ലഹൂ വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹൂ വ റസൂലുഹൂ. അമ്മാ ബഅ്ദ്*

കുട്ടികളെ! ഞാനെന്താണ് പാരായണം ചെയ്തതെന്ന് നിങ്ങൾക്കറിയുമോ? ഇസ്‌ലാമിന്റെ ആരംഭത്തിൽ തന്നെ പഠിപ്പിച്ചിരുന്ന വചനമാണ് ഇത്. ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർ റസൂലുല്ലാഹ് എന്നതിന്റെ അർഥമെന്താണെന്ന് അറിയാമൊ? അല്ലാഹുവല്ലാതെ യഥാർഥ അനുസരണയോഗ്യൻ മറ്റാരുമില്ല. അവനെ അനുസരിക്കുവാനായി പഠിപ്പിച്ച മുഹമ്മദ് മുസ്തഫാ അഹ്മദ് മുജ് തബാ (സ) ആദ്യമായി ലോകത്തേക്ക് വന്ന മുൻ തലമുറയിലും പിൻതലമുറയിലും അതുല്യനായ വ്യക്തിത്വമാകുന്നു. അദ്ദേഹം അല്ലാഹുവിന്റെ ദൂതനാകുന്നു. കാരണം അദ്ദേഹം അല്ലാഹുവിനാൽ അയക്കപ്പെട്ടവനാകുന്നു. അവനെ അനുസരിക്കുന്നതിനു ള്ള മാർഗം പഠിപ്പിക്കുന്നു. അദ്ദേഹം അല്ലാഹുവിൽ നിന്നും കൊണ്ടു വന്ന മുഴുവൻ കല്പനകളുടെയും സമാഹാരത്തെ വിശുദ്ധഖുർആൻ എന്നു പറയുന്നു.

അതിനാൽ മനുഷ്യൻ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയുന്നതു മുതൽ അല്ലാഹുവല്ലാതെ മറ്റാരെയും യഥാർഥത്തിൽ അനുസരിക്കരുത് എന്നത് അവന്റെ കടമയായിത്തീരുന്നു. അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി മുഹമ്മദ് റസൂലുല്ലാഹ് (സ) ൽ നിന്നും വിശുദ്ധ ഖുർആനിൽ നിന്നും അഭിപ്രായം തേടുക. തങ്ങളുടെ സകല ആവശ്യങ്ങളെയും പൂർത്തിയാക്കുന്നവൻ അവൻ തന്നെയാണ് എന്ന് കരുതി എല്ലാ അവസ്ഥയിലും അവനോട് തന്നെ സഹായമർഥിക്കുക. കാരണം മുഹമ്മദ് (സ) യെ റസൂലാക്കുകയും തന്റെ കല്പനകളുടെ സമാഹാരമായ വിശുദ്ധഖുർആൻ അദ്ദേഹത്തിന് നൽകി ലോകത്തിന്റെ മാർഗദർശനത്തിനായി അയച്ച അല്ലാഹു സർവശക്തിമാനും, എല്ലാത്തിനും കഴിവുള്ളവനും ആകുന്നു. അവൻ തന്നെയാണ് സമയാസമയങ്ങളിൽ നിങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാക്കാനായി നിങ്ങൾ ഉപയോഗിക്കുന്ന വായുവിനെയും ജലത്തിനെയും സൃഷ്ടിച്ചത്.

പ്രപഞ്ചത്തിലെ അൽഭുതങ്ങൾ ദർശിക്കുന്നതിനായി നിങ്ങൾക്ക് കണ്ണുകൾ നൽകിയത് അവനാണ്. കേൾക്കുന്നതിനായി കാതുകൾ നൽകി. കൂടാതെ നിങ്ങൾ വിവിധ രീതിയിൽ പ്രയോജനപ്പെടുത്തുന്ന നിങ്ങളുടെ മറ്റ് അവയവങ്ങളും അവൻ നൽകിയതാണ്.

ഇനി ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർ റസൂലുല്ലാഹ് എന്ന് ഏറ്റ് പറയുന്നവർ അംഗീകരിക്കുന്ന അല്ലാഹു എത്ര ശക്തിമാനാണെന്നും എത്ര മഹാനായ രാജാധിപനാണെന്നുമുള്ളത് ഈ അനുഗ്രഹങ്ങളിലും ഉപഹാരങ്ങളിലും ചിന്തിച്ച് മനസ്സിലാക്കുക.

യഥാർഥത്തിൽ ജനിക്കുന്ന, മറിച്ച് രേതസ്കരണമായിരിക്കുന്ന അവസ്ഥയിൽ നിന്ന് തുട ങ്ങി ഈ ലോകത്ത് നിന്ന് വിട പറയുന്നതു വരെയും പിന്നീട് അതിനു ശേഷമുള്ള അനശ്വരമായ കാലഘട്ടത്തിലും മനുഷ്യന് നേരിടേണ്ടി വരുന്ന എല്ലാ ആവശ്യങ്ങളെയും പൂർത്തിയാക്കുന്ന ദൈവത്തെയാണ് മനുഷ്യന് ആവശ്യം. അത്തരത്തിലുള്ള ദൈവമില്ലാതെ മനുഷ്യന് ഭൂമിയിൽ കഴിയുക അസാധ്യമാണ്. പരലോകത്തും മറ്റൊരു പോംവഴിയുമില്ല.

സർവശക്തനും, പരിപാലകനും, കരുണാമയനും, പരമകാരുണികനും, വിധിനാളിന്റെ ഉടമസ്ഥനുമായ ദൈവത്തെ ഇസ്‌ലാമിക അദ്ധ്യാപനങ്ങളിലല്ലാതെ മറ്റെവിടെയും ലഭിക്കുന്നതല്ല. അതാണ് ലാഇലാഹ ഇല്ലല്ലാഹ് എന്നതിൽ പരാമർശിക്കുന്ന അല്ലാഹു നമുക്കാവശ്യമുള്ള, നമ്മെ പരിപാലിക്കുന്ന അല്ലാഹുവിനെ നമുക്ക് ലഭിച്ചതിനാൽ ഇനി അവൻ പറയുന്നതിനനുസരിച്ചാണ് നാം പ്രവർത്തിക്കേണ്ടത്. എങ്കിൽ മാത്രമെ അവന്റെ അനുസരണയിലൂടെ ഈ ലോകത്തെ രാജാക്കന്മാരെക്കാൾ ഉന്നതനായ സമാനതകളില്ലാത്ത മഹത്വമുടയവനായ രാജാവിന്റെ കാരുണ്യത്തിന്റെ അവകാശികളാകാൻ സാധിക്കുകയുള്ളു. ഓരോ കാര്യങ്ങളിലും അവന്റെ പരിശുദ്ധ വചനങ്ങളിൽ നിന്നും അവന്റെ ദൂതനിൽ നിന്നും അഭിപ്രായം തേടുക. കാരണം അവന് മാത്രമാണ് നമ്മുടെ ബാല്യത്തിലെയും, വാർദ്ധക്യത്തിലെയും പരലോകത്തിലെയും ആവശ്യങ്ങളെ കുറിച്ചുള്ള അറിവുള്ളതും അത് പൂർത്തിയാക്കി തരാനുള്ള കഴിവുള്ളതും.

ഇപ്പോഴുള്ള അവസ്ഥയിൽ നിങ്ങൾക്ക് എന്ത് അഭിപ്രായത്തിന്റെ ആവശ്യമാണുള്ളത്? ഇത് നിങ്ങളുടെ കുട്ടിക്കാലമാണ്.അപ്പോൾ അതിനനുഗുണമായ അഭിപ്രായമാണ് ആവശ്യം. അതിനാൽ ഞാൻ നിങ്ങൾക്ക് വിശുദ്ധഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഒരു കുട്ടിയുടെ കഥ കേൾപ്പിക്കാം.

യൂസുഫ് എന്നു പേരുള്ള ഒരു കുട്ടിക്ക്11 സഹോദരന്മാരുണ്ടായിരുന്നു. അവർ വളരെ ശക്തരായിരുന്നുവെന്ന് മനസ്സിലാകുന്നു. കാരണം അവർ അവനെ പുറത്തു കൊണ്ടു പോകുന്നതിനായി പിതാവിനോട് അനുമതി ചോദിച്ചപ്പോൾ ആ കുട്ടിയുടെ ദൗർബല്യത്തെ പരിഗണിച്ചു കൊണ്ട് പറഞ്ഞു, അവനെ ഏതെങ്കിലും ചെന്നായ പിടിച്ചു തിന്നുമെന്ന് ഞാൻ ഭയപ്പെടുന്നു. മറ്റ് സഹോദരന്മാരെ ചെന്നായ പിടിച്ചു തിന്നുമെന്ന് ഭയപ്പെട്ടില്ല. കാരണം അവർ ശക്തരും വിവേകികളുമായിരുന്നു. നഹ്നു ഉസ്ബത്തൻ അതായത് ഞങ്ങൾ ഒരു ശക്തമായ സംഘമാണ് എന്ന അവരുടെ മറുപടിയും അത് വ്യക്തമാക്കുന്നു.

എന്തായാലും അവർ പല മാർഗങ്ങളും ഉപയോഗിച്ച് അവസാനം അവനെ പിതാവിൽ നിന്ന് അകറ്റി കാട്ടിലേക്ക് കൊണ്ടുപോയി ഏതോ പൊട്ടക്കിണറ്റിലേക്ക് എറിഞ്ഞു. (കുട്ടികളെ ചിന്തിക്കുക. അതും നിങ്ങളെ പോലെയുള്ള ഒരു കുട്ടി തന്നെയായിരുന്നു. അവന്റെ കാര്യമാണ് ഞാൻ കേൾപ്പിക്കുന്നത്) അല്ലാഹു ആഗ്രഹിക്കുന്ന രീതിയിൽ തന്നെ അവനെ കിണറ്റിൽ തന്നെ വെച്ചു. കുറച്ച് നാളുകൾക്ക് ശേഷം ഒരു കച്ചവട സംഘം അവിടെ എത്തിപ്പെട്ടു. സംഘം യൂസുഫിനെ കിണറ്റിൽ നിന്നും രക്ഷപ്പെടുത്തി തങ്ങളോടൊപ്പം കൂട്ടി. പിന്നീട് ദൂരെയുള്ള ഒരു പട്ടണമായ മിസ്റിൽ കൊണ്ടു പോയി അവനെ ഏതോ അമീറിന് അല്പം കാശിന് വിറ്റു. അവനെ സംബന്ധിച്ച് അല്പം പോലും ചിന്തിച്ചില്ല.

മാതാപിതാക്കളുമായി അല്പനേരം പോലും പിരിഞ്ഞിരിക്കാൻ ആഗ്രഹിക്കാത്ത പ്രായത്തിലുള്ള ആ കുട്ടിയെ നിർദയമായി മാതാപിതാക്കളിൽ നിന്ന് വേർപെടുത്തുകയും, രാജ്യത്ത് നിന്ന് പുറത്താക്കുകയും ചെയ്ത കുട്ടിയെകുറിച്ച് ചിന്തിക്കുക. അവിടത്തെ ഭാഷ അല്പം പോലും മനസ്സിലാകില്ല. അവന് എല്ലാ മനുഷ്യരും മൃഗങ്ങളെ പോലെ ആയിരിക്കും. പ്രത്യക്ഷത്തിൽ ഒരു സഹായിയും, ആശ്വാസം നൽകുന്നവനും, വിഷമം അകറ്റുന്നവനും ഇല്ലാത്ത ഒരു സ്ഥലത്തേക്ക് അവനെ അയച്ചു.

(പ്രഭാഷണം: ജൽസ അഞ്ചുമൻ ഹംദർദാനെ ഇസ്‌ലാം, ഖാദിയാൻ)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

പുണ്യാത്മാക്കൾ

# ഹദ്റത് മിയാൻ അല്ലാഹ് ബഖ്ശ് സാഹിബ് (റ)

**പിതാവ്:** ഹദ്റത് മായാൻ ഗുലാം റസൂൽ സാഹിബ്(റ) സഹാബി ഹദ്റത് മസീഹ് മൗഊദ് (അ).

**ജനനം:** 1893 ൽ ഗുജറൻവാലയിൽ ജനിച്ചു. അവിടെ തന്നെ പ്രാഥമിക വിദ്യാഭ്യാസം കരസ്ഥമാക്കി. പിന്നീട് പത്താം ക്ലാസ് പാസായതിനു ശേഷം തപാൽ വിഭാഗത്തിൽ ജോലി സ്വീകരിച്ചു.

**സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ**

മരി എന്ന സ്ഥലത്തായിരുന്നു ജോലിയുടെ മിക്കവാറും കാലങ്ങൾ കഴിച്ചു കൂട്ടിയത്. 1947 ൽ ജി,പി.ഒ മരിയിൽ നിന്നും പോസ്റ്റ്മാസ്റ്റർ പദവിയിൽ നിന്നും വിരമിച്ചു. പിന്നീട് റാവൽപിണ്ഡിയിൽ സ്ഥിരതാമസം ആരംഭിച്ചു.

**മസീഹ് മൗഊദ് (അ) ന്റെ സഹവാസം**

ഹദ്റത് മിയാൻ ബഖ്ശ് സാഹിബ് (റ) ന് നിരവധി തവണ ഖാദിയാൻ സന്ദർശിക്കാനും ഹദ്റത് മസീഹ് മൗഊദ് (അ) നെ ദർശിക്കാനും ധാരാളം പ്രഭാഷണങ്ങളും ഉപദേശങ്ങളും ശ്രവിക്കുന്നതിനുമുള്ള സൗഭാഗ്യം സിദ്ധിച്ചിട്ടുണ്ട്.

**മസീഹ് മൗഊദ് (അ) ന്റെ അവസാന പ്രഭാഷനത്തിന്റെ സാക്ഷി**

1908ൽ മസീഹ് മൗഊദ് (അ) നൽകിയ അവസാന പ്രഭാഷണവും ശ്രവിക്കുവാനുള്ള സൗഭാഗ്യം അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. അത് അദ്ദേഹം ലിഖിത രൂപത്തിൽ സ്മരണയായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എഴുതുന്നു; "1908 ൽ ഹദ്റത് മസീഹ് മൗഊദ് (അ) ലാഹോറിലേക്ക് പോകുകയും അവിടെയുള്ള ഉന്നതർക്ക് ക്ഷണം നൽകുകയും ചെയ്തു. പിന്നീട് ലാഹോറിലുള്ള അഹ്മദിയ്യാ ബിൽഡിങ്ങിൽ എല്ലാ ബഹുമാന്യരുടെയും മുന്നിൽ വെച്ച് ഒരു പ്രഭാഷണം നടത്തി. അന്നേരം ഞാനും എന്റെ പിതാവും അവിടെ സന്നിഹിതരായിരുന്നു. മർഹൂം ഖാജാ സാഹിബായിരുന്നു ഞങ്ങൾക്ക് അകത്തേക്ക് പ്രവേശിക്കുന്നതിനുള്ള അനുമതി നൽകിയത്. കാരണം എല്ലാവർക്കും പ്രവേശനം ഇല്ലായിരുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) പ്രഭാഷണം നിർവഹിക്കുന്നതിനായി അകത്തേക്ക് പ്രവേശിച്ചപ്പോൾ മുറിയുടെ പുറത്ത് ഇടനാഴിയിൽ ധാരാളം ആളുകൾ ഒത്തു കൂടിയിരുന്നു. അവർ ഹുസൂറിന് ഹസ്തദാനം നൽകുകയും ഹുസൂറിന്റെ പരിശുദ്ധ വദനം ദർശിക്കുകയും ചെയ്തു. ഹുസൂറിനോടൊപ്പം ഞങ്ങളും മുറിയുടെ അകത്തേക്ക് പ്രവേശിച്ചു. പ്രഭാഷണത്തിന്റെ ആരംഭത്തിൽ ഹുസൂറിന്റെ ശബ്ദം വളരെ താഴ്ന്നതായിരുന്നു. പിന്നീട് ഉയർന്നു."

**ഉത്തമ ഭക്തൻ**

ഹദ്റത് മിയാൻ അല്ലാഹ് ബഖ്ശ് സാഹിബ് (റ) വളരെയധികം ആത്മാർഥ അഹ്മദിയായിരുന്നു. ഭയഭക്തിയുടെ എല്ലാ അതിർവരമ്പുകളെയും സംരക്ഷിച്ചിരുന്നു. നമസ്കാരവും നോമ്പും കൃത്യമായി അനുഷ്ഠിച്ചിരുന്നു. തഹജ്ജുദ് നമസ്കാരവും ഇശ്റാഖിന്റെ നമസ്കാരവും കൃത്യമായി അനുഷ്ഠിച്ചിരുന്നു. അഹ്മദിയ്യത്തിന്റെ ഒരു ജീവൽ പ്രതീകമായിരുന്നു അദ്ദേഹം.

**ജമാഅത്തിന്റെ സേവകൻ**

ജോലിയുണ്ടായിരുന്ന സമയത്തും വിരമിച്ചതിനു ശേഷവും അദ്ദേഹത്തിന് ജമാഅത്തിന്റെ വിവിധങ്ങളായ സേവനങ്ങൾ ചെയ്യുന്നതിനുള്ള അവസരങ്ങൾ ലഭിച്ചിരുന്നു. ശുദ്ധി പദ്ധതിയുടെ കാലത്ത് അദ്ദേഹം ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ന്റെ ആഹ്വാനം അനുസരിച്ച് ഒരു നീണ്ട കാലം ജോലിയിൽ നിന്നും അവധി കരസ്ഥമാക്കി ശുദ്ധി പദ്ധതിയാൽ പ്രഭാവിതമായ പ്രദേശങ്ങളിൽ സേവനം അനുഷ്ഠിക്കുന്നതിനുള്ള സൗഭാഗ്യം കരസ്ഥമാക്കിയിരുന്നു.

**തബ്ലീഗിലെ ആവേശം**

തബ്ലീഗിൽ അതീവ താല്പര്യവും ആവേശവും കാണിച്ചിരുന്നു. അവസരം ലഭിക്കുമ്പോഴെല്ലാം തന്നെ തബ്ലീഗിന്റെ കടമകൾ പൂർത്തിയാക്കിയിരുന്നു. അക്കാര്യത്തിൽ ഒരിക്കലും ആരെയും ഭയപ്പെട്ടിരുന്നില്ല. 1947 ൽ സമീന്ദാർ പത്രം അദ്ദേഹത്തെ സംബന്ധിച്ച് ഒരു കോളം ഇപ്രകാരം എഴുതുകയുണ്ടായി; മരിയിലെ പോസ്റ്റ് മാസ്റ്റർ ദിവസം മുഴുവനും തബ്ലീഗ് ചെയ്തു കൊണ്ടിരിക്കുന്നു. സർക്കാർ അദ്ദേഹത്തിന് ശമ്പളം കൊടുക്കുന്നുണ്ടോ? അദ്ദേഹത്തിന് ഒരിക്കലും ജോലിയിൽ സ്ഥാനക്കയറ്റം നൽകരുത്.

**ജമാഅത്തിന്റെ ഭാരവാഹിത്വം**

ഹദ്റത് മിയാൻ അല്ലാഹ് ബഖ്ശ് സാഹിബ് (റ) 1947 മുതൽ 1950 വരെ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് റാവൽപിണ്ഡിയുടെ നാഇബ് അമീറായി സേവനം അനുഷ്ഠിച്ചിരുന്നു. അക്കാലയളവിൽ തന്നെ അദ്ദേഹത്തിന് അല്പകാലത്തേക്ക് ജില്ലാ അമീറായി സേവനം അനുഷ്ടിക്കുന്നതിനുള്ള തൗഫീഖും ലഭിച്ചിരുന്നു. കൂടാതെ 1947 മുതൽ 1951 വരെയും പിന്നീട് 1954 ന് ശേഷവും ഒരു ദീർഘകാലം അദ്ദേഹം അഹ്മദിയ്യാ ജമാഅത്ത് റാവൽപിണ്ഡി അമീറായും സേവനമനുഷ്ഠിക്കുന്നതിനുള്ള സൗഭാഗ്യം കരസ്ഥമാക്കിയിരുന്നു.

**ക്ഷമയും സഹനവും**

1953 ലെ പരീക്ഷണ കാലഘട്ടത്തിൽ അദ്ദേഹം റാവൽപിണ്ഡി ജമാഅത്തിന്റെ അമീറായിരുന്നു. എതിരാളികളുടെ വലിയൊരു സംഘം അദ്ദേഹത്തിന്റെ വീട് ആക്രമിച്ചിരുന്നു. വാതിലുകൾ തകർത്ത് അവർ അകത്ത് പ്രവേശിക്കുകയും വീട്ടിലെ സാധന സാമഗ്രികൾ അഗ്നിക്കിരയാക്കുകയും ചെയ്തിരുന്നു. അന്നേരമെല്ലാം അദ്ദേഹം അങ്ങേയറ്റം ക്ഷമയുടെയും സഹനത്തിന്റെയും മാതൃകയാണ് പ്രകടിപ്പിച്ചത്.

**ദുആ സ്വീകരിക്കപ്പെടുന്നു**

സാധാരണയായി അദ്ദേഹം ഉഷ്ണകാലത്ത് തന്റെ മകനായ മിയാൻ ഹനീഫ് സാഹിബിന്റെ വീട്ടിലാണ് തങ്ങാറുണ്ടായിരുന്നത്. 1947 ൽ അദ്ദേഹം മകന്റെ വീട്ടിലായിരുന്ന സമയത്ത് വലിയൊരു ജാഥ ആ വീട് ആക്രമിച്ചിരുന്നു. അത്യധികം സങ്കീർണമായ ആ അവസ്ഥയിൽ അദ്ദേഹം അല്ലാഹുവിന്റെ സവിധത്തിൽ സുജൂദ് ചെയ്തു കൊണ്ട് ദുആ ചെയ്തു. തൽഫലമായി അല്ലാഹുവിന്റെ ഖുദ്റത് അസാധാരണമായ നിലയിൽ പ്രകടമായി. ഒരു ക്യാപ്റ്റന്റെ നേതൃത്വത്തിൽ ഏതാനും സൈനികർ അവിടെ എത്തിച്ചേരുകയും അവർ കലാപകാരികളെ അവിടെ നിന്ന് ഓടിക്കുകയും ചെയ്തു. ആ സ്ഥലത്ത് കലാപകാരികൾ ധാരാളം പേരുടെ വീടുകൾ ആക്രമിക്കുകയും അനവധി പേരുടെ ജീവനെടുക്കുകയും ചെയ്തിരുന്നു.

**രോഗബാധിതനാകുന്നു**

1981 ൽ ഹദ്റത് മിയാൻ അല്ലാഹ് ബഖ്ശ് സാഹിബ് (റ) എളിയിലെ എല്ലിന് ക്ഷതമേറ്റ കാരണത്താൽ രോഗബാധിതനായി. പിന്നീട് ഒരു നീണ്ടകാലം കിടപ്പിലായിരുന്നു. അന്നാളുകളിലും അദ്ദേഹം എല്ലാ നമസ്കാരങ്ങളും കൃത്യമായി അനുഷ്ഠിച്ചിരുന്നു. അല്പം ആരോഗ്യം തോന്നുമ്പോൾ അദ്ദേഹം അല്പം ദൂരെയുള്ള പള്ളിയിലേക്ക് നടന്നു പോയി നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കുമായിരുന്നു.

**വഫാത്ത്**

1982 ജൂലൈ 18 ന് 89-ാം വയസ്സിൽ ഹദ്റത് മിയാൻ അല്ലാഹ് ബഖ്ശ് സാഹിബ് (റ) വഫാത്തായി. അദ്ദേഹം മൂസിയായിരുന്നു. ഒൻപതിൽ ഒരു ഭാഗമാണ് വസിയ്യത്ത് ചെയ്തിരുന്നത്. ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) റബ്വയിൽ വെച്ച് അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. തുടർന്ന് ബഹിശ്തി മഖ്ബറയിൽ അടക്കം ചെയ്തു.

**(സമ്പാ: അബൂ അബ്ദുൽ ബാരി)**

**അൻസാർ കോളം**

# നിങ്ങളുടെ പേരിനെ അന്വർഥമാക്കുക

## ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)

നിങ്ങളുടെ പേര് അൻസാറുല്ലാഹ് എന്നാകുന്നു. അതായത് അല്ലാഹുവിന്റെ സഹായികൾ. അങ്ങനെ നിങ്ങളെ അല്ലാഹുവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. അല്ലാഹു എന്നെന്നും നിലനിൽക്കുന്നവനാകുന്നു. അതിനാൽ നിങ്ങളും ശാശ്വതന്റെ പ്രതിരൂപമാകാൻ ശ്രമിക്കേണ്ടതാണ്. നിങ്ങൾ അൻസാറാണെന്നതിന്റെ ലക്ഷണം ഖിലാഫത്തിനെ എന്നെന്നേക്കുമായി നിലനിർത്തി ക്കൊണ്ടുപോകുകയെന്നതാണ്. ഈ ഉദ്യമം തലമുറ തലമുറകളായി നിലനിന്നു പോകുന്നതിനായും ശ്രമിക്കേണ്ടതാണ്.

ഇതിന് രണ്ടു മാർഗങ്ങളാണുള്ളത്. ഒന്നാമത്തെ മാർഗം സ്വന്തം സന്താനങ്ങൾക്ക് ശരിയായ ശിക്ഷണം നൽകുക എന്നതാണ്. അവരിൽ ഖിലാഫത്തിനോടുള്ള സ്നേഹം നിലനിർത്തുക. അതിനായിട്ടാണ് ഞാൻ അത്ഫാലുൽ അഹ്മദിയ്യായുടെയും ഖുദ്ദാമുൽ അഹ്മദിയ്യായുടെയും സംഘടനകൾ രൂപീകരിച്ചത്. ഈ അത്ഫാലും ഖുദ്ദാമും നിങ്ങളുടെ തന്നെ കുട്ടികളാണ്. അത്ഫാലുൽ അഹ്മദിയ്യാക്ക് ശരിയായ ശിക്ഷണം ലഭിക്കുമ്പോൾ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ശിക്ഷണം ശരിയാകും. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ശിക്ഷണം നല്ലതാകുമ്പോൾ അൻസാറുല്ലായുടെ അടുത്ത തലമുറ ഉന്നതമാകുന്നു.

ഞാൻ ചവിട്ടുപടികളാണ് ഉണ്ടാക്കിയിട്ടുള്ളത്. ഇനി പ്രവർത്തിക്കേണ്ടത് നിങ്ങളാണ്. ആദ്യത്തെ ചവിട്ടുപടി അത്ഫാലുൽ അഹ്മദിയ്യാ ആകുന്നു. രണ്ടാമത്തെ ചവിട്ടുപടി ഖുദ്ദാമുൽ അഹ്മദിയ്യാ ആകുന്നു. മൂന്നാമത്തെ ചവിട്ടുപടി അൻസാറുല്ലാഹ് ആകുന്നു. നാലാമത്തെ ചവിട്ടുപടി അല്ലാഹുവാകുന്നു.

നിങ്ങൾ സ്വന്തം സന്താനങ്ങൾക്ക് ശരിയായ ശിക്ഷണം നൽകുക. മറുഭാഗത്ത് അല്ലാഹുവിനോട് ദുആയും ചെയ്യുക. അപ്പോൾ ഈ നാല് ചവിട്ടുപടികളും പൂർത്തിയാകുന്നതാണ്. നിങ്ങളുടെ അത്ഫാലുകളും ഖുദ്ദാമും ശരിയാകുകയാണെങ്കിൽ, നിങ്ങൾ ദുആ ചെയ്യുകയും അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങൾക്ക് പിന്നെ ദൈവീക സിംഹാസനത്തിനു താഴെ ഒരു സ്ഥലവുമുണ്ടായിരിക്കുന്നല്ല. സിംഹാസനത്തിലേക്കെത്തുന്നവൻ തികച്ചും സുരക്ഷിതനാകുന്നു. ലോകം ആക്രമിക്കുകയാണെങ്കിൽ തന്നെ അവർക്ക് നൂറോ ഇരുന്നൂറോ അടി വരെയാണ് ആക്രമിക്കാൻ സാധിക്കുക. അവർക്ക് ദൈവീക സിംഹാസനത്തെ ആക്രമിക്കാൻ സാധിക്കില്ല. അതിനാൽ നിങ്ങൾ സ്വയം നന്നാവുകയും അല്ലാഹുവിനോട് ദുആയും ചെയ്യുകയാണെങ്കിൽ അല്ലാഹുവുമായി നിങ്ങളുടെ ബന്ധം സ്ഥാപിതമാകുന്നതാണ്. അങ്ങനെ നിങ്ങൾ യഥാർഥ അൻസാറുല്ലാഹ് ആയി ത്തീരുന്നതാണ്. അല്ലാഹുവുമായി ബന്ധം സ്ഥാപിച്ചു കഴിഞ്ഞാൽ ഖിലാഫത്ത് നിങ്ങളിൽ ശാശ്വതമായി നിലനിൽക്കുന്നതാണ്. അത് ക്രിസ്തീയരുടെ ഖിലാഫത്തിനേക്കാളും ദീർഘകാലം നിലനിൽക്കുന്നതുമാണ്

(ഉൽഘാടന പ്രഭാഷണം,
സാലാന ഇജ്തിമ അൻസാറുല്ലാഹ് 26.10.56)

---

**വാഗ്ദത്ത മസീഹിന്റെ കത്തുകൾ**

സമ്പാ: ഇബ്നു അശ്റഫ്

## ഒരു ഇംഗ്ലീഷുകാരനോട്

بسم الله الرحمن الرحيم
نحمده ونصلي علي رسوله الكريم

എന്റെ പ്രിയ സുഹൃത്തെ! السلام عليكم ورحمة الله وبركاته

സ്നേഹത്താലും ആത്മാർഥതയാലും ഭരിതമായ താങ്കളുടെ കത്ത് ലഭിച്ചു. അതിന്റെ ഉള്ളടക്കവും താങ്കളുടെ ക്ഷേമ വിവരങ്ങളും അറിഞ്ഞതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഒരു ഇംഗ്ലീഷുകാരനെ കണ്ടെത്താൻ കഴിയാത്തതിനാലാണ് വളരെ വൈകി ഈ കത്തെഴുതുന്നത്. ഈ കത്തെഴുതുന്ന സമയം വരെ കുടുംബ സമേതം എല്ലാ നിലയിലും സുഖത്തിൽ തന്നെ. അല്ലാഹു ഇരു കൂട്ടർക്കും ഭൗതീക നിന്ദ്യതയിൽ നിന്നും പരീക്ഷണങ്ങളിൽ നിന്നും രക്ഷ നൽകിക്കൊണ്ട് തന്റെ സവിശേഷവും ശാശ്വതവുമായ കാരുണ്യത്താൽ ധന്യരാക്കട്ടെ. താങ്കളുടെ സ്ഥൈര്യവും, സ്വഭാവദാർഢ്യവും, അചഞ്ചലതയും കാരണത്താൽ ദിനേന താങ്കളോടുള്ള സ്നേഹം എന്റെ ഹൃദയത്തിൽ വർദ്ധിച്ചു വരികയാണ്. താങ്കളെ പോലെയുള്ള സുതാര്യനായ ഒരാളെ കിട്ടിയപ്പോൾ ഒരു നിധി കിട്ടിയതു പോലെയാണ്. വലിയ വലിയ സൽഫലങ്ങളുടെ പ്രതീക്ഷയർപ്പിക്കാൻ അനുയോജ്യനായ ഒരു പരുന്തിനെ കിട്ടിയതു പോലെയാണ്. അല്ലാഹു ദിനംപ്രതി തന്റെ സ്നേഹത്തിലും, ജ്ഞാനത്തിലും, ആത്മാർഥതയിലും, സ്ഥൈര്യത്തിലും, സ്ഥിരതയിലും താങ്കൾക്ക് പുരോഗതി നൽകുകയും എന്റെ ഹൃദയത്തോട് താങ്കളുടെ ഹൃദയത്തെ താദാത്മ്യം ഉള്ളതാക്കുമാറാകട്ടെ എന്നും ഞാൻ ദുആ ചെയ്യുന്നു. അല്ലാഹു താങ്കളുടെ ഹൃദയത്തെ അങ്ങേയറ്റം നേർമാർഗത്തിലും പരിശുദ്ധിയിലുമാണ് സൃഷ്ടിച്ചിരിക്കുന്നതെന്നും, താങ്കളെ ഒരു അപരിചിത സമുദായത്തിനായി സന്മാർഗദീപം ആക്കുന്നതിനായി ആഗ്രഹിക്കുന്നു എന്നുമാണ് ഇസ്ലാമിനോടുള്ള താങ്കളുടെ സ്നേഹം തെളിയിക്കുന്നത്. കാരണം പ്രപഞ്ച ദർപ്പണത്തിൽ ദൃഷ്ടി പായിച്ചു കൊണ്ട് പൂർണകായ രൂപത്തിൽ ദർശിക്കാൻ സാധിക്കുന്ന മതം ഇസ്ലാം മാത്രമാണ്. ഇസ്ലാം പുതുതായിട്ടൊന്നും പഠിപ്പിക്കുന്നില്ല, പുതിയ ആരാധ്യനെ സമർപ്പിക്കുന്നുമില്ല, പ്രകൃതി വിരുദ്ധവും അപരിചിതവുമായ മോക്ഷ മാർഗം അത് കണ്ടുപിടിച്ചിട്ടുമില്ല. ദൈവീക സവിശേഷ ഗുണങ്ങളിൽ നിന്ന് പ്രകൃതം സാക്ഷ്യം നൽകുന്ന ഒരു ഗുണവും കുറച്ചു കാണിക്കുന്നുമില്ല, അനർഹമായ ഗുണങ്ങൾ അവനിലേക്ക് സൂചിപ്പിക്കുന്നുമില്ല. പ്രത്യുത അല്ലാഹുവിന്റെ പ്രവർത്തനങ്ങളിൽ ഉൾക്കൊണ്ടിട്ടുള്ള കാര്യങ്ങളുടെയും സൂചനകളു ടെയും വിശദീകരണവും, ഓർമപ്പെടുത്തലും, ന്യൂനതകളിൽ നിന്ന് സംരക്ഷിക്കുന്നതുമാണ് ഖുർആനിക അദ്ധ്യാപനങ്ങൾ. വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളിൽ അല്പം പോലും കാപട്യത്തിന്റെയും മിഥ്യാചര്യയുടെയും കലർപ്പില്ല എന്നത് അതി ന്റെ സവിശേഷതകളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ്. മനുഷ്യപ്രകൃതത്തിലുള്ള സകല കഴിവുകളും വിശുദ്ധഖുർആന് മുന്നിൽ പ്രകൃത്യാ അതിന്റെ ആത്മാവിനെ സ്വാംശീകരിക്കാൻ ആവശ്യപ്പെടുന്ന ഒരു ശരീരത്തെ പോലെയാണ്. ഈ ദീനിന്റെ പൂർണരൂപം ദർശിക്കുന്ന സൽപ്രകൃതക്കാരനായ ഒരാൾ ഈ അനുഗ്രഹത്തെ സ്വീകരിക്കുന്നതിൽ നിന്നും പിന്തള്ളപ്പെടുമെന്ന് എനിക്ക് ചിന്തിക്കാൻ തന്നെ കഴിയില്ല. അക്കാരണത്താലാണ് താങ്കളുടെ സവിധത്തിലേക്ക് ഭാഷാന്തരം ചെയ്ത് അയക്കുന്നതിനായി ഒരു ഗ്രന്ഥം രചിച്ചത്. ദീർഘമായ വിശദീകരണം ആഗ്രഹിക്കുന്ന എന്റെ നിർബന്ധാവസ്ഥ കാരണത്താൽ എന്റെ വാഗ്ദാനം വേഗത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്നതിൽ എനിക്ക് ഖേദമുണ്ട്. എനിക്ക് ഇംഗ്ലീഷ് അറിയാമായിരുന്നുവെങ്കിൽ ഈ പ്രയാസം നേരിടില്ലായിരുന്നു. ഏതായാലും എന്റെ രണ്ടാമത്തെ കത്ത് ഗ്രന്ഥത്തിന്റെ ഏതെങ്കിലും ഭാഗവുമായി താങ്കളുടെ സവിധത്തിൽ എത്തിച്ചേരുന്നതാണ്. എപ്പോളാണ് എന്ന വാഗ്ദാനം എനിക്ക് നൽകാൻ സാധിക്കില്ല. എന്നാൽ സർവശക്തനായ ദൈവം അതിനെ അധികം വൈകിപ്പിക്കില്ല എന്ന് പ്രതീക്ഷിക്കുന്നു. അല്ലാഹു താങ്കളോടൊപ്പമുണ്ടായിരിക്കട്ടെ. കത്തിടപാടുകളിലുള്ള ആത്മീയ കൂടിക്കാഴ്ചയിലൂടെ ഉണ്ടാകുന്ന സന്തോഷവും ഐശ്വര്യവും ബാഹ്യമായ കൂടിക്കാഴ്ചയിലൂടെയും ഉണ്ടാകുന്ന ദിവസം സമാഗതമാക്കട്ടെ. ആമീൻ

വസ്സലാം

ഖാദിയാൻ, താങ്കളുടെ ആത്മാർഥ സുഹൃത്ത്

ഗുർദാസ്പൂർ ജില്ല ഗുലാം അഹ്മദ്

# ദീനീ സേവനത്തിന് ഭയഭക്തിയും പരിശ്രമവും അനിവാര്യം

### ഖാദിംകളോട്

**ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)**



ദീനീ സേവനത്തിനായി ഭയഭക്തിയോടും പരിശ്രമത്തോടും കൂടി യത്നിക്കുകയും തങ്ങളുടെ അവസ്ഥകളിൽ പരിവർത്തനം ഉണ്ടാക്കുക എന്നതിലേക്ക് ഞാൻ യുവാക്കളുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. ഇന്ന് ഇസ്‌ലാമിന്റെ അവസ്ഥ വളരെ ശോചനീയമാണ്. ഏതെങ്കിലും ഒരു ജമാഅത്ത് ഇന്ന് അതിനെ നിലനിർത്തുന്നില്ലായെങ്കിൽ കുറച്ച് നാളുകൾക്കകം തന്നെ അതിന്റെ നാമം ഉച്ചരിക്കുന്നവരായി ആരും തന്നെ ശേഷിക്കുന്നതല്ല. ഹൈന്ദവരും ക്രൈസ്തവരും ഇതിനെ നശിപ്പിക്കുന്നതിൽ വ്യാപൃതരാണ്. മുസ്‌ലിം നാമധാരികളും വ്യഖ്യാനത്തിന്റെ മറവിൽ ഇതിന്റെ അദ്ധ്യാപനങ്ങളെ ഇല്ലാതാക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. വിശുദ്ധ ഖുർആനിൽ പരാമർശിച്ചിരിക്കുന്ന ഇസ്‌ലാമിക അദ്ധ്യാപനങ്ങളിൽ മാറ്റം വരുത്തുവാൻ അവർ ആഗ്രഹിക്കുന്നു. ഇത്തരത്തിലുള്ള പല വലിയ വലിയ മുസ്‌ലിം നാമധാരികളും ഉണ്ട്. ഇവർ ഇസ്‌ലാമിന്റെ അഭിവൃദ്ധിക്കുള്ള പാതകൾ ഒരുക്കുകയാണെന്നാണ് മറ്റ് മുസ്‌ലിംകൾ ധരിച്ചിരിക്കുന്നത്. അതിനാൽ അവരെ കുറിച്ച് അഭിമാനം കൊള്ളുകയും ചെയ്യുന്നു.

വാസ്തവത്തിൽ ഇത് അഭിവൃദ്ധി അല്ല മറിച്ച്, അപചയവും അപമാനവും ആകുന്നു. ഇപ്പോൾ ഇസ്‌ലാമിക അദ്ധ്യാപനങ്ങളെ ഉയർത്തിപ്പിടിക്കുന്ന ഒരു ജമാഅത്ത് അത്യന്താപേക്ഷിതമാണ്. അതിനു വേണ്ടി അല്ലാഹു ഹദ്റത് മസീഹ് മൗഊദ് (അ) നെ നിയോഗിച്ചു. അദ്ദേഹം നിയോഗിക്കപ്പെട്ട സമയത്തെ ബാഹ്യദൃഷ്ടി കൊണ്ട് മാത്രം നോക്കുകയാണെങ്കിൽ, ലോകത്ത് ആർക്കും തന്നെ അദ്ദേഹത്തിന്റെ വാദം യുക്തിഭദ്രമാണെന്ന് പറയാൻ സാധിക്കില്ല.

റസൂൽ തിരുമേനി (സ) കൊണ്ടു വന്ന ഇസ്‌ലാം ഇന്ന് മൺമറഞ്ഞിരിക്കുന്നു. ഓരോ ഭൗതീക വാദിയും കരുതുന്നത് ഇനി ഇതിനെ പുനസ്ഥാപിക്കുവാൻ സാധിക്കില്ല എന്നാണ്. ഇസ്‌ലാമിക പർദ്ദ വീണ്ടും ഭൂമിയിൽ കൊണ്ടു വരാൻ സാധിക്കും എന്ന് ആത്മാർഥമായി കരുതുന്ന ഒരു മുസ്‌ലിമിനെ പോലും ഇന്ന് കാണാൻ സാധ്യമല്ല. അന്യർക്കാണെങ്കിൽ ഈ വിചാരം ഒരു നിമിഷ നേരത്തേക്ക് പോലും മനസ്സിൽ കൊണ്ടു വരാൻ സാധിക്കില്ല.

വളരെ ആശ്ചര്യത്തോടു കൂടി ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്നോട് ചോദിച്ചു, ഇസ്‌ലാമിക പർദ്ദ വീണ്ടും ഭൂമിയിൽ നടപ്പാക്കാൻ സാധിക്കുമെന്ന് താങ്കളും കരുതുന്നുണ്ടോ? താങ്കൾ ബുദ്ധിമാനാണെന്നാണ് ഞാൻ കരുതിയിരുന്നത്. എന്നാൽ താങ്കളും ഇത്തരത്തിലുള്ള വിഢിത്തരം അംഗീകരിക്കുന്നുവോ എന്നാണ് അയാൾ ഉദ്ദേശിച്ചത്. ഞാൻ പറഞ്ഞു, ഇത് പോലെ പർദ്ദയേക്കാൾ പ്രധാനപ്പെട്ട മറ്റ് പല വിഷയങ്ങളെ സംബന്ധിച്ചും അതിൽ മാറ്റം വരുത്താൻ സാധിക്കില്ല എന്നാണ് കരുതിവരുന്നത്. എന്നാൽ അതിലും മാറ്റം വരുന്നുണ്ട്.

ഞാൻ ആ ഉദ്യോഗസ്ഥനോട് ചോദിച്ചു, താങ്കൾക്ക് ചരിത്രജ്ഞാനമുണ്ട്. ഒരിക്കലും മാറ്റം വരുകയില്ലായെന്ന് കരുതിയിരുന്ന പല കാര്യങ്ങളും അവസാനം മാറ്റത്തിന് വിധേയമായതായി താങ്കൾക്ക് അറിവുള്ളതാണല്ലോ? അദ്ദേഹം പറഞ്ഞു, തീർച്ചയായും. അത്തരത്തിലുള്ള പല കാര്യങ്ങളും ഉണ്ട്. ഞാൻ പറഞ്ഞു, ഉദാഹരണങ്ങൾ ഉണ്ടെങ്കിൽ പിന്നെ വിശ്വാസം മാത്രമെ ഇനി ശേഷിക്കുന്നുള്ളു. അങ്ങനെ സംഭവിക്കും എന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. എന്നാൽ അങ്ങനെ സംഭവിക്കുകയില്ല എന്ന് താങ്കൾ വിശ്വസിക്കുന്നു.

ഇന്നേക്ക് 25 വർഷങ്ങൾക്കു മുമ്പ് ഡെമോക്രസിക്ക് അന്ത്യം സംഭവിക്കുമെന്ന് ആരാണ് കരുതിയിരുന്നത്. കേവലം 25 വർഷങ്ങൾക്ക് മുമ്പ് വരെ കരുതിയിരുന്നത് എല്ലാ വിധത്തിലുള്ള രാജഭരണങ്ങൾ അവസാനിക്കുകയും അതിന് പകരമായി ജനാധിപത്യഭരണം നിലവിൽ വരും എന്നുമായിരുന്നു. എന്നാൽ ഇന്ന് വ്യക്തമായ നിലയിൽ ജർമനി, ഇറ്റലി, സ്പെയിൻ തുടങ്ങിയ രാജ്യങ്ങൾ ജനാധിപത്യ വ്യവസ്ഥിതിയെ പരിഹസിക്കുന്നു. ജനാധിപത്യത്തിലൂടെ രാജ്യം പുരോഗതി പ്രാപിക്കുമെന്ന് പറയുന്നവർ വിഢികളാണെന്ന് ഇന്ന് പറയപ്പെടുന്നു.

രാജ്യത്തിന്റെ പുരോഗതിക്ക് ഹേതുവായ വസ്തുക്കളെ മനസ്സിലാക്കാൻ പാകത്തിന് എല്ലാ വ്യക്തികളും ബുദ്ധിമാൻമാർ ആയിരിക്കുകയുമില്ല. ചുരുക്കം ചിലർ മാത്രമെ അതിന് യോഗ്യരായവരായി ഉണ്ടായിരിക്കുകയുള്ളു. അവരെ പിൻപറ്റുന്നതിലൂടെ രാജ്യം പരോഗതി പ്രാപിക്കുന്നതാണ്. ഇംഗ്ലണ്ടിലെ രാഷ്ട്രീയ നേതാക്കളുടെ 25 വർഷം മുമ്പുള്ള ഗ്രന്ഥങ്ങൾ വായിച്ചു നോക്കുക. ഇന്ന് ഭൂമിയിൽ നിലനിൽക്കുന്ന വ്യവസ്ഥിതികളോട് താദാത്മ്യം പുലർത്തുന്ന ഒന്നും തന്നെ അതിൽ കണ്ടെത്താൻ കഴിയില്ല.

ഭൂമിയിൽ ജനാധിപത്യ വ്യവസ്ഥിതി സ്ഥാപിക്കുന്നതിൽ വിജയിച്ചുവെന്നും ഈ ആദർശങ്ങൾ ലോകത്ത് വ്യാപിപ്പിച്ചുവെന്നും ഈ ഗ്രന്ഥങ്ങൾ ഉൽഘോഷിക്കുന്നു. എന്നാൽ ഇന്ന് ഇതിന് വിരുദ്ധമായി ഇംഗ്ലണ്ടിൽ മാത്രമെ ജനാധിപത്യ വ്യവസ്ഥിതി നിലനിൽക്കുന്നുള്ളുവെന്ന് അവർ അംഗീകരിക്കുന്ന പല പ്രഭാഷണങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു. എത്ര വലിയ അന്തരമാണ് ഇതിലുള്ളത്. ഇത്രയും ചുരുങ്ങിയ കാലയളവിൽ എത്ര മഹത്തരമായ മാറ്റമാണ് ഉണ്ടായിരിക്കുന്നത്.

അപ്പോൾ ഭൗതീകരായ ആളുകളുടെ പരിശ്രമത്താൽ ലോകത്ത് വിപ്ലവം സംജാതമായിട്ടുണ്ട്. എങ്കിൽ പിന്നെ എന്ത് കൊണ്ട് ദൈവീക സഹായത്താൽ മാറ്റം വന്നു കൂടാ? വ്യത്യാസം കേവലം വിശ്വാസത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെതു മാത്രമാണ്.

ലോകത്തിന്റെ ചിന്താഗതികൾക്കു മാറ്റം വരുത്തുവാൻ യൂണിവേഴ്സിറ്റികൾക്കും വലിയ വലിയ നേതാക്കൾക്കും മാത്രമെ സാധിക്കു എന്നാണ് ആളുകൾ ധരിച്ചിരിക്കുന്നത്. മാറ്റം വരും എന്നതിൽ ആർക്കും തന്നെ സംശയമില്ല. ലോകം ഈ കാര്യങ്ങൾ അംഗീകരിക്കാൻ തയ്യാറല്ല എന്ന് ഇസ്‌ലാമിന്റെ എതിരാളികൾ പറയുന്നു. എന്നാൽ ഈ വിപ്ലവം സംഭവ്യമാണ്. വ്യത്യാസം ഇത്ര മാത്രമെയുള്ളു. ഹദ്റത് മസീഹ് മൗഊദ് (അ) ന് അല്ലാഹു നൽകിയിരുന്ന വാഗ്ദാനങ്ങൾ ഇക്കാലത്ത് അസാധ്യമായി തോന്നിയേക്കാം. കാരണം ഇന്ന് ലോകത്തിലെ എല്ലാ മുസ്‌ലിംകളും തന്നെ മനസ്സിലാക്കിയിരിക്കുന്നത് ഇസ്‌ലാം അതിന്റെ തനതായ രൂപത്തിൽ പുനസ്ഥാപിക്കപ്പെടുകയില്ല എന്ന് തന്നെയാണ്. എന്നാൽ ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ വാദം അതേ രൂപത്തിൽ തന്നെ ഇസ്‌ലാം വീണ്ടും പുനസ്ഥാപിക്കപ്പെടുന്നതാണ്, ഇസ്‌ലാമിന്റെ പേരു മാത്രമല്ല മറിച്ച്, അതിന്റെ രൂപവും അത് തന്നെയായിരിക്കും എന്നാണ്.

**മശ്അലെ രാഹ്**

**സമ്പാ: ടി. അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ**

ചരിത്രപഥം

ഡോ: ഇഫ്തിഖാർ അഹ്മദ് അയാസ്, ലണ്ടൻ

# ദുആ സ്വീകാര്യതയുടെ ഒരു ദൃഷ്ടാന്തം



വഖ്ഫ് ചെയ്തവരുടെ നേട്ടങ്ങൾ പൂർണ്ണമായും അവരുടെ പ്രാർത്ഥനകളെ ആശ്രയിച്ചാണിരിക്കുന്നത്.

ഹദ്റത് ചൗധരി ഫതഹ് മുഹമ്മദ് സയാൽ സാഹിബ് (റ) തനിക്കുണ്ടായ രസകരമായ ഒരു സ്വപ്നം വിവരിക്കുന്നു.

അദ്ദേഹം ഒരു കസേരയിൽ ഇരിക്കുകയായിരുന്നു. അദ്ദേഹത്തിന് വളരെ വിഷമതകൾ ഉണ്ടായിരുന്നു. ഈ വിഷമതകളെല്ലാം കൃതിമമായ കല്ലുകൾ കൊണ്ടുണ്ടാക്കിയ ബിംബങ്ങളുടെ രൂപത്തിൽ അദ്ദേഹത്തെ പൂർണ്ണമായും വലയം ചെയ്തിരിക്കയായിരുന്നു. അവയുടെ ആധിക്യം അദ്ദേഹത്തെ അമ്പരപ്പിച്ചു. അദ്ദേഹം ഉച്ചത്തിൽ ചോദിച്ചു, എനിക്കെങ്ങനെ ഇവയിൽ നിന്ന് രക്ഷപ്പെടാൻ കഴിയും? അതേ സമയം ഹദ്റത് മസീഹ് മൗഊദ് (അ) അദ്ദേഹത്തിന്റെ മുന്നിൽ നിന്നു കൊണ്ട് ഇപ്രകാരം പറയുന്നുണ്ടായിരുന്നു. "സർവ്വ ശക്തനായ ദൈവത്തിന്റെ സംരക്ഷണമല്ലാതെ ഇവയിൽ നിന്ന് വേറെ സംരക്ഷണം ഇല്ല"

അന്ന് രാത്രി അദ്ദേഹം ഒരു ശക്തയായ സ്ത്രീയുടെ രൂപത്തിൽ ശൈത്താൻ ഒരു പ്ലാറ്റ്ഫോറത്തിൽ നിൽക്കുന്നതായി സ്വപ്നം കണ്ടു. ആ സ്ത്രീ വളരെ ദ്വേഷ്യപ്പെട്ടു കൊണ്ട് ആക്രോശിച്ചു. അഹ്മദികളെ കുറിച്ച് ഞാനീ കേൾക്കുന്ന ശബ്ദം എന്താണ്? ഓരോ മൂലയിൽ നിന്ന് ഞാൻ കേൾക്കുന്നത് അഹ്മദികൾ വിജയിച്ചു കൊണ്ടിരിക്കുന്നതിന്റെ ഈ ശബ്ദമാണ്. അവരെ നിങ്ങൾക്കാർക്കും ഒന്നും ചെയ്യാൻ പറ്റില്ല. ഇത് കേട്ടപ്പോൾ ഞങ്ങൾ അഹ്മദികൾക്കെതിരിൽ ശക്തിഹീനരാണെന്നും അഹ്മദികൾ അവരുടെ പ്രവർത്തനങ്ങളെല്ലാം ചെയ്യുന്നത് പ്രാർഥിച്ചു കൊണ്ടാണെന്നും അവരുടെ പരിശ്രമങ്ങളിൽ ഇടപെടാൻ തങ്ങൾക്കാവില്ലെന്നും പിശാചുക്കൾ ഏറ്റുപറഞ്ഞു. (സീറത്ത് ഹദ്റത് ചൗധരി ഫതഹ് മുഹമ്മദ് സയാൽ പേജ് 240)

( ***The Devotion of Life - Its Importance and Blessings***)

സമ്പാ: കെ.വി.ഹസ്സൻകോയ

---

## കർമശാസ്ത്രം

സമ്പാ: അബൂ അബ്ദുൽ ബാരി

# നിക്കാഹ് രക്ഷകർതൃത്വാവകാശം

പെൺകുട്ടിയുടെ രക്ഷാകർത്താവെന്ന നിലയിൽ ഏറ്റവും മുൻഗണന പെൺകുട്ടിയുടെ പിതാവിന് തന്നെയാകുന്നു. അതു കഴിഞ്ഞാൽ പിതാമഹൻ, സ്വന്തം സഹോദരൻ, വൈമാത്രേയ സഹോദരൻ, പിതൃസഹോദരൻ തുടങ്ങിയ സമീപസ്തരായ പിതൃവ്യർ ക്രമപ്രകാരം പെൺ കുട്ടിയുടെ നിക്കാഹിനുള്ള രക്ഷാകർത്താവാകുന്നതാണ്. നിക്കാഹിന്റെ രക്ഷകർതൃത്വത്തിനുള്ള മേൽ പറഞ്ഞ അവകാശം കുടുംബക്കാരിൽ സാമീപ്യത്തിന്റെ അടിസ്ഥാനത്തിൽ ഏത്രത്തോളം ആരുമായിട്ടാണോ അടുപ്പമുള്ളത് അതനുസരിച്ച് അവർക്ക് രക്ഷകർതൃത്വത്തിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

അടുത്ത രക്ഷകർത്താവിന്റെ സാന്നിദ്ധ്യത്തിൽ അകന്ന രക്ഷകർത്താവിന്റെ അവകാശം പരിഗണിക്കുന്നതല്ല. എന്നാൽ എല്ലാ സഹോദരന്മാരും രക്ഷകർതൃത്വാവകാശത്തിൽ തുല്യരാണ്. അവരിൽ നിന്നുള്ള പ്രായപൂർത്തിയായ വിവേകിയായ ആർക്കും രക്ഷകർത്താവാകാവുന്നതാണ്. പ്രായത്തിലുള്ള വ്യതിയാനം ബാധകമല്ല.

അഹ്മദിയ്യാ കർമശാസ്ത്രമനുസരിച്ച് രക്ഷകർത്താവ് എന്നത് സാർവജനീനമാണ്. സമീപപിതൃവ്യ കുടുംബക്കാരും രക്ഷകർത്താവാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിലും പൊതുവായ രക്ഷകർതൃത്വമുണ്ട്. അഥവാ ഏതെങ്കിലും പെൺകുട്ടിയുടെ അടുത്ത പിതൃവ്യർ ആരുമില്ലെങ്കിൽ, അല്ലെങ്കിൽ നീതിപൂർവ്വം പ്രവർത്തിക്കാതെ പ്രസ്തുത അവകാശത്തിൽ പെൺകുട്ടിയുടെ നന്മയെ പരിഗണിക്കുന്നില്ലെങ്കിൽ, പെൺകുട്ടിയെ നിർബന്ധിക്കുകയാണെങ്കിൽ പെൺകുട്ടിയുടെയോ അവളുടെ യഥാർഥ വക്കീലിന്റെയോ അപേക്ഷയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന് സ്വയമോ അല്ലെങ്കിൽ ഇക്കാര്യത്തിനായി അദ്ദേഹം നിശ്ചയിക്കുന്ന പ്രതിനിധിക്കോ ഏതെങ്കിലും അനുയോജ്യമായ വ്യക്തിയെ നിക്കാഹിന്റെ വലിയായി നിയമിക്കാവുന്നതാണ്. പ്രസ്തുത വ്യക്തി പെൺകുട്ടിയുടെ സമ്മതമനുസരിച്ച് അവളുടെ നന്മയ്ക്കായി ഈ കടമ നിറവേറ്റേണ്ടതാണ്. അദ്ദേഹത്തിന്റെ ഈ നടപടി ഉചിതവും വിശ്വാസയോഗ്യവുമായിരിക്കുന്നതാണ്.

സാധാരണഗതിയിൽ സ്ത്രീകൾക്ക് നിക്കാഹിന്റെ രക്ഷകർത്താവാകാവുന്നതല്ല. ഉദാഹരണമായി മാതാവ്, മാതാമഹി, സഹോദരി, മാതൃസഹോദരി തുടങ്ങിയവർക്ക് രക്ഷകർത്താവാകാവുന്നതല്ല. ഒരിക്കൽ ഹദ്റത് ആയിശ സിദ്ദീഖ (റ) തന്റെ കുടുംബത്തിലെ ഒരു ആൺകുട്ടിയുടെയും പെൺകുട്ടിയുടെയും നിക്കാഹ് ഉറപ്പിച്ചു. എല്ലാ കാര്യങ്ങളും തീരുമാനിച്ചുറപ്പിച്ചതിനു ശേഷം സ്ത്രീകൾക്ക് വലിമാരാകാനുള്ള അവകാശമില്ല എന്ന കാരണത്താൽ കുടുംബത്തിലെ ഒരു പുരുഷനോട് അവർ രക്ഷകർത്താവെന്ന നിലയിൽ അനുമതിക്കായി ആരായുകയുണ്ടായി. (ഇബ്നു ഹസം)

(അവ: ഫിഖ്ഹ് അഹ്മദിയ്യാ, ഭാഗം 2)



Meeting with Huzur

# ആസ്ട്രേലിയൻ ദേശീയ മജ്ലിസെ ആമിലയുമായി ഹുസൂർ തിരുമനസ്സിന്റെ കൂടിക്കാഴ്ച

**സെക്രട്ടറി വസായ**യോട് പറഞ്ഞു, താങ്കൾ മൂസികളിൽ നിന്ന് ചന്ദ സ്വരൂപിക്കുക മാത്രമല്ല ചെയ്യേണ്ടത് മറിച്ച്, കൂടെത്തന്നെ അവർക്ക് മതിയായ ശിക്ഷണം നൽകുകയും വേണം. ചന്ദ ഒരു ടാക്സ് അല്ല. മൂസികൾ ഭയഭക്തിയിലും നന്മയിലും ഉന്നത നിലവാരം സ്ഥാപിക്കേണ്ടതാണ്. അതിലേക്ക് കൂടുതലായി ശ്രദ്ധ ചെലുത്തേണ്ടതാണ്. അവരുടെ ചന്ദ അല്ലാഹുവിന്റെ തൃപ്തിക്ക് വേണ്ടിയുള്ളതായിരിക്കണം.

**സെക്രട്ടറി തർബിയ്യത്തി**നോട് പറഞ്ഞു, ഓരോ ജമാഅത്തിന്റെയും ഭാരവാഹികൾ, ശാഖാ സംഘടനകളുടെ ഭാരവാഹികൾ ഇവരെല്ലാവരും അവരവരുടെ ഹൽഖകളിൽ അല്ലെങ്കിൽ നമസ്കാര സെന്ററുകളിൽ നമസ്കാരത്തിനായി വരികയാണെങ്കിൽ ഹാജർ നില ഉയരുന്നതാണ്. അതിനാൽ ഏറ്റവും ആദ്യം ഭാരവാഹികൾ ഇക്കാര്യത്തിൽ ശ്രദ്ധിക്കുക. സ്വയം ഒരു മാതൃക സ്ഥാപിക്കുക. ഭാരവാഹികൾ വരാൻ തുടങ്ങിയാൽ പിന്നീട് മറ്റുള്ളവരും വരുന്നതാണ്. അതിനാൽ നമസ്കാരത്തിൽ ഹാജർ നില വർദ്ധിപ്പിക്കുക. ആദ്യം എല്ലാ ഭാരവാഹികളേയും നമസ്കാരത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുക. പിന്നീട് നിത്യവും ഖുർആൻ പാരായണം ചെയ്യുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുക. എം.ടി.എ യിൽ ഖുത്വുബ കേൾക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുക. തർബിയ്യത്ത് സെക്രട്ടറിയുടെ പക്കൽ ഖുത്വുബ കേൾക്കുന്നവരുടെ ഡാറ്റ ഉണ്ടായിരിക്കേണ്ടതാണ്. ഖുത്വുബകളിൽ ഉള്ള ശിക്ഷണ സംബന്ധിയായ കാര്യങ്ങൾ എടുത്ത് ജമാഅത്തുകൾക്ക് സർക്കുലറായി നൽകുക.

ഇസ്ലാഹി കമ്മിറ്റി എപ്പോഴും ഊർജസ്വലമായിരിക്കണം. ഏതെങ്കിലും ഭാര്യഭർത്തക്കന്മാർക്കിടയിൽ കലഹം ഉണ്ടാകുകയാണെങ്കിൽ ആരംഭത്തിൽ തന്നെ പറഞ്ഞു മനസ്സിലാക്കി പ്രശ്നം പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്. പ്രശ്നം അങ്ങേയറ്റത്തേക്ക് എത്തിക്കുന്നതിനു പകരം ആരംഭത്തിൽ തന്നെ ഉടനടി നടപടികൾ എടുക്കേണ്ടതാണ്. അങ്ങേയറ്റത്തേക്ക് എത്തിക്കഴിഞ്ഞാൽ പിന്നെ കാര്യങ്ങൾ ഇസ്ലാഹി കമ്മിറ്റിയിൽ നിന്നും കൈവിട്ടു പോകുന്നതാണ്. പിന്നീട് അത് ഖളായുടെ കയ്യിലായി. പെൺകുട്ടി ഖുലാക്കുള്ള അപേക്ഷ നൽകിയാൽ കാര്യം ഖളായുടെ കയ്യിലായി. ഇസ്ലാഹി കമ്മിറ്റിയുടെ ജോലി തീർന്നു. അതിനാൽ ആരംഭത്തിൽ തന്നെ ഇസ്ലാഹി കമ്മിറ്റി പ്രശ്നങ്ങൾ പരിഹരിക്കാനായി ശ്രമിക്കേണ്ടതാണ്. ഓരോ മാസവും ഇസ്ലാഹി കമ്മിറ്റിയുടെ മീറ്റിങ്ങ് ഉണ്ടായിരിക്കണം. എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ട്, എങ്ങനെ യഥാ സമയത്ത് നടപടികൾ തുടങ്ങണം എന്നെല്ലാം നിരീക്ഷിച്ചു കൊണ്ടിരിക്കുക. നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്വത്തിൽ ആക്ടീവ് ആയിരിക്കണം.



പറഞ്ഞു, ശിക്ഷണ സംബന്ധമായ പരിപാടികൾ Interactive ആയിരിക്കണം. യുവാക്കളോടൊപ്പമിരുന്ന് ശിക്ഷണ സംബന്ധമായ വിഷയങ്ങളിൽ ചോദ്യോത്തരം സംഘടിപ്പിക്കുക. ഒരു യുവാവ് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. എങ്ങനെയുള്ള ചോദ്യങ്ങളായാലും അതിന് മതിയായ ഉത്തരങ്ങൾ നൽകുക. ഇജ്തിമായുടെ അവസരങ്ങളിൽ അത്തരം പരിപാടികൾ വെക്കാവുന്നതാണ്.. ഇത്തരത്തിലുള്ള ഒരു സദസ്സിൽ ചന്ദയെ കുറിച്ച് മനസ്സിലാക്കി കൊടുത്തപ്പോൾ ഒരു യുവാവ് ഉടൻ വീട്ടിൽ പോയി പൈസ എടുത്തു കൊണ്ടു വന്ന് ചന്ദ നൽകി. പറഞ്ഞത് എനിക്കിപ്പോൾ ചന്ദയുടെ വ്യവസ്ഥിതി എങ്ങിനെയാണെന്ന് മനസ്സിലായി എന്നാണ്.

ഭാരവാഹികളുടെ പെരുമാറ്റം നല്ലതായിരിക്കണം. തങ്ങളുടെ ഭാരവാഹികളെ ശ്രദ്ധിക്കുക. ചിലർ അവരുടെ പെരുമാറ്റം മൂലം പിന്തിരിയുന്നു. സ്വന്തം അഹങ്കാരത്തെയും വിദ്വേഷത്തെയും ഇല്ലാതാക്കുക. അല്ലാഹു സേവനത്തിനുള്ള അവസരം നൽകിയിരിക്കുകയാണ്. അതിനെ ഒരു ദൈവീകാനുഗ്രഹമായി കണക്കാക്കുക.

മജ്ലിസെ ശൂറയ്ക്കും ജമാഅത്തിന്റെ തിരഞ്ഞെടുപ്പിനും മുമ്പ് ഞാനൊരു ഖുത്വുബ നൽകിയിരുന്നു. എല്ലാ ഭാരവാഹികളും അത് കേൾക്കേണ്ടതാണ്.... ഒന്നോർക്കുക, ഒരാളെ അഹ്മദിയ്യത്തിലേക്ക് ചേർക്കുക വളരെ പ്രയാസകരമായ കാര്യമാണ്, അകറ്റുക എളുപ്പമുള്ളതും. അതിനാൽ ഭാരവാഹികൾ സ്വന്തം പെരുമാറ്റം നന്നാക്കേണ്ടതാണ്. എല്ലാവരോടും സ്നേഹത്തോടും ആദരവോടും പെരുമാറേണ്ടതാണ്.

പറഞ്ഞു, എല്ലാ ജമാഅത്തിലെയും തബ്ലീഗ് സെക്രട്ടറിമാർക്കായി റെഫ്രെഷർ കോഴ്സ് സംഘടിപ്പിക്കുക. എല്ലാവർക്കും പരിശീലനം ലഭിക്കുന്നതാണ്. എങ്ങനെയാണ് ജോലി ചെയ്യേണ്ടത് എന്നവർക്ക് ബോധ്യമാകുന്നതാണ്. എല്ലാവരേയും ഒന്നിച്ച്

⇨



നുറുങ്ങുകൾ
ടി.എം

# വാഗ്ദാനപാലനത്തിന്റെ ഉത്തമ മാതൃക

## ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)

അറബികൾ തങ്ങളുടെ വാഗ്ദാനത്തെ പൂർത്തിയാക്കുന്നതിൽ വളരെ നിഷ്കർഷത പുലർത്തുന്നവരാണ്. ചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്ന ഒരു സംഭവമുണ്ട്. സ്പെയിനിൽ ധനികനായ ഒരു വ്യക്തിയുണ്ടായിരുന്നു. അദ്ദേഹത്തിന് ഒരു പുത്രൻ മാത്രമെ ഉണ്ടായിരുന്നുള്ളു. ഒരു ദിവസം അദ്ദേഹത്തിനരികിലേക്ക് ഒരാൾ ഓടിക്കിതച്ചെത്തി. എന്നിട്ട് പറഞ്ഞു, പോലീസ് എന്നെ പിന്തുടരുന്നുണ്ട്. അല്ലാഹുവിനെ ഓർത്ത് എന്നെ രക്ഷിച്ചാലും. അദ്ദേഹം അയാളെ തന്റെ വീട്ടിനുള്ളിൽ ഒളിക്കാൻ ഇടം നൽകി. അല്പനേരത്തിന് ശേഷം പോലീസ് ഒരു യുവാവിന്റെ മൃതശരീരവുമായി അവിടേക്ക് വന്നു. അത് അദ്ദേഹത്തിന്റെ മകന്റെ മൃതശരീരമായിരുന്നു. പോലീസ് അദ്ദേഹത്തോട് പറഞ്ഞു, ഇന്ന് ഏതോ ദുഷ്ടൻ താങ്കളുടെ പുത്രനെ വധിച്ചിരിക്കുന്നു. അതിൽ ഞങ്ങൾക്ക് ദുഖമുണ്ട്. കൊലപാതകി ഓടി ഈ ഭാഗത്തേക്കാണ് വന്നിട്ടുള്ളത്. അങ്ങിനെ ആരെയെങ്കിലും കണ്ടുവോ? അദ്ദേഹം പറഞ്ഞു, എനിക്കറിയില്ല. അത് കേട്ടപ്പോൾ പോലീസുകാർ മടങ്ങിപ്പോയി. അദ്ദേഹം തന്റെ മകന്റെ മൃതശരീരത്തെ മുറിയിൽ വെച്ച് പൂട്ടി. എന്നിട്ട് കൊലപാതകിയുടെ അടുത്തേക്ക് പോയി. അയാളോട് തന്റെ അടുത്തേക്ക് വരാൻ ആംഗ്യം നൽകി. എന്നിട്ട് പറഞ്ഞു, നിങ്ങൾ വധിച്ച ആ യുവാവ് എന്റെ മകനായിരുന്നു. എന്നാൽ ഞാൻ നിങ്ങൾക്ക് അഭയം നൽകിക്കഴിഞ്ഞു. അതിനാൽ നിങ്ങളോട് ഞാനൊ ന്നും പറയുന്നില്ല. അതിനുശേഷം അദ്ദേഹം തന്റെ പോക്കറ്റിൽ നിന്ന് അല്പം പണം നൽകിക്കൊണ്ട് പറഞ്ഞു, ഇത് വാങ്ങുക. എന്നിട്ട് മറ്റേതെങ്കിലും സ്ഥലത്തേക്ക് പൊയ്ക്കൊള്ളുക. അഥവാ നിങ്ങൾ സ്പെയിനിൽ തന്നെ തങ്ങുകയാണെങ്കിൽ നാളെ ഒരു പക്ഷെ എന്റെ മനസ്സ് പ്രകോപിതമാകുകയും എന്റെ മകന്റെ കൊലപാതകിയാണ്, കൊന്നു കളയാം എന്ന് തോന്നിയേക്കാം. അതിനാൽ ഈ പൈസ വാങ്ങി സ്പെയിനിൽ നിന്ന് പുറത്ത് എവിടേക്കെങ്കിലും പൊയ്ക്കൊള്ളുക. അങ്ങിനെ അയാൾ പൈസ നൽകുകയും തന്റെ ഏക മകന്റെ കൊലപാതകിയെ തന്റെ വീടിന്റെ പിൻവാതിലിലൂടെ പുറത്തേക്ക് വിടുകയും ചെയ്തു.

(സൈറേ റൂഹാനി)

●

---

ചേർത്ത് മുന്നേറേണ്ടതാണ്. സദുപദേശങ്ങളാൽ ശിക്ഷണം നൽകി പിന്നോട്ട് മാറി നിൽക്കുന്നവരെ സമീപസ്ഥരാക്കേണ്ടതാണ്.
പറഞ്ഞു, ആരുടെയെങ്കിലും എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അതിനെതിരിലുള്ള ദുഷ് പ്രചരണം ആർക്കും അനുവദനീയമല്ല. വാസ്തവമാണെങ്കിലും ദുഷ്പ്രചരണം അനുവദനീയമല്ല. മറച്ചു വെക്കേണ്ടതാണ്.
പറഞ്ഞു, ഹ്യൂമാണിറ്റി ഫസ്റ്റ് സംവിധാനം നല്ല പോലെ പ്രഭാവിതമാകുന്നുണ്ട്. ഖുദ്ദാമും അൻസാറും അവരവരുടെ ചാരിറ്റി വോക്ക് സംഘടിപ്പിക്കുക. അതിന് സ്വന്തം പേര് നൽകുക. അതിന്റെ ബജറ്റ് രൂപീകരിക്കുക. ഫണ്ട് വിതരണം ചെയ്യുമ്പോൾ ഹ്യൂമാനിറ്റി ഫസ്റ്റിനും നൽകുക. മറ്റ് ക്ഷേമ സംഘടനകൾക്കും നൽകുക. ചെക്ക് നൽകുന്ന പരിപാടികൾ സംഘടിപ്പിക്കുമ്പോൾ പ്രിന്റ് ഇലക്ട്രോണിക്ക് മാധ്യമങ്ങളെയും വിളിക്കുക. അങ്ങനെ ജമാത്തിനെ പരിചയപ്പെടലും ആകും. അതോടൊപ്പം തന്നെ ഇസ്‌ലാം എത്ര സുന്ദരമായ മതമാണെന്നത് മറ്റുള്ളവർക്ക് ബോധ്യമാകുകയും ചെയ്യും.
**ഇശാഅത്ത് സെക്രട്ടറി**യോട് പറഞ്ഞു, ധനം സമ്പാദിക്കലല്ല ഇശാഅത്ത് വിഭാഗത്തിന്റെ ജോലി. മറിച്ച് അവരുടെ പ്രോഗ്രസും വിജയവും, ഞങ്ങൾ ഇത്ര പുസ്തകങ്ങൾ വിൽപന നടത്തി എന്നതിലാണ്. പരിഭാഷപ്പെടുത്തുന്നവരുടെ ഒരു ടീമിനെ ഇവിടെ തയ്യാറാക്കുക...
ഖുദ്ദാമിന്റെയും ലജ്നയുടെയും പ്രത്യേകം പ്രത്യേകം ടീമിനെ തയ്യാറാക്കുക. അഹ്മദിയ്യത്തിനെതിരായുള്ള വിവിധ വെബ്സൈറ്റുകളിൽ അവർ യഥാർഥ അധ്യാപനങ്ങൾ നിറക്കട്ടെ. ആരെങ്കിലും പ്രസ്തുത സൈറ്റിൽ പോകുകയാണെങ്കിൽ അവർക്ക് അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിന്റെ അധ്യാപനം അവിടെ ലഭിക്കണം.
അനഹ്മദികളെ ക്ഷണിക്കുന്ന നമ്മുടെ പരിപാടികളിലും റിസെപ്ഷനിലും നമ്മുടെ സ്ത്രീകൾ അതിഥികളോടൊപ്പം ഉണ്ടാകാറില്ല എന്നതിനെ സംബന്ധിച്ച് ചോദ്യം ഉന്നയിച്ചപ്പോൾ ഹുസൂർ പറഞ്ഞു, ഒന്നാമതായി നാം ക്ഷണിക്കുന്ന അതിഥികൾക്ക് നമ്മുടെ നിലപാടിനെ സംബന്ധിച്ചുള്ള അറിവുണ്ടായിരിക്കും. രണ്ടാമതായി അതിഥികളെയും കൊണ്ടു വരുന്ന സ്ത്രീകൾക്കായി ഹാളിന്റെ ഒരു മൂലയിൽ സ്ഥലം ഒരുക്കേണ്ടതാണ്. അവരവിടെ പർദയിൽ ഇരിക്കേണ്ടതാണ്. എന്നാൽ അവിടെയിരുന്ന് ഭക്ഷണം കഴിക്കുന്നതിനുള്ള അനുവാദം ഉണ്ടായിരിക്കുന്നതല്ല. ഭക്ഷണത്തിനായി മറ്റൊരു സ്ഥലം തയ്യാറാക്കേണ്ടതാണ്.
ഹുസൂർ പറഞ്ഞു, നാം എന്തുകൊണ്ടാണ് അഹ്മദികളായത് മറ്റുള്ളവരോട് നമ്മുടെ പെരുമാറ്റം എങ്ങനെയായിരിക്കണം എന്നുള്ളത് എല്ലാവരെയും പറഞ്ഞ് ബോധ്യപ്പെടുത്തേണ്ടതാണ്. നാം ഈ സമൂഹത്തിന്റെ സ്വാതന്ത്ര്യത്തിൽ ആണ്ടുപോകുന്നവരാകരുത്.



# വിജ്ഞാനവേദി

**ഹ:ഖലീഫത്തുൽ മസീഹ് റാബിഅ്**

*1990 ഫെബ്രുവരി 24 ന് ലണ്ടനിലെ ക്യൂൻ എലിസബത്ത് ഹാളിൽ വച്ച് ഹദ്റത് മിർസാ താഹിർ അഹ്മദ് ഖലീഫത്തുൽ മസീഹ്(റഹ്) ഒരു പ്രസംഗം നടത്തുകയുണ്ടായി. ഇത് പിന്നീട് islam's response to contemporary issues എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിക്കപ്പെട്ടു ( ഇപ്പോൾ മലയാളത്തിലും). പ്രസ്തുത പ്രസംഗപരിപാടിക്ക് ശേഷം നടന്ന ചോദ്യോത്തരത്തിലെ ഒരു ചോദ്യവും മറുപടിയുമാണ് ചേർക്കുന്നത്. അമത്തുൽ ഹാദി അഹ്മദ് ശേഖരിച്ചത്..*

**ചോദ്യം:** പ്രസംഗത്തിൽ മോക്ഷം കുത്തകയാക്കാൻ സാധിക്കില്ല എന്ന് പരാമർശിച്ചിരുന്നു. എങ്കിൽ പിന്നെ വിശുദ്ധഖുർആനിൽ അല്ലാഹു "അല്ലാഹുവിന്റെ മതമായി ഇസ്‌ലാമാണ് തൃപ്തിപ്പെട്ടത്" എന്നു എന്തുകൊണ്ട് പറഞ്ഞു?

**ഉത്തരം:** ഞാൻ വിശദീകരിച്ചു കഴിഞ്ഞ കാര്യങ്ങളുടെ സുപ്രധാനമായ ഒരു ഭാഗമാണിത്. ഖുർആൻ അനുസരിച്ച് ഇസ്‌ലാമെന്നാൽ മതമെന്ന പേരിൽ അറിയപ്പെടുന്ന ഇസ്‌ലാമിന്റെ മാത്രം വിശേഷണമല്ല. മറിച്ച് സകല മതങ്ങളുടെയും പ്രാരംഭാവസ്ഥയെ വലയം ചെയ്യുന്ന പദമാണ്. ഇസ്‌ലാമെന്നാൽ സമർപ്പണമാണ്. ദൈവാഭീഷ്ടത്തിന്റെ മുന്നിൽ സമ്പൂർണ്ണമായ സമർപ്പണമാണത്. എല്ലാ മതങ്ങളും ഇസ്‌ലാമുമായി ബന്ധപ്പെട്ടവയാണെന്ന് അതു തന്നെ പറയുന്നു. കൂടാതെ ഇബ്രാഹീമിന്റെ വിശ്വാസവും ഇസ്‌ലാമെന്നാണ് പരാമർശിക്കപ്പെട്ടത്. താങ്കൾക്ക് പ്രസ്താവനകൾ തമ്മിൽ പ്രഥമദൃഷ്ട്യാ വൈരുദ്ധ്യം തോന്നുവാനുള്ള ഒരു കാരണം ഇതാണ്.

ഇസ്‌ലാമിന്റെ വീക്ഷണപ്രകാരം മോക്ഷത്തിന് ആധാരം ഒരുവന്റെ വിശ്വാസത്തെക്കാളുപരിയായി അവന്റെ സത്യസന്ധതയാണ്. ഇതാണ് ചോദ്യത്തിനുള്ള രണ്ടാമത്തെ കാരണം. ഒരുവൻ തന്റെ പരിപൂർണ്ണ ആത്മാർഥയോടെയും വിശ്വസ്ഥതയോടും ഒരു കാര്യം സത്യമെന്ന് വിശ്വസിക്കുകയും അവന്റെ വിശ്വാസവും കർമ്മവും തമ്മിൽ വൈരുദ്ധ്യമില്ലാതിരിക്കുകയുമാണെങ്കിൽ പിന്നെ അവന്റെ തീരുമാനത്തിലുണ്ടാവുന്ന പിഴവുകളിൽ അവനെ ഉത്തരവാദിയാക്കുകയില്ല. ഇസ്‌ലാമിക അദ്ധ്യാപനത്തിന്റെ മൂലതത്വമാണിത്. എന്നിരിക്കലും വി.ഖുർആൻ മറ്റിടങ്ങളിൽ ഇസ്‌ലാമാണ് അന്തിമ മതമെന്ന് പ്രഖ്യാപിക്കുന്നുമുണ്ട്.

ഉദാഹരണത്തിന് സൂറ 5:4 ൽ പറയുന്നു: *ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണമാക്കിത്തരികയും, എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും, ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.* അതായത് സാർവ്വലൗകികമായിത്തീർന്നിരിക്കുന്ന ഒരു മതത്തെ നാം മാനവരാശിക്കായി പൂർത്തികരിച്ചിരിക്കുന്നു.

അതിനാൽ സാർവ്വലൗകിക പൗരന് ഈ മതം ആവശ്യമാണ്. മനുഷ്യൻ ഈ മതത്തിന്റെ ആവശ്യക്കാരനാണ്. എന്നാൽ അവൻ ഇതേക്കുറിച്ച് കേട്ടിട്ടു പോലുമില്ലെങ്കിൽ. അഥവാ കേട്ടത് ബോധ്യമാവുന്ന തരത്തിലല്ലെങ്കിൽ അവൻ വിശ്വാസങ്ങളിൽ തന്നെ പൂർണ്ണമായ വിശ്വസ്തയിലും ആത്മാർത്ഥതയിലും ഉറച്ചു നിന്നാൽ നീതിമാനായ ദൈവത്തെക്കുറിച്ച് അവന് ഭയപ്പെടേണ്ടതില്ല എന്നതാണ് സാരം.

ബഹുമാന്യരെ

# സർക്കുലർ വഖ്ഫെ ജദീദ്

അസ്സലാമു അലൈക്കും.വ.വ

സയ്യദ്നാ ഹ.അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 2014 ജനുവരി 3 ാം തിയ്യതി ജുമുഅ ഖുതുബയിൽ വഖ്ഫെ ജദീദിന്റെ 57 – ാം നവവൽസരവിളംബരം നടത്തുകയുണ്ടായി. പുതുവർഷാശംസകളും വഖ്ഫെ ജദീദിന്റെ വിളംബരവും നടത്തിക്കൊണ്ട് ചെയ്ത ഹുസൂർ തിരുമനസ്സിലെ ഖുത്തുബ വളരെ ശ്രദ്ധേയവും പ്രാധാന്യമർഹിക്കുന്നതുമാണ്. സാമ്പത്തികമായി അഹ്മദികൾ ചെയ്തുകൊണ്ടിരിക്കുന്ന അനിതര സാധാരണമായ നിരവധി സംഭവങ്ങൾ ഹുസൂർ ഖുത്തുബയിൽ കേൾപ്പിച്ചു.

ഇത്തവണയും വഖ്ഫെ ജദീദിലേക്കുള്ള ധനത്യാഗത്തിൽ ഇന്ത്യ 6 –ാം സ്ഥാനത്തും സ്റ്റേറ്റിസ്ഥാനത്തിൽ കേരളം 1 ാം സ്ഥാനത്തും എത്തിച്ചേർന്നിരിക്കുന്നു (അൽഹംദുലില്ലാഹ്)

പുതുവർഷം നാം ഓരോ അഹ്മദികളുടേയും ത്യാഗങ്ങൾക്കും അർപ്പണങ്ങൾക്കും ഉതകുന്നതാകട്ടെ എന്ന് പ്രത്യാശിക്കുന്നു. കഴിഞ്ഞ വർഷം വഖ്ഫെ ജദീദിന്റെ മാർഗത്തിൽ ത്യാഗം ചെയ്ത ഓരോ ജമാഅത്തിനും മുഴുവൻ അംഗങ്ങൾക്കും ഭാരവാഹികൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം അല്ലാഹു അവരുടെ ഇഖ്ലാസിലും ധനത്തിലും അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ എന്ന് പ്രാർഥിക്കുന്നു.

വഖ്ഫെ ജദീദിന്റെ മാർഗത്തിൽ ധനം ത്യാഗം ചെയ്ത ഇന്ത്യയിലെ ആദ്യത്തെ പത്ത് ജമാ അത്തുകളിൽ സ്ഥാനം പിടിക്കാൻ കഴിഞ്ഞ കരുളായി, കോഴിക്കോട്, കണ്ണൂർ ടൗൺ, പഴയങ്ങാടി, പത്തപ്പിരിയം, മാത്തോട്ടം, എന്നീ ജമാഅത്തുകളെ അഞ്ചുമൻ വഖ്ഫെ ജദീദ് ഭാരത് പ്രത്യേകം അഭിനന്ദിക്കുകയും ചെയ്യുന്നു. അല്ലാഹു നമുക്ക് ഇനിയും നന്മയിൽ മുന്നേറാൻ സൗഭാഗ്യം നൽകുമാറാകട്ടെ.

വസ്സലാം
വിനീതൻ
മുഹമ്മദ് താഹിർ അഹ്മദ്
നാസിം മാൽ വഖ്ഫെ ജദീദ്

## ശതാബ്ദം
### 1914 മാർച്ച്

എസ്

◆ ഹുസൂറിന്റെ ആരോഗ്യം മോശമായി. ഹുസൂർ ഒരു കടലാസിൽ എന്തോ എഴുതി തന്റെ പത്നിയെ ഏൽപ്പിക്കുകയും പിന്നീട് വായിക്കുവാനായി ആവശ്യപ്പെടുകയും ചെയ്തു. അതിൽ ഇരുലോകത്തും അനുഗ്രഹം നേടുവാനുള്ള വഴികൾ അടങ്ങിയിരുന്നു. അത് ഇപ്രകാരമായിരുന്നു.

**1. അഞ്ചുനേരം നമസ്കരിക്കുക**
**2. വിഗ്രഹാരാധനയിൽ നിന്നും ഒഴിഞ്ഞു നിൽക്കുക.**
**3. കളവു പറയരുത്, മോഷ്ടിക്കരുത്. അത്യാഗ്രഹം, അക്ഷമ, ഭീരുത്വം, മറ്റുള്ളവരെ ഭയപ്പെടുക എന്നിവയിൽ നിന്ന് വിട്ടു നിൽക്കുക. പകരം, നിങ്ങൾ നമസ്കരിക്കുക, ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുക, വിശ്വസ്തനായിരിക്കുക, നന്മ ചെയ്യുന്നവരായിരിക്കുക, നിങ്ങളുടെ കണ്ണുകളെ നിയന്ത്രണത്തിൽ നിർത്തുക, മറ്റുള്ളവരെ കുറിച്ച് മോശമായി ചിന്തിക്കുന്നതിൽ നിന്നും വിട്ടുനിൽക്കുക, ധൈര്യം കാണിക്കുക, ദൃഢമനസ്സോടെയിരിക്കുക. അല്ലാഹുവിൽ നിന്ന് വിശ്വാസം തേടുക.**



**കോട്ടി ദാറുസ്സലാം.** (ഹദ്റത് നവാബ് മുഹമ്മദ് അലിഖാൻ സാഹിബിന്റെ "ദാറുസ്സലാം" എന്ന ബംഗ്ലാവ്) ഹുസൂറിന്റെ ജീവിതകാലത്തെ അവസാനനാളുകൾ ഇവിടെയാണ് ചിലവഴിച്ചത്

◆ ഹുസൂറിന്റെ ജീവിതകാലത്തെ അവസാനത്തെ വെള്ളിയാഴ്ച നമസ്കാരത്തിന് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് നേതൃത്വം നൽകി.

◆ ഹുസൂറിന് പെട്ടെന്ന് തളർച്ച ബാധിക്കുകയും അദ്ദേഹം ഹദ്റത്ത് സയിദ് സർവാർ ഷാ സാഹിബിനോട് ഒരു പേനയും മഷിയും കൊണ്ടുവരാൻ ആവശ്യപ്പെടുകയും ചെയ്തു. ഹുസൂർ പേനയെടുത്തു, കിടന്നുകൊണ്ട് തന്നെ ഇപ്രകാരം എഴുതി.

بسم الله الرحمن الرحيم

نحمده ونصلى على رسوله الكريم و اله مع التسليم

ഞാൻ ഇതു എഴുതുന്നത് എന്റെ പരിപൂർണ്ണബോധത്തോടു കൂടിയാണ്.

لا اله الا الله محمد رسول الله


എന്റെ കുട്ടികൾ ചെറുതാണ്. നമുക്ക് സ്വത്തുക്കൾ ഒന്നുമില്ല. അല്ലാഹുവാണ് അവരുടെ രക്ഷകൻ. അനാഥർക്കുള്ള ഫണ്ടിൽ നിന്നും പണമെടുത്ത് അവരെ സഹായിക്കരുത്. അവർക്ക് തിരിച്ചടക്കാനുള്ള വ്യവസ്ഥയോടു കൂടി പണം കടമായി നൽകാൻ ഏർപ്പാടാക്കണം. അല്ലാത്ത പക്ഷം എന്റെ ലിഖിതങ്ങൾ എന്റെ മക്കളുടെ സ്വത്തായി കണക്കാക്കണം. എന്നെ പിന്തുടരുന്നയാൾ സത്യസന്ധനും, പണ്ഡിതനും, ജമാഅത്തിലുള്ളവർ ഇഷ്ടപ്പെടുന്നയാളുമായിരിക്കണം. അദ്ദേഹം വാഗ്ദത്ത മസീഹിന്റെ പഴയതും പുതിയതുമായ സ്വഹാബികളോട് ദയാപൂർവ്വവും സൗമ്യവുമായി പെരുമാറണം. ഞാൻ എല്ലാവർക്കും നന്മ മാത്രം ആഗ്രഹിച്ചു, അതു പോലെയായിരിക്കണം അദ്ദേഹവും. ഖുർആന്റെയും ഹദീസിന്റെയും ദർസുകൾ തുടർന്നുപോകണം.

വസ്സലാം
നൂറുദ്ദീൻ
1914 മാർച്ച് 13

◆ 1914 മാർച്ച് 13ന് വെള്ളിയാഴ്ച ഹുസൂറിന്റെ ആരോഗ്യനില വഷളാവുകയും ജുമുഅക്ക് ശേഷം 2.20ന് നമ്മുടെ പ്രിയങ്കരനായ ഇമാം ഖലീഫത്തുൽ മസീഹ് ഒന്നാമൻ അദ്ദേഹത്തിന്റെ പ്രാർത്ഥനാവേളയിൽ വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ

◆ പിറ്റേന്ന് അസർ നമസ്കാരത്തിനു ശേഷം, ജമാഅത്തംഗങ്ങൾ നൂർ മസ്ജിദിൽ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) നേതൃത്വത്തിൽ ബൈഅത്ത് പ്രതിജ്ഞ ചെയ്തു. അദ്ദേഹം ആ അവസരത്തിൽ ഒരു പ്രഭാഷണം നടത്തി. പിന്നീട് അദ്ദേഹം, തഅ്ലീമുൽ ഇസ്ലാം ഹൈസ്കൂൾ ഗ്രൗണ്ടിൽ വെച്ച് ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ ജനാസ നമസ്കാരത്തിനു നേതൃത്വം നൽകി. 2300 സ്ത്രീകളും പുരുഷന്മാരും അതിൽ പങ്കെടുത്തു. 6.15ന് കബറടക്കം നടന്നു. മസീഹ് മൗഊദ്(അ)ന്റെ കബറിന്റെ അടുത്താണ് ഖലീഫത്തുൽ മസീഹ് ഒന്നാമനെ കബറടക്കിയത്.

◆ഹുസൂർ ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ വെച്ച് സൂറാ മുജാദിലാ അധ്യായത്തിൽ തുടങ്ങി വിശുദ്ധ ഖുർആൻ ദർസ് ആരംഭിച്ചു. ഖലീഫത്തുൽ മസീഹ് ഒന്നാ



മന്റെ ആഗ്രഹപ്രകാരം ലജ്നയിലും ദർസ് ആരംഭിച്ചു.

◆രണ്ടാം ഖിലാഫത്തിന്റെ ആദ്യത്തെ ജുമുഅ ഖുത്ബ മാർച്ച് 20ന് ആയിരുന്നു.

◆ഖിലാഫത്ത് എന്ന വിഷയത്തിൽ വളരെ സുപ്രധാനമായ ഒരു പ്രഭാഷണം നടത്തി. *അല്ലാഹുവിന്റെ പ്രവർത്തിയെ തടയാൻ ആർക്ക് സാധിക്കും* എന്ന പേരിൽ അത് പ്രസിദ്ധീകരിക്കപ്പെട്ടു.

# വാഗ്ദത്ത മസീഹിന്റെ ജീവിത പരിശുദ്ധി

**ദൈവ നിയോഗിതരുടെ യഥാർത്ഥ ചരിത്രം വിശുദ്ധ ഖുർആൻ വിവരിക്കുന്നുണ്ട്. അവരുടെ സത്യസാക്ഷ്യത്തിനുള്ള ഏറ്റവും വലിയ തെളിവ് അവരുടെ വാദത്തിനു മുൻപുള്ള പരിശുദ്ധ ജീവിതമാണ് എന്നാണ് അതിൽ നിന്നും മനസ്സിലാകുന്നത്. ശിർക്കിൽ നിന്നും മറ്റു തിന്മകളിൽ നിന്നും അല്ലാഹു അവരെ സംരക്ഷിക്കുന്നു. സമൂഹം അവരുടെ പവിത്രതയെ അംഗീകരിക്കുമാറ് ധർമ്മനിഷ്ഠയോടു കൂടിയ ജീവിതം അവർ നയിക്കുന്നു. വാദത്തിനു ശേഷം ശത്രുക്കൾ അവരുടെ മേൽ പലവിധ വ്യാജാരോപണങ്ങളും ഉന്നയിക്കാറുണ്ടെങ്കിലും വാദത്തിനു മുൻപ് അവരുടെ ജീവിതത്തിൽ ഒരു പെരുവിരൽ പോലും അനക്കാൻ അവർക്കാവില്ല. ആയതിനാൽ വാദത്തിന് ശേഷമുള്ള ആക്ഷേപങ്ങൾ പരിഗണനാർഹമല്ല. കാരണം, അത് ശത്രുതയിൽ നിന്നുദ്ഭവിച്ചതാണ്. വാദത്തിനു മുൻപ് ഒരു സാധാരണ വ്യക്തി എന്ന നിലയിൽ അദ്ദേഹം നയിച്ച പരിശുദ്ധ ജീവിതമാണ് ശ്രദ്ധാർഹമായിരിക്കുന്നത്.**

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ **ഹ: മിർസാ ഗുലാം അഹ്മദ്** വാദിച്ചത് ഇക്കാലഘട്ടത്തിലെ ദൈവനിയോഗിതനും മുസ്ലീം സമദായം ആയിരത്തി നാനൂറ് വർഷമായി കാത്തിരിക്കുന്ന വാഗ്ദത്ത വ്യക്തിയുമാണ് താനെന്നാണ്. തന്റെ സത്യതയ്ക്ക് തെളിവായി വാദത്തിനു മുൻപുള്ള തന്റെ പരിശുദ്ധ ജീവിതത്തെയാണ് അദ്ദേഹം സമർപ്പിച്ചത്. എതിരാളികളെ വെല്ലുവിളിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു: "എന്റെ ആദ്യകാല ജീവിതത്തിൽ നിങ്ങൾക്ക് ഏതെങ്കിലും ഒരു കളവോ വഞ്ചനയോ ചൂണ്ടിക്കാണിക്കാൻ നിങ്ങൾക്കാവില്ല എന്തെന്നാൽ, കളവും കറ്റുകെട്ടും ശീലമാക്കിയവനെ സംബന്ധിച്ച് ഇതും അവൻ പടച്ചുണ്ടാക്കിയതാവാം എന്ന ചിന്ത നിങ്ങളെ ഗ്രസിച്ചേക്കാം. എന്റെ ജീവിതത്തിൽ വല്ല തെറ്റുകുറ്റമോ ചൂണ്ടിക്കാണിക്കാൻ നിങ്ങളിൽ ആർക്കെങ്കിലും കഴിയുമോ? തുടക്കം മുതലേ അല്ലാഹു എന്നെ ഭയഭക്തിയിൽ നിലനിർത്തി എന്നത് അവന്റെ അനുഗ്രഹമത്രേ. ചിന്തിക്കുന്നവർക്ക് ഇതൊരു തെളിവാണ്.



**ഹ: മിർസാ ഗുലാം അഹ്മദ്** (അ)
(വാഗ്ദത്ത മസീഹ്)

വീണ്ടും പറയുന്നു: "എന്റെ പ്രായം വളരെയധികം കഴിഞ്ഞു കടന്നിരിക്കുകയാണ്. എന്റെ വായിൽ നിന്നും കളവ് ഉതിർന്നതായി തെളിയിക്കാൻ ആർക്കെങ്കിലും ആകുമോ? മാത്രമല്ല, ഞാൻ അല്ലാഹുവിനു വേണ്ടി ജനങ്ങളോട് കളവ് പറയുന്നതിൽ നിന്നും വിട്ടു നിൽക്കുകയും എന്റെ ജീവനും സ്വത്തും അതിനായി ബലിയർപ്പിക്കുകയും ചെയ്തിരിക്കെ പിന്നെ അല്ലാഹുവിനെ സംബന്ധിച്ച് ഞാൻ കളവ് പറയുന്നതെങ്ങനെ?'

'നൂറു വർഷം മുൻപ് ആണ് അദ്ദേഹം ഈ ചാലഞ്ച് ചെയ്തത്. എന്നാൽ ഇതിന് മറുപടി നൽകാൻ ആരും ധൈര്യപ്പെട്ടില്ല. വാദത്തിനു ശേഷം ശത്രുക്കൾ ആരോപണമുന്നയിക്കുന്നത് സാധാരണമാണ്. എന്നാൽ വാദത്തിനു മുൻപുള്ള ജീവിതത്തിൽ വല്ല ആക്ഷേപവും ഉന്നയിക്കാൻ സാധിച്ചില്ലെന്ന് മാത്രമല്ല, അദ്ദേഹത്തെ കണ്ടവരും അദ്ദേഹവുമായി ബന്ധം സ്ഥാപിച്ചവരും അദ്ദേഹം പരിശുദ്ധനാണെന്ന് സാക്ഷ്യപ്പെടുത്തുകയുമാണുണ്ടായത്.

### മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി

പ്രശസ്ത അഹ്ലെ ഹദീസ് പണ്ഡിതനായ മുഹമ്മദ് ഹുസൈൻ ബട്ടാവി സാഹിബ് വാദത്തിനു ശേഷം അദ്ദേഹത്തെ എതിർത്ത വ്യക്തിയാണ്. എന്നാൽ ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തെ അവലോകനം ചെയ്തുകൊണ്ട് അദ്ദേഹം എഴുതി: "ബറാഹീനെ അഹ്മദിയ്യായുടെ രചയിതാവ് ശത്രുക്കളുടെയും മിത്രങ്ങളുടെയും അനുഭവത്തിൽ മുഹമ്മദീ ശരീഅത്തിൽ ചരിക്കുന്ന ആളും ഭക്തനും സത്യസന്ധനുമാണ്."

### മൗലാനാ അബുൽ കലാം ആസാദ്

ഇന്ത്യയിലെ പ്രശസ്ത മതപണ്ഡിതനും ഖുർആൻ വ്യാഖാതാവും പത്രപ്രവർത്തകനും കൂടിയായ മൗലാന അബുൽ കലാം ആസാദ് പറയുന്നു: "മിർസാ സാഹിബിന്റെ ക്യാരക്ടറിൽ ഒരു ചെറിയ കളങ്കം പോലും കാണുന്നില്ല. അദ്ദേഹം പരിശുദ്ധനായി ജീവിച്ചു. ഭക്തനായി ജീവിതം കഴിച്ചുകൂട്ടി. ചുരുക്കത്തിൽ മിർസാ സാഹിബിന്റെ ജീവിതത്തിലെ ആദ്യ അമ്പത് വർഷങ്ങൾ ധാർമ്മികമായ നിലയിലും ഇസ്ലാമതസേവനം എന്ന നിലയിലും അദ്ദേഹത്തെ അത്യുത്തമമായ സ്ഥാനത്തേക്ക് എത്തിക്കുകയാണുണ്ടായത്."

### മുൻശി സിറാജുദ്ദീൻ സാഹിബ്

കവിയും പത്രപ്രവർത്തകനും പ്രസിദ്ധ മുസ്ലീം നേതാവുമായ മൗലാനാ സഫറലിഖാന്റെ പിതാവ് മൗലാനാ സിറാജുദ്ദീൻ സാഹിബ് സമീന്ദാർ എന്ന പത്രത്തിൽ സാക്ഷ്യപ്പെടുത്തുന്നു: "നിറഞ്ഞ യൗവനത്തിലും അദ്ദേഹം (മിർസാ സാഹിബ്) തികഞ്ഞ ഭക്തനും സദ്വൃത്തനുമാണെന്നതിന് എന്റെ കണ്ണുകൾ സാക്ഷിയാണ്."

### സിയാൽകോട്ടിലെ ജനങ്ങൾ

വാദത്തിനു മുൻപ് വാഗ്ദത്ത മസീഹ്(അ) കുറച്ച് കാലം സിയാൽകോട്ടിൽ കഴിച്ചു കൂട്ടിയിരുന്നു. അദ്ദേഹവുമായി കൂടിക്കാഴ്ച്ച നടത്തിയവരെല്ലാം അദ്ദേഹം പരിശുദ്ധനും ഭക്തനുമാണെന്ന് വിശ്വസിച്ചു. ഒപ്പം താമസിച്ചവർ അദ്ദേഹത്തെ ഒരു വലിയായാണ് കരുതിയത്.

### ഹകീം മസ്ഹർ ഹുസൈൻ സാഹിബ്

പിന്നീട് കഠിന ശത്രുവായി മാറിയ സിയാൽകോട്ടിലെ ഹകീം മസ്ഹർ ഹുസൈൻ സാഹിബ് പറയുന്നു: "ഉറച്ച പ്രകൃതവും ഉയർന്ന ആവേശവും ചിന്തകളുമുള്ള മനുഷ്യൻ."

### സയ്യിദ് മീർ ഹസൻ സാഹിബ്

പ്രശസ്ത കവി അല്ലാമ: ഇഖ്ബാലിന്റെ ഗുരുവായ സയ്യിദ് മീർ ഹസൻ വാഗദ്ത്ത മസീഹിനെ അദ്ദേഹത്തിന്റെ ഇരുപത്തിയെട്ടാമത്തെ വയസ്സിൽ കണ്ടിരുന്നു. ഇതു സംബന്ധിച്ച് പിന്നീടദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്: "അദ്ദേഹം ഏകാന്തവാസിയും ധർമ്മിഷ്ഠനുമായിരുന്നു. പാഴ്‌വേലകളിൽ നിന്ന് വിട്ട് നിന്നിരുന്നു. അദ്ദേഹം വാക്കിലും പ്രവർത്തിയിലും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാണെന്ന് ഒറ്റനോട്ടത്തിൽ തന്നെ തെളിയുമായിരുന്നു.

### ഖാദിയാനിലെ ഹിന്ദുക്കൾ

അദ്ദേഹത്തിന്റെ സത്യം സാക്ഷ്യപ്പെടുത്തുന്നവരിൽ ഖാദിയാൻ എന്ന തന്റെ ഗ്രാമത്തിൽ കുട്ടിക്കാലം മുതൽ പരിചയമുള്ള ഒരു ഹിന്ദുവും ഉൾപ്പെടുന്നു. അദ്ദേഹം പറയുന്നു: "കുട്ടിക്കാലം മുതൽ എനിക്ക് മിർസാ സാഹിബിനെ അറിയാം. ഞങ്ങൾ സമകാലീനരാണ്. ഖാദിയാനിൽ ഞാൻ എന്നും പോയിവരാറുള്ളതാണ്. ഇന്നുള്ള അതേ പരിശുദ്ധ സ്വഭാവമായിരുന്നു മുൻപും അദ്ദേഹത്തിനുണ്ടായിരുന്നത്. അദ്ദേഹം വിശ്വസ്തനും സദ്‌വൃത്തനുമായിരുന്നു. ദൈവം മിർസാ സാഹിബിന്റെ രൂപത്തിൽ ഭൂമിയിലേക്ക് ഇറങ്ങി വന്നിരിക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

### മൗലവി ഗുലാം റസൂൽ സാഹിബ്

വാഗ്ദത്തമസീഹിന്റെ കുട്ടിക്കാലത്തെ പരിശുദ്ധ പ്രകൃതത്തെപ്പറ്റി മൗലവി ഗുലാം റസൂൽ സാഹിബ് പറയുന്നു:

**"ഇക്കാലഘട്ടത്തിൽ ഒരു നബിയുണ്ടാകുമെങ്കിൽ ഈ കുട്ടി നുബുവ്വത്തിന് യോജിച്ചവനാണ്."**

### വക്കീലിന്റെ സക്ഷ്യം

യുവത്വത്തിൽ അദ്ദേഹത്തിന്റെ സത്യസന്ധതയും നന്മയും വളരെ പ്രസിദ്ധമായിരുന്നു.തന്റെ കുടുംബക്കാരുമായി ബന്ധപ്പെട്ട കേസിൽ അവർക്കെതിരിൽ സാക്ഷ്യം പറയുകയും അവരുടെ വെറുപ്പ് സമ്പാദിക്കുകയും ചെയ്ത അവസരത്തിൽ പോലും അദ്ദേഹം സത്യത്തെ കൈവെടിഞ്ഞില്ല. വാദത്തിനു മുൻപ് ഒരു ക്രിസ്ത്യാനി അദ്ദേഹത്തിനെതിരിൽ കേസ് കൊടുത്തു. അദ്ദേഹത്തിന്റെ വക്കീലിന്റെ അഭിപ്രായത്തിൽ കളവ് പറയാതെ കേസിൽ നിന്ന് രക്ഷപ്പെടുക സാധ്യമല്ലായിരുന്നു. എന്നാൽ കളവ് പറയാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. അല്ലാഹു അദ്ദേഹത്തിന് ഈ കേസിൽ വിജയം നൽകി. ഈ കേസിലെ അദ്ദേഹത്തിന്റെ വക്കീലായിരുന്ന ഫസലുദ്ദീൻ സാഹിബ് അദ്ദേഹത്തിന്റെ അപാരമായ ഈ സത്യസന്ധതയ്ക്ക് സാക്ഷിയാണ്. അദ്ദേഹം പറയുന്നു: "മിർസാ സാഹിബ് ഒരു മഹാവ്യക്തിയാണ്; ധർമ്മനിഷ്ഠയുള്ള ആളാണ്. അദ്ദേഹം സത്യസന്ധനാണെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു."

### ഹ:സൂഫി അഹ്മദ് ജാൻ സാഹിബ് ലുധിയാന

ദീനി സേവനത്തോടുള്ള അദ്ദേഹത്തിന്റെ ആവേശം കണ്ട് കൊണ്ട് പ്രസിദ്ധനായ സൂഫി ഹ:അഹ്മദ് ജാൻ സാഹിബ് പറഞ്ഞു:

**രോഗികളായ നമ്മുടെ ദൃഷ്ടി നിന്നിലാണ്**
**നീ മിശിഹാ ആകുവിൻ; ദൈവത്തിനു വേണ്ടി**

**വാഗ്ദത്ത മസീഹിന്റെ ജീവിത പരിശുദ്ധിയെയും ഉന്നത ധാർമ്മിക ഗുണങ്ങളെയും സംബന്ധിച്ച് മേൽ വിവരിച്ച സക്ഷ്യങ്ങൾ ഒന്നും തന്നെ അഹ്മദികളുടേതല്ല. അവയിൽ തന്നെ പലരും അദ്ദേഹത്തിന്റെ ശത്രുക്കളുമായിരുന്നു. അല്ലാഹു വാഗ്ദത്തമസീഹിനായി അവരുടെ നാവിൽ നിന്നും പുറപ്പെടുവിച്ച വാക്കുകളാണിത്. ചിന്തിക്കുന്നവർക്ക് ഇത് തെളിവാണ്. എല്ലാവരുടെയും ദൃഷ്ടികൾ ആരിലാണോ പതിഞ്ഞിരുന്നത് അദ്ദേഹത്തെ തന്നെ അല്ലാഹു മിശിഹാ ആക്കി. നാം അദ്ദേഹത്തെ തിരിച്ചറിയാൻ വൈകിപ്പോയിട്ടൊന്നുമില്ലല്ലോ? ചിന്തിക്കുക! വീണ്ടും വീണ്ടും ചിന്തിക്കുക.**

*സമ്പാ: ആരിഫ് മുഹമ്മദ് കോഴിക്കോട്*

# സുഹൃത്തുക്കളേ !

ഇനി എന്റെ ഒരു അവസാന വസിയ്യത്ത് കേട്ടു കൊള്ളുക. ഒരു രഹസ്യം പറഞ്ഞു തരാം. അത് നല്ലവണ്ണം ഓർമ്മിച്ചു കൊള്ളുക. ക്രിസ്ത്യാനികളുമായി നിങ്ങൾ സംവാദം നടത്തുമ്പോൾ നിങ്ങൾ അനുവർത്തിക്കുന്ന രീതി മാറ്റുക. യഥാർഥത്തിൽ മസീഹ്ബ്നു മർയം എന്നെന്നേക്കുമായി മരിച്ചിരിക്കുന്നുവെന്നാണ് ക്രിസ്ത്യാനികളുടെ മേൽ സ്ഥാപിക്കേണ്ടത്. ക്രിസ്തുമതത്തിനെതിരിൽ വിജയം തൂത്തുവാരാൻ ഈയോരു ചർച്ചയിലൂടെ മാത്രമേ സാധ്യമാകൂ. നീണ്ട കലഹങ്ങളിൽ ഏർപ്പെട്ടുകൊണ്ട് വിലയേറിയ സമയങ്ങൾ പാഴാക്കേണ്ട ആവശ്യം തന്നെ നിങ്ങൾക്കില്ല. മസീഹ്ബ്നു മർയമിന്റെ മരണത്തിൽ മാത്രം ഊന്നൽ നൽകുകയും ശക്തിമത്തായ തെളിവുകൾ ക്രിസ്ത്യാനികളുടെ ഹൃദയങ്ങളിൽ രൂഢമൂലമാക്കുകയും ചെയ്താൽ അന്ന് ക്രിസ്തുമതം ലോകത്തു നിന്ന് വിട പറയുമെന്ന് മനസ്സിലാക്കികൊള്ളുക. അവരുടെ ദൈവം മരിക്കുന്നതു വരെ അവരുടെ മതവും മരിക്കുന്നതല്ലെന്ന് തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക. അവരോടു ചെയ്യുന്ന മറ്റു ചർച്ചകളെല്ലാം വെറുതെയാണ്. അവരുടെ മതത്തിന് ഒരേയോരു തൂണാണ് ഉള്ളത്. മസീഹ് ബ്നു മർയം ഇപ്പോഴും ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസമാണത്. ആ തൂണിനെ ഛിന്നഭിന്നമാക്കുക. എന്നിട്ട് നിങ്ങൾ നോക്കുക ക്രിസ്തുമതം എവിടെയെന്ന്. ആ തൂണിനെ നിലം പരിശാക്കാനും യൂറോപ്പിൽ തൗഹീദിന്റെ കാറ്റ് വീശാനും ദൈവം ആഗ്രഹിക്കുന്നതു കൊണ്ടാണു അവൻ എന്നെ അയച്ചത്. മസീഹ്ബ്നു മർയം മരിച്ചു പോയെന്നും അവൻ എനിക്ക് വെളിപാടിറക്കി.

*(ഇസാലെ ഔഹാം)*

# അഹ്മദിയ്യത്ത് എന്ത് ? എന്തിന് ?

ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ
വാക്കുകളിൽ



ഹ: മിർസാ ഗുലാം അഹ്മദ്
(വാഗ്ദത്ത മസീഹ്)

പ്രവാചകർ ഭൂമിയിൽ വരുന്നതിന്റെ ഏറ്റവും അത്യന്തികമായ ലക്ഷ്യം, അവരുടെ തഅ്ലീമിന്റെയും തബ്ലീഗിന്റെയും അതിമഹത്തരമായ ഉദ്ദേശ്യം, ആളുകൾ ദൈവത്തിനെ തിരിച്ചറിയുക എന്നത് ആകുന്നു. അങ്ങനെ പാപപങ്കിലമായ ജീവിതത്തിൽ നിന്നും മോക്ഷം പ്രാപിക്കുകയും നരകത്തിലേക്കും നാശത്തിലേക്കും ചെന്നെത്തിക്കുന്ന ഈ ജീവിതത്തിൽ നിന്നും മുക്തി നൽകുക എന്നതും ആകുന്നു, യഥാർത്ഥത്തിൽ ഈ ഒരു വലിയ ഉദ്ദേശ്യമാണ് പ്രവാചകരുടെ മുന്നിൽ ഉണ്ടാകുന്നത്. ഈ സമയത്തും അല്ലാഹു ഒരു ജമാഅത്ത് സ്ഥാപിക്കുകയും എന്നെ നിയോഗിച്ച് അയക്കുകയും ചെയ്തതിന്റെ ഉദ്ദേശ്യവും പ്രവാചകരുടെ ഈ പൊതുവായ ലക്ഷ്യപ്രാപ്തിക്ക് വേണ്ടി തന്നെയാണ്. അതായത് ഞാൻ ദൈവം എന്താണ് എന്ന് പറയാൻ ആഗ്രഹിക്കുന്നു. ദൈവം എന്താണ് എന്ന് കാണിക്കുവാൻ ആഗ്ര ഹിക്കുന്നു. അങ്ങനെ പാപങ്ങളിൽ നിന്നും മുക്തി പ്രാപിക്കുവാനുള്ള മാർഗ്ഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. *(മൽഫൂസാത്ത് വാല്യം 3 പേജ്11)*

ഈ വിനീതനെ നിയോഗിച്ച് അയച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം ഈ ഒരു സന്ദേശം ദൈവത്തിന്റെ സൃഷ്ടികൾക്ക് എത്തിക്കുക എന്നത് മാത്രമാണ്. അതായത് ഇന്ന് ഭൂമിയിൽ നിലനിൽക്കുന്ന മതങ്ങളിൽ, സത്യത്തിൽ അധിഷ്ഠിതവും ദൈവികതൃപ്തിക്ക് അനുസൃതമായ മതം വിശുദ്ധ ഖുർആൻ കൊണ്ട് വന്ന മതമാണ്. മോക്ഷത്തിന്റെ ഭവനത്തിലേക്കുള്ള പ്രവേശനകവാടം ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദു റസൂലുല്ലാഹ് എന്നതാണ്. *(ഹുജ്ജത്തുൽ ഇസ്ലാം പേജ് 12,13)*

## അഹ്മദിയ്യത്ത് എന്ന പേര്



ഈ ജമാഅത്തിന് ഏറ്റവും അനുയോജ്യമായതും എനിക്ക് വേണ്ടിയും ഈ ജമാഅത്തിന് വേണ്ടിയും ഞാൻ ഇഷ്ടപ്പെട്ടതുമായ പേര് "മുസൽമാൻ ഫിർഖ അഹ്മദിയ്യാ" എന്നതാണ്. ഇതിനെ മദ്ഹബിലെ മുസ്ലിംകൾ എന്നും വിളിക്കാവുന്നതാണ്. ഈ ജമാഅത്തിന്റെ പേര് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് എന്ന് വെക്കുന്നതിന്റെ കാരണമിതാണ്. നമ്മുടെ പ്രവാചകൻ(സ) ന് രണ്ട് പേരാണ് ഉണ്ടായിരുന്നത് ഒന്ന് മുഹമ്മദ് (സ) രണ്ടാമത്തേത് അഹ്മദ് (സ). ഇതിൽ ഒരു ഗുപ്തമായ പ്രവചനം അടങ്ങിയിരിക്കുന്നു. റസൂൽ (സ) വാളെടുത്ത് ഇസ്ലാമിനെ അക്രമിക്കുകയും നൂറ് കണക്കിന് മുസ്ലിംകളെ കൊല്ലുകയും ചെയ്തവർക്ക് എതിരിൽ വാളെടുത്ത് തന്നെ പൊരുതി. എന്നാൽ അഹ്മദ് എന്ന പേര് സൗമ്യഭാവത്തെയാണ് സൂചിപ്പിക്കുന്നത് അതിന്റെ അർത്ഥം റസൂൽ(സ) ലോകത്ത് സമാധാനവും മൈത്രിയും വ്യപിക്കുന്നതാണ് എന്നതാണ്. അല്ലാഹു ഈ രണ്ടു പേരുകളേയും ഇപ്രകാരം വിഭജിച്ചിരിക്കുന്നു. റസൂൽ (സ) യുടെ മക്കയിലെ ജീവിതം അഹ്മദ് എന്ന പേരിനെ വെളിപ്പെടുത്തുന്നു. എല്ലാ അർത്ഥത്തിലും ശാന്തിയുടേയും സമാധാനത്തിന്റെയും അധ്യാപനം ആയിരുന്നു. പിന്നീട് മദീനയിലെ ജീവിതത്തിൽ മുഹമ്മദീ



നാമം പ്രകടമായി. അങ്ങനെ എതിരാളികളുടെ അന്ത്യം ദൈവികജ്ഞാനവും അറിവും അനിവാര്യമായി മനസ്സിലാക്കി. എന്നാൽ അവസാന കാലഘട്ടത്ത് വീണ്ടും അഹ്മദീ നാമം വെളിപ്പെടും എന്ന പ്രവചനമാണ് ഉണ്ടായിരുന്നത്. അഹ്മദീ വൃത്തം അതായത് സൗമ്യഭാവം വെളിപ്പെടുത്തുന്ന വ്യക്തിയാണ് വരേണ്ടിയിരുന്നത്. അങ്ങനെ എല്ലാ കലഹങ്ങളും അവസാനിക്കുന്നതാണ്. ആയതിനാൽ ഈ ജമാഅത്തിന്റെ പേര് അഹ്മദിയ്യാ ജമാഅത്ത് എന്ന് വേണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ ഈ പേര് കേൾക്കുമ്പോൾ തന്നെ ഈ ജമാഅത്തിന് യുദ്ധവും കലഹവുമായി യാതൊരു ബന്ധവും ഇല്ലായെന്നും ഈ ജമാഅത്തിലൂടെ ലോകത്തിൽ സമാധാനവും മൈത്രിയും വ്യാപിക്കുന്നതാണ് എന്നും ആർക്കും തന്നെ മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

*(തബ്‌ലീഗി രിസാലത്ത് വാള്യം 9 പേജ് 90,91)*

## മുഹമ്മദീ നാമവും അഹ്മദീ നാമവും

ആളുകൾ തങ്ങളുടെ കൂടെ പേരുകൾ ഹനഫി എന്നും ശാഫീ എന്നും വെച്ചിരിക്കുന്നത് ബിദ്അത്താണ്. റസൂൽ(സ) ന് രണ്ട് പേരുകളാണ് ഉണ്ടായിരുന്നത് ഒന്ന് മുഹമ്മദ് (സ) രണ്ടാമത്തേത് അഹ്മദ് (സ). ഹദ്റത് മൂസാ (അ) പരിശുദ്ധ പ്രവാചകന്റെ പേര് മുഹമ്മദ് എന്നാണ് പറഞ്ഞിരിക്കുന്നത്. കാരണം ഹദ്റത് മൂസാ(അ) സ്വയം രൗദ്രഭാവത്തിന്റെ പ്രകടനമായിരുന്നു. എന്നാൽ ഹദ്റത് ഈസാ(അ) അദ്ദേഹത്തിന്റെ പേര് അഹ്മദ് (സ) എന്നാണ് പറഞ്ഞിരിക്കുന്നത്. കാരണം അദ്ദേഹം സ്വയം സൗമ്യഭാവത്തിന്റെ പ്രകടമായിരുന്നു. നമ്മുടെ ജമാഅത്തിനും സൗമ്യഭാവം ഉള്ളതിനാലാണ് ഇതിന്റെ പേരും അഹ്മദി എന്നായത്. *(മൽഫൂസാത്ത് വാള്യം 2 പേജ് 207)*

## ജമാഅത്തിന്റെ സ്ഥാപനോദ്ദേശ്യം

പറയുന്നു, ഈസാ മസീഹ്(അ) ന്റെ മരണത്തെ സ്ഥിരീകരിക്കുന്ന ഒരു ജമാഅത്തിനെ സ്ഥാപിക്കുക എന്നത് ഒരിക്കലും അല്ലാഹുവിന്റെ ലക്ഷ്യമല്ല. ഈ കാര്യം മൗലവിമാരുടെ എതിർപ്പ് കാരണം ഇടയിൽ വന്നതാണ്. അല്ലെങ്കിൽ അങ്ങനെ ഒരു ആവശ്യം തന്നെ വരുന്നില്ല. അല്ലാഹുവിന്റെ യഥാർത്ഥ ഉദ്ദേശ്യം പരിശുദ്ധ ഹൃദയരായ സഹാബാക്കളെപ്പോലുള്ളവരുടെ ഒരു ജമാഅത്ത് സ്ഥാപിക്കുക എന്നതാണ്. ഓർത്ത് കൊള്ളുക സമ്പത്തിലും ഭൗതികയിലും മുന്നേറുകയും സുഖാഡംബരങ്ങളിൽ മുഴുകി കഴിയുകയും ചെയ്യുക എന്നതല്ല ജമാഅത്തിന്റെ ലക്ഷ്യം അങ്ങനെയുള്ള വ്യക്തികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. നിങ്ങൾ സഹാബാക്കളുടെ ജീവിതത്തിലേക്ക് നോക്കേണ്ടതാണ്. അവർ ജീവിതത്തെ സ്നേഹിച്ചിരുന്നില്ല. ഏത് സമയത്തും അവർ മരണം വരിക്കാൻ തയ്യാറായിരുന്നു. ബൈഅത്തിന്റെ അർഥം തങ്ങളുടെ ജീവൻ വിൽക്കുക എന്നതാണ്. മനുഷ്യൻ ജീവിതം സമർപ്പിച്ചുകഴിഞ്ഞാൽ പിന്നീട് ഭൗതികതയേ കുറിച്ചുള്ള ചോദ്യം ഇടയിൽ വരുന്നത് എന്തിനാണ്? അങ്ങനെയുള്ള ആൾ ഒരു ചടങ്ങ് എന്ന നിലയിലാണ് ബൈഅത്ത് ചെയ്യുന്നത്. അവന്റെ ഇന്നും നാളെയും നഷ്ടത്തിലാണ്. തന്റെ ഈമാനിക അവസ്ഥ നേരെയാക്കുവാൻ ആഗ്രഹിക്കുന്നവർ മാത്രമേ ഇവിടെ നിലനിൽക്കുകയുള്ളൂ.

*(മൽഫൂസാത്ത് വാള്യം 4 പേജ് 503,504)*




**“ നോക്കുക നന്നായി മനസ്സിലാക്കിക്കൊള്ളുക റസൂൽ (സ) ഖാത്തമുൽ അമ്പിയാ ആകുന്നു. അതായത് നമ്മുടെ പ്രവാചകൻ (സ) ക്ക് ശേഷം ഒരു പുതിയ നിയമ സംഹിതയോ, ഗ്രന്ഥമോ, കല്പനയോ വരികയില്ല.”**

## ആദർശങ്ങൾ

മോക്ഷപ്രാപ്തിക്കായി അല്ലാഹു ആവർത്തിച്ച് ആവർത്തിച്ച് പറഞ്ഞിരിക്കുന്നത് പോലെ സത്യഹൃദയത്തോടു കൂടി അല്ലാഹുവിനെ ഏകനും, പങ്കുകാരനില്ലാത്തവനും ആയി മനസ്സിലാക്കുകയും, റസൂൽകരീം (സ) സത്യ പ്രവാചകനായി മനസ്സിലാക്കുകയും, വിശുദ്ധഖുർആനെ ദൈവിക ഗ്രന്ഥമായി കാണുകയും, ഇനി ഖിയാമത്ത് നാൾ വരെ മറ്റൊരു ഗ്രന്ഥവും നിയമ സംഹിതനയും വരികയില്ലാ എന്നും, വിശുദ്ധഖുർആന് ശേഷം ഒരു ഗ്രന്ഥത്തിന്റേയോ നിയമസംഹിതയുടേയോ ആവശ്യമില്ലാ, എന്നും വിശ്വസിക്കേണ്ടത് അനിവാര്യമാണ്.

നോക്കുക നന്നായി മനസ്സിലാക്കിക്കൊള്ളുക റസൂൽ(സ) ഖാത്തമുൽ അമ്പിയാ ആകുന്നു. അതായത് നമ്മുടെ പ്രവാചകൻ(സ) ക്ക് ശേഷം ഒരു പുതിയ നിയമ സംഹിതയോ, ഗ്രന്ഥമോ, കല്പനയോ വരികയില്ല. ഇതേ ഗ്രന്ഥവും, കല്പനകളും മാത്രമേ നിലനിൽക്കുകയുള്ളൂ. എന്റെ ഗ്രന്ഥങ്ങളിൽ, നബിയെന്നും റസൂൽ എന്നും എന്നെ കുറിച്ച് ഉപയോഗിച്ചിട്ടുള്ള വാക്കുകൾക്ക് ഇനി പുതിയ ഒരു നിയമസംഹിതയോ കല്പനയോ പഠിപ്പിക്കും എന്ന് യാതൊരു അർത്ഥവുമില്ല.



A combined view of Aqsa Mosque and Minaret of the Promised Messiah[as]

മറിച്ച് അതിന്റെ അർത്ഥം ഇതാണ്. അല്ലാഹു തആലാ ഏതെങ്കിലും അനിവാര്യമായ കാലഘട്ടത്ത് ആരെയെങ്കിലും നിയോഗിക്കുമ്പോൾ, അവരെ ദൈവിക ഭാഷണം കൊണ്ട് അനുഗ്രഹിക്കുകയും, അദൃശ്യകാര്യങ്ങൾ അവരിൽ വെളിപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെയുള്ള ആളുകൾക്ക് നബി എന്ന വാക്ക് ഉപയോഗിക്കുന്നു. അങ്ങനെ ആ നിയോഗിതന് നബിയുടെ പദവി ലഭിക്കുന്നു. അതിന്റെ അർത്ഥം പുതിയ നിയമസംഹിത നൽകുക എന്നോ, റസൂൽ കരീം(സ) യുടെ ശരീഅത്തിനെ നഊദുബില്ലാ അവസാനിപ്പിക്കുമെന്നോ അല്ല. മറിച്ച് അവന് ലഭിക്കുന്നത് എല്ലാം തന്നെ റസൂൽ കരീം(സ) യെ സത്യസന്ധമായും, പരിപൂർണ്ണമായും അനുധാവനം ചെയ്യുന്നതു കൊണ്ടാണ്. അതല്ലാതെ കൊണ്ട് ഒന്നും തന്നെ നേടാൻ സാധ്യമല്ല. പാപം പെരുകുകയും ഭൗതികർ വിശ്വാസത്തിന്റെ യഥാർഥ്യത്തെ മനസ്സിലാക്കാതെ വരികയും, അവരിൽ കേവലം ചണ്ടിയും എല്ലും മാത്രം അവശേഷിക്കുകയും, അതിന്റെ അന്തസത്ത നഷ്ടപ്പെടുകയും ചെയ്യുന്ന കാലഘട്ടത്തിൽ, ഈമാനിക ശക്തി ദുർബലപ്പെട്ടു പോവുകയും, ശൈയ്ത്വാനിക പ്രവർത്തനങ്ങൾ ശക്തിപ്പെടുകയും, ഈമാനിക താത്പര്യവും അനുഭൂതിയും ഇല്ലാതാവുകയും ചെയ്യുന്നു. ആ സമയത്ത് അല്ലാഹു തന്റെ സനാതനമായ ചര്യ അനുസരിച്ച് തന്നിൽ പരിപൂർണ്ണമായി ലയിച്ച ഒരു പരിപൂർണ്ണ ദാസനെ തന്റെ ഭാഷണം കൊണ്ട് അനുഗ്രഹിച്ച് അയക്കുന്നു. ഈ കാലഘട്ടത്തിൽ അവൻ എന്നെ നിയോഗിച്ചിരിക്കുന്നു. എന്തെന്നാൽ ഈ കാലഘട്ടത്തിൽ ദൈവ സ്നേഹം പൂർണ്ണമായും മരവിച്ചിരുന്നു.

*(മൽഫൂസാത്ത് വാല്യം 3 പേജ് 498,499)*

## വാക്കുകൾ അല്ല പ്രവർത്തനം ആണ് വേണ്ടത്.

നമ്മുടെ ജമാഅത്ത് അംഗങ്ങൾ വെറും പാഴ്വാക്കുകളിൽ മാത്രം ഒതുങ്ങരുത്. മറിച്ച് ബൈഅത്തിന്റെ യഥാർത്ഥ ലക്ഷ്യത്തെ പൂർത്തിയാക്കുന്നവർ ആകേണ്ടതാണ്. ആന്തരിക പരിവർത്തനം അനിവാര്യമാണ്. വെറും ആദർശങ്ങൾക്കൊണ്ട് നിങ്ങൾക്ക് അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ സാധിക്കുകയില്ല. ആന്തരികമായ മാറ്റങ്ങൾ ഇല്ലായെങ്കിൽ നിങ്ങളും അന്യരും തമ്മിൽ യാതൊരു വിത്യാസവും ഇല്ല. നിങ്ങളിൽ, ചതി, വഞ്ചന, ആലസ്യം അലംഭാവം എന്നിവ ഉണ്ടെങ്കിൽ നിങ്ങൾ മറ്റുള്ളവരേക്കാൾ മുമ്പ് തന്നെ നാശമടയുന്നതാണ്. ഓരോരുത്തരും തന്നെ അവരവരുടെ ഭാരം ചുമക്കുകയും വാഗ്ദാനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യേണ്ടതാണ്.

*(മൽഫൂസാത്ത് വാല്യം 4 പേജ് 507)*

## മസീഹ് മൗഊദിന്റെ ആഗമനോദ്ദേശ്യം

എനിക്ക് രണ്ട് പ്രവർത്തനങ്ങൾ ആണ് ഉള്ളത്. ഒന്നാമതായി വിശ്വാസത്തിൽ സംഭവിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്കെതിരായിട്ടുള്ള തെറ്റുകളെ ദുരീകരിക്കുക. രണ്ടാമതായി ആളുകളുടെ പ്രവർത്തന വൈകല്യങ്ങളെ ദുരീകരിക്കുകയും അവരെ സഹാബാക്കളെപ്പോലെ ഭയഭക്തിയും പരിശുദ്ധിയും ഉള്ളവരാക്കിത്തീർക്കുകയും ചെയ്യുക.

*(മൽഫൂസാത്ത് വാല്യം 4 പേജ് 515)*

*സമ്പാ: അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ*

# ഖത്തം പൂർത്തിയാക്കി



**മാത്തോട്ടം:**കെ.പി.അക്ബർ ഷാ സാഹിബിന്റേയും മുമ്താസ് സാഹിബയുടേയും മകൻ ഹമ്മാദ് അഹ്മദ് (8 വയസ്സ്) വിശുദ്ധ ഖുർആൻ ഓതിപ്പൂർത്തിയാക്കി.

# സ്കോളർഷിപ്പ് ലഭിച്ചു



**കടലായി:** ദേശീയ തലത്തിൽ എദ ഗ്രേഡ് വിത് സ്കോളർഷിപ്പ് ലഭിച്ച അത്തിയത്തുൽ ഹയ്യ്, സമീർ അഹ്മദ് സാഹിബിന്റേയും ഫെമിന സാഹിബയുടേയും പുത്രിയാണ്.

# കൗൺസിലിങ്ങ് സംഘടിപ്പിച്ചു

**അലനല്ലൂർ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ പാലക്കാട് ജില്ലയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ വിദ്യാർഥികൾക്കായി കൗൺസിലിങ്ങ് ക്ലാസ് സംഘടിപ്പിച്ചു. ജില്ലാ തഅ്ലീം സെക്രട്ടറി കെ.നൂറുദ്ദീൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ക്ലാസ്സ് മൗലവി സൈനുൽ ആബിദീൻ സാഹിബ് ഉൽഘാടനം ചെയ്തു. ജമാലുദ്ദീൻ മാളിക്കുന്ന് , കെ. ഉണ്ണീൻ സാഹിബ്, മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ്, എം.ബശീർ സാഹിബ് എന്നിവർ ക്ലാസെടുത്തു.



# ജില്ലാ തർബിയ്യത്ത് ക്യാമ്പ്




**കൽക്കുളം:** മലപ്പുറം ജില്ലാ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ തർബിയ്യത്ത് ക്യാമ്പ് സംഘടിപ്പിച്ചു. ശനിയാഴ്ച വൈകുന്നേരം നടന്ന ക്യാമ്പിൽ ജില്ലാ അമീർ ടി.കെ അമീർ അലി സാഹിബ് അദ്ധ്യക്ഷത വഹിച്ചു. അഖിലേന്ത്യ മുആവിൻ സദ്ർ മൗലവി എസ്.എം ബശീറുദ്ദീൻ സാഹിബ് മുഖ്യ പ്രഭാഷണം നടത്തി. രാത്രി മുആവിൻ സദ്ർ സാഹിബിന്റെ നേതൃത്വത്തിൽ ജില്ലാ ആമില യോഗവും നടന്നു. അടുത്ത ദിവസം രാവിലെ മൗലവി ടി.എം അബ്ദുൽ മുജീബ് സാഹിബിന്റെ നേതൃത്വത്തിൽ തഹജ്ജുദ് നമസ്കാരവും തുടർന്ന് സുബ്ഹി നമസ്കാരവും ദർസും നടന്നു. പിന്നീട് സ്പോർട്ട്സും സംഘടിപ്പിച്ചു.

# വഖാറെ അമൽ



**ഖാദിയാൻ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ബാബുൽ അബ്‌വാബ് ഹൽഖയുടെ ആഭിമുഖ്യത്തിൽ സിവിൽ ഹോസ്പിറ്റലിൽ വഖാറെ അമൽ നടന്നു. 30 ഖാദിം സഹോദരങ്ങൾ പങ്കെടുത്തു. മുഅ്തമിം മഖാമി മൗലവി നാസിർ മഹ്മൂദ് സാഹിബ് ശുചീകരണ പ്രവൃത്തികൾക്ക് നേതൃത്വം നൽകി. പൂച്ചെടികളും നടുകയുണ്ടായി.

# തബ്‌ലീഗ് പരിപാടികൾ




**എടത്തനാട്ടുകര:** പാലക്കാട് ജില്ലയുടെ ആഭിമുഖ്യത്തിൽ ഒരാഴ്ച നീണ്ടു നിന്ന തബ്‌ലീഗീ പരിപാടികൾ സംഘടിപ്പിച്ചു. ജില്ലയിലെ വിവിധ ജമാഅത്തുകളിൽ നിന്നുള്ളവരുടെ സജീവ സാന്നിദ്ധ്യം പരിപാടിയുടനീളം ഉണ്ടായിരുന്നു. എടത്തനാട്ടുകരയിലും പരിസര പ്രദേശങ്ങളിലും ലീഫ്ലെറ്റ്സും നോട്ടീസും വിതരണം ചെയ്തു. കൂടാതെ വിവിധ സ്ഥലങ്ങളിൽ ബുക്ക് സ്റ്റാളുകളും സംഘടിപ്പിച്ചു. അതോടനുബന്ധിച്ച് ജില്ലാ അമീർ പ്രൊഫസർ എം.കെ അബ്ദുൽ കരീം സാഹിബിന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ച നബിദിന യോഗത്തിൽ മൗലവി മുഹമ്മദ് ഇസ്മാ ഈൽ സാഹിബ്, മൗലവി പി.എ മുഹമ്മദ് സലീം സാഹിബ് എന്നിവർ പ്രസംഗിച്ചു. തബ്‌ലീഗീ സമ്മേളനത്തിൽ മൗലവി എച്ച്. ശംസുദ്ദീൻ സാഹിബും മുള്ളൂർക്കര മുഹമ്മദുണ്ണി മുസ്‌ലിയാരും പ്രസംഗിച്ചു. മലപ്പുറം കേബിൾ വിഷനിൽ പരിപാടിയുടെ പ്രക്ഷേപണം ഉണ്ടായിരുന്നു.

# ബാഡ്മിന്റൻ ടൂർണമെന്റ്


**മുറിയക്കണ്ണി:** പാലക്കാട് ജില്ല ഖുദ്ദാമുൽ അഹ്മദിയ്യായുടെ ബാഡ്മിന്റൻ ടൂർണമെന്റ് സംഘടിപ്പിക്കപ്പെട്ടു. അഖിലേന്ത്യ മുആവിൻ സദ്ർ മൗലവി എസ്.എം. ബശീറുദ്ദീൻ സാഹിബ് ടൂർണമെന്റ് ഉൽഘാടനം ചെയ്തു. ജില്ലയിൽ നിന്നും പങ്കെടുത്ത 20 ടീമുകളിൽ മുറിയക്കണ്ണി വിജയികളായി. വിജയികൾക്ക് എസ്.എം. ബശീറുദ്ദീൻ സാഹിബ് ട്രോഫികൾ വിതരണം ചെയ്തു.

# അനുമോദിച്ചു



**കടലായി:** മികച്ച വില്ലേജ് ഓഫീസർ ആയി തിരഞ്ഞെടുക്കപ്പെട്ട ആശിക് സാഹിബിന് മജ്‌ലിസ് അൻസാറുല്ലാഹ് നൽകിയ സ്വീകരണത്തിൽ സദർ ജമാഅത്ത് കടലായി അഹ്മദ് റഷീദ് സാഹിബ് ഉപഹാരം നൽകി ആദരിക്കുന്നു. സയീം അൻസാറുല്ലാഹ് ടി.ശംസുദ്ദീൻ സാഹിബ്, മൗലവി അബ്ദുസ്സലാം സാഹിബ് എന്നിവർ സമീപം

# സന്ദർശിച്ചു



**ഖാദിയാൻ:** ഹർച്ച്‌വാൽ ഗവർമെന്റ് ഹോസ്പിറ്റൽ ഡപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ ഡോ. രാജേഷ് ബഗ്ഗയെ ഖാദിം സഹോദരങ്ങൾ സന്ദർശിച്ചു. ഖാദിയാൻ സിവിൽ ഹോസ്പിറ്റലിലെ ശിശുരോഗവിദഗ്ദനും ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്ററുമാണ് ഡോ.രാജേഷ് ബഗ്ഗ. ജമാഅത്തി ലിറ്ററേച്ചറുകളും അദ്ദേഹത്തിനു നൽകുകയുണ്ടായി.

# ഫസ്‌ലെ ഒമർ ഫുട്ബോൾ ചാമ്പ്യൻഷിപ്പ്

**കൊടിയത്തൂർ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട് ജില്ലയുടെ ആഭിമുഖ്യത്തിൽ ഫസ്‌ലെ ഒമർ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് പഞ്ചായത്ത് ഗ്രൗണ്ടിൽ വെച്ച് നടന്നു. 4 മജ്‌ലിസിൽ നിന്നായി 4 ടീം ഖുദ്ദാമും, 3 ടീം അത്ഫാലും പങ്കെടുത്തു. ഖുദ്ദാം 9സും, അത്ഫാൽ 7സും ആയാണ് മാച്ചുകൾ നടത്തിയത്. ഖുദ്ദാം വിഭാഗത്തിൽ മാത്തോട്ടവും അത്ഫാൽ വിഭാഗത്തിൽ കൊടിയത്തൂരും ഒന്നാം സ്ഥാനം കരസ്ഥമാക്കി. വിജയികൾക്ക് എം.സി മുഹമ്മദ് സാഹിബ് റോളിംഗ് ട്രോഫി സമ്മാനിച്ചു.



# ബാഡ്മിന്റൺ ടൂർണമെന്റ്

**_കരുനാഗപ്പള്ളി:_** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കൊല്ലം ജില്ലയുടെ ആഭിമുഖ്യത്തിൽ മുസ്‌ലിഹ് മൗഊദ് ദിനത്തോടനുബന്ധിച്ച് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് നടത്തുകയുണ്ടായി. ജില്ലാ അമീർ അഹ്മദ് ശരീഫ് സാഹിബ് ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. കരുനാഗപ്പള്ളി, തിരുവനന്തപുരം, ആദിനാട്, കൊട്ടാരക്കര, കൊല്ലം മജ്‌ലിസുകളിൽ നിന്നും ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. തിരുവനന്തപുരം മജ്‌ലിസിലെ ശഹീദ് അഹ്മദ് സാഹിബ്, നബീൽ അഹ്മദ് സാഹിബ് ടീമാണ് ചാമ്പ്യന്മാരായത്. രണ്ടാം സ്ഥാനം കരുനാഗപ്പള്ളി മജ്‌ലിസിലെ റിയാസുദ്ദീൻ സാഹിബ്, താരീഖ് അഹ്മദ് സാഹിബ് ടീമും കരസ്ഥമാക്കി.



# തർബിയ്യത്ത് ക്യാമ്പ്

**കാക്കനാട്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ എറണാകുളം ജില്ലയുടെ ആഭിമുഖ്യത്തിൽ മസ്ജിദ് ബയ്ത്തെ ത്വാഹിറിൽ വെച്ച് ജില്ലാ ഖാഇദ് ഇ.എച്ച് നജീബ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ തർബിയ്യത്ത് ക്യാമ്പ് സംഘടിപ്പിച്ചു. എറണാകുളം ജമാഅത്ത് പ്രസിഡന്റ് ബി.ബി അഹ്മദ് കബീർ സാഹിബ് ക്യാമ്പ് ഉൽഘാടനം ചെയ്തു. ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) യുടെ കർമസംസ്കരണത്തെ സംബന്ധിച്ചുള്ള ഖുത്വുബ പരമ്പരയെ അടിസ്ഥാനമാക്കിയുള്ള ചർച്ചയായിരുന്നു ക്യാമ്പിന്റെ മുഖ്യ ആകർഷണം. മൗ. ടി. അമീറുദ്ദീൻ സാഹിബിന്റെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ മൗ. ഹാശിം അശ്റഫ് സാഹിബ്, തൻവീർ അഹ്മദ് സാഹിബ്, പി.കെ മുഹമ്മദ് ബശീർ സാഹിബ്, ടി.റഹ്മത്തുല്ലാഹ് സാഹിബ്, ടി.നിശാൻ അഹ്മദ് സാഹിബ്, റിയാസ് ഫിർദൗസ് സാഹിബ് എന്നിവർ പങ്കെടുത്തു.



# പുസ്തക പ്രകാശനം


**കോഴിക്കോട്:** മജ്ലിസ് അൻസാറുല്ലാഹ് കേരളാ പ്രസിദ്ധീകരിച്ച ഇസ്ലാമും സമകാലീനപ്രശ്നങ്ങളും എന്ന പുസ്തകത്തിന്റെ പ്രകാശനവും സെമിനാറും കോഴിക്കോട് ടൗൺ ഹാളിൽ നടന്നു.



നാഇബ് സദർ ഭാരത് പി.പി നാസിറുദ്ദീൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ മൗലവി മുഹമ്മദ് സലീം സാഹിബിന്റെ തിലാവത്തോടു കൂടി ആരംഭിച്ച പരിപാടിയിൽ മാസ്റ്റർ അമാൻ ഖമറുദ്ദീൻ മൈത്രീ ഗാനം ആലപിച്ചു. എം.അബ്ദുറഹിമാൻ സ്വാഗതം പറഞ്ഞു. കോഴിക്കോട് ജില്ലാ അമീർ കെ.എം അഹ്മദ് കോയ സാഹിബ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ കെ.കെ.എൻ കുറുപ്പിന് പുസ്തകം നൽകി കൊണ്ട് പ്രകാശനം നടത്തി. ഹമീദ് ചേന്ദമംഗലൂർ, ഡോ.ഹാഫിസ് മുഹമ്മദ്, ഡോ.ഖദീജ മുംതാസ്, എം.സി വടകര, പ്രൊഫസ്സർ ബി.മഹ്മൂദ് സാഹിബ്, മൗലവി സുൽത്താൻ നസീർ സാഹിബ്, പുസ്തക വിവർത്തകൻ എ.എം മുഹമ്മദ് സലീം സാഹിബ് തുടങ്ങിയവർ പ്രസംഗിച്ചു. ഡോ.സി സലാഹുദ്ദീൻ സാഹിബ് നന്ദി പറഞ്ഞു.

കേരളത്തിലുള്ള വിവിധ ജമാഅത്തുകളിലെ സഹോദരങ്ങൾ പങ്കെടുക്കുകയുണ്ടായി. ഹാളിൽ സ്ത്രീകൾക്ക് പ്രത്യേകം സൗകര്യം ഏർപ്പാടാക്കിയിട്ടുണ്ടായിരുന്നു.


# മതാചാര്യർ ദിനം




**കോഴിക്കോട്:** ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മതാചാര്യർ ദിനം ആചരിച്ചു. കോഴിക്കോട് ടൗൺ ഹാളിൽ വച്ച് നടന്ന യോഗം ജില്ലാ അമീർ കെ.എം അഹ്മദ് കോയ സാഹിബ് ഉൽഘാടനം ചെയ്തു. വിവിധ മതങ്ങളെ കുറിച്ച് സെമിനാർ നടത്തപെടുകയുണ്ടായി. മൗലവി മുഹമ്മദ് സലീം, മൗലവി സുൽത്താൻ നസീർ, എം അബ്ദുറഹിമാൻ, പ്രൊഫസ്സർ ബി.മഹ്മൂദ്, എ.എം മുഹമ്മദ് സലീം, സ്വാമി ബോധാനന്ദ തുടങ്ങിയവർ സംസാരിച്ചു.

# കുടിവെള്ള വിതരണം

**പുത്തൂർമഠം:** ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തകർ പ്രദേശത്ത് കുടിവെള്ളം വിതരണം നടത്തി. പബ്ലിക്ക് കിണറ്റിൽ നായ വീണു ചത്ത കാരണത്താൽ ബുദ്ധിമുട്ടനുഭവപ്പെട്ട തദ്ദേശവാസികളുടേയിടയിൽ ഖുദ്ദാമുൽ അഹ്മദിയ്യാ ചെയ്ത പ്രവർത്തനം വളരെയധികം ശ്ലാഘനീയമായി. ഏകദേശം 6000 ലിറ്റർ വെള്ളം വിതരണം ചെയ്യുകയുണ്ടായി. ഹൽഖാ സഇൗം നസീർ ഹുസൈൻ സാഹിബ് നേതൃത്വം നൽകി.



# തർബിയ്യത്ത് ക്യാമ്പ്




**കൊടുങ്ങല്ലൂർ:** മജ്ലിസ് അൻസാറുല്ലാഹ് എറണാകുളം ജില്ല ഏകദിന തർബിയ്യത്ത് ക്യാമ്പ് മസ്ജിദ് ബയ്ത്തുൽ ആഫിയായിൽ വെച്ച് ജില്ലാ നാസിം പി.മുഹമ്മദ് കരീം സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ജില്ലാ അമീർ പി.കെ.ശാഹുൽ ഹമീദ് സാഹിബ് ക്യാമ്പ് ഉൽഘാടനം ചെയ്തു. മൗലവി എം. നാസിർ അഹ്മദ് സാഹിബ്, ജനാബ് പി.കെ മുഹമ്മദ് ശരീഫ് സാഹിബ് എന്നിവർ ക്ലാസ്സെടുത്തു. കൊടുങ്ങല്ലൂർ ജമാഅത്ത് പ്രസിഡന്റ് യു.എസ്. സൈനുദ്ദീൻ സാഹിബ് ആശംസകളർപ്പിച്ചു സംസാരിച്ചു.

# ജില്ലാ ആമിലാ റഫ്രെഷർ കോഴ്സ്

**കോഴിക്കോട്:** മജ്ലിസ് അൻസാറുല്ലാഹ് കോഴിക്കോട്, വയനാട് ജില്ല ആമിലാ റഫ്രെഷർ കോഴ്സ് ബൈത്തുൽ ഖുദ്ദൂസിൽ വച്ച് നടത്തപെടുകയുണ്ടായി. ജില്ലാ അമീർ കെ.എം അഹ്മദ് കോയ സാഹിബ് പരിപാടി ഉൽഘാടനം ചെയ്തു. മാത്തോട്ടം അമീർ പി.എം ബശീർ അഹ്മദ് സാഹിബ്, സി. ശമീം സാഹിബ് തുടങ്ങിയവർ ക്ലാസ്സ് എടുത്തു. ജില്ലയിലെ മജ്ലിസുകളിൽ നിന്നുള്ള ആമില അംഗങ്ങൾ പങ്കെടുത്തു.

# ഖാനാ ഖസാന

**ഖാദിയാൻ:** ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഖാനാ ഖസാന നടന്നു. വിവിധ ഹൽഖകളുടെ നേതൃത്വത്തിലായിരുന്നു സ്റ്റാളുകൾ.



# സർവ്വമതസമാധാനസമ്മേളനം




**ജമ്മു:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ യുടെ ആഭിമുഖ്യത്തിൽ ജമ്മു ക്ലബ്ബിൽ വച്ച് സർവ്വമതസമാധാനസമ്മേളനം സംഘടിപ്പിക്കപ്പെട്ടു. വിവിധമതവിഭാഗങ്ങളിൽ നിന്ന് നൂറുകണക്കിന് ആളുകൾ പങ്കെടുത്തു.

സദർ, ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് റഫീഖ് അഹ്മദ് സാഹിബ് ബേഗ് അദ്ധ്യക്ഷത വഹിച്ചു. ഡിവിഷണൽ കമ്മീഷണർ ശ്രീ.ശാന്തമനു, ആർട്ട് ഓഫ് ലിവിംഗ് സീനിയർ ടീച്ചർ അരുണിമ സിൻഹ, സീനിയർ ബി.ജെ.പി. നേതാവ് ഡോ.നിർമൽ സിംഗ്, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ദേശീയ ഉപാദ്ധ്യക്ഷൻ ഷിറാസ് അഹ്മദ് സാഹിബ് എന്നിവർ വേദി പങ്കിട്ടു.

സ്വാഗതപ്രസംഗത്തിൽ അത്താഉൽ മുജീബ് സാഹിബ് ലോൺ മനുഷ്യനന്മക്കായി അഹ്മദിയ്യാ ജമാഅത്ത് ചെയ്തു കൊണ്ടിരിക്കുന്ന സേവനങ്ങളെക്കുറിച്ച് പറയുകയുണ്ടായി. "നിങ്ങളിൽ ഉത്തമൻ നിങ്ങൾക്കിടയിൽ നന്നായി പെരുമാറുന്നവൻ" എന്ന പരിശുദ്ധപ്രവാചകൻ(അ)ന്റെ വചനങ്ങൾ അദ്ദേഹം ഓർമ്മിപ്പിക്കുകയുണ്ടായി. വിവിധ മതപണ്ഡിതന്മാരായ മുഹമ്മദ് കൗസർ സാഹിബ് (ഇസ്‌ലാം), പ്രൊ. വിശ്വമൂർത്തി ശാസ്ത്രി (ഹിന്ദുമതം), ശ്രീ. ഗ്യാനി പാൽ അജിത് സാബ് (സിക്ക്മതം), ശ്രീ. സുരേഷ് കുമാർ (ബുദ്ധമതം) ശ്രീ.എസ്.കെ. ജയിൻ (ജൈനമതം), ഫാദർ കുര്യാക്കോസ് (ക്രിസ്തുമതം) എന്നിവർ തങ്ങളുടെ മതത്തിന്റെ സമാധാനസന്ദേശത്തെക്കുറിച്ച് പറഞ്ഞു കൊണ്ട് ലോകത്ത് സമാധാനം സ്ഥാപിക്കാൻ മനുഷ്യരാശി ഒന്നായി നിൽക്കേണ്ട ആവശ്യകതയെക്കുറിച്ച് ഊന്നിപ്പറഞ്ഞു. മനുഷ്യരാശിയുടെ നന്മക്കായി ഇത്തരം വേദി ഒരുക്കിയതിന് അഹ്മദിയ്യാ യുവജന വിഭാഗം പ്രവർത്തകരെ പ്രാസംഗികർ അഭിനന്ദിക്കുകയുണ്ടായി.

## ബശീർ ട്രോഫി

**ഖാദിയാൻ:** ഖുദ്ദാമുൽ അഹ്മദിയ്യാ ബാബുൽ അബ്‌വാബ് ഹൽഖയുടെ ആഭിമുഖ്യത്തിൽ ബശീർ ട്രോഫി ക്രിക്കറ്റ് ലീഗ് നടന്നു. നാലു ടീമുകളായി നടന്ന മത്സ രത്തിൽ എല്ലാ ടീമിലും അമുസ്‌ലിംകളായ നാലു പേരും അംഗങ്ങളായിട്ടുണ്ടായിരുന്നു. ഖാദിയാൻ ഫൈറ്റേർസ് വിജയികളായി. സദർ ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് റഫീഖ് അഹ്മദ് സാഹിബ് ബേഗ് സമ്മാനവിതരണം നടത്തി. മുഅ്തമിം മഖാമി മൗലവി നാസിർ മഹ്മൂദ് സാഹിബും സന്നിഹിതനായിരുന്നു.




## മെഡിക്കൽ - നേത്ര പരിശോധന ക്യാമ്പ്

**ഖാദിയാൻ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഖാദിയാനിൽ വച്ച് നേത്ര പരിശോധന ക്യാമ്പും പരിസര പ്രദേശങ്ങളിൽ മെഡിക്കൽ ക്യാമ്പും നടന്നു. നേത്ര പരിശോധന ക്യാമ്പിൽ നിന്ന് തിരഞ്ഞെടുത്ത ഇരുപതിലധികം രോഗികൾക്ക് സൗജന്യമായി ശസ്ത്രക്രിയയും നടത്തുകയുണ്ടായി.



ദേരാ ബാബാ നാനക്കിലേക്ക് കാൽനടയായി തീർഥയാത്രക്ക് പോകുന്ന യാത്രക്കാർക്കായി കൽവാൻ എന്ന സ്ഥലത്ത് നടത്തിയ ക്യാമ്പ് രാവിലെ 5.30 നു ആരംഭിച്ച് രാത്രി 11 മണി വരെ നീണ്ടുനിന്നു. വഴിയാത്രക്കാർക്ക് ശീതളപാനീയവും നൽകി. ഡെല്ലാ പിന്റിൽ നടത്തിയ മെഡിക്കൽ ക്യാമ്പിൽ നൂറ്റിഅമ്പതോളം രോഗികളെ പരിശോധിച്ചു. ഹർകദാ റോഡിൽ നടത്തിയ മെഡിക്കൽ ക്യാമ്പിലും ഏകദേശം 190 ലധികം രോഗികൾക്ക് വൈദ്യസഹായം നൽകാൻ സാധിച്ചു.




ക്യാമ്പുകളിൽ ഹോമിയോ, അലോപ്പതി ചികിത്സ ലഭ്യമാക്കിയിരുന്നു. ഡോക്ടർമാരായ നിഷാൻ അഹ്മദ്, റഫീഖ് ഖമർ എന്നിവർ പരിശോധന നടത്തി. നാഇബ് സദർ അസ്ഹർ അഹ്മദ് സാഹിബ് ഖാദിം നേതൃത്വം നൽകി.



ആരോഗ്യം

# സ്കിസോഫ്രീനിയ
## (SCHIZOPHRENIA)






സ്കിസോഫ്രീനിയ ഒരു മാനസിക രോഗമാകുന്നു. രോഗികൾ വിചിത്രങ്ങളായ കാര്യങ്ങൾ ചിന്തിക്കുകയും യാഥാർഥ്യങ്ങളെയും സംഭവങ്ങളെയും ഏകോപിപ്പിച്ച് മനസ്സിലാക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു. ഈ രോഗം മനുഷ്യബുദ്ധിയെ നിഷ്ക്രിയമാക്കുന്നു. സ്ത്രീകളേക്കാൾ പുരുഷന്മാരിലാണ് ഇത് കൂടുതലായി കാണപ്പെടുന്നത്.


**ലക്ഷണങ്ങൾ:**

രോഗികൾക്ക് വിചിത്രങ്ങളായ ശബ്ദങ്ങൾ കേൾക്കുന്നതായി തോന്നുന്നു. ആളുകൾ തന്നെ നിരീക്ഷിച്ചു തന്നെ കീഴ്പ്പെടുത്തുവാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണെന്നും ധരിക്കുന്നു. തൽഫലമായി അത്തരം രോഗികൾ എപ്പോഴും ഭയചകിതരായിട്ടാകും കഴിഞ്ഞു കൂടുക. പരസ്പര ബന്ധമില്ലാത്ത കാര്യങ്ങൾ പുലമ്പിക്കൊണ്ടിരിക്കും. മറ്റുള്ളവരുടെ വാക്കുകൾ മനസ്സിലാക്കാൻ സാധിക്കില്ല. എപ്പോഴും ഭയപ്പാടോടെ ചുറ്റുപാടിനെ വീക്ഷിച്ചു കൊണ്ടിരിക്കും. തൽഫലമായി അവർ സമൂഹവുമായി പാടെ അകന്നു പോകുന്നതാണ്.







**കാരണങ്ങൾ:**

പാരമ്പര്യമായിട്ടാണ് ഇത് ഉണ്ടാകുന്നതെന്നാണ് വിദഗ്ദരുടെ അഭിപ്രായം. കൂടാതെ ജനിക്കുന്ന സമയത്തുള്ള ബുദ്ധിമുട്ടോ രോഗമോ അതിനു കാരണമാകും എന്നും പറയപ്പെടുന്നു. ജനിക്കുമ്പോൾ തന്നെ ഈ രോഗം ശരീരത്തിൽ ഉണ്ടാകുന്നു. എന്നാൽ യുവത്വത്തിലേക്ക് പ്രവേശിച്ചതിനു ശേഷമാണ് അത് ലക്ഷണങ്ങൾ കാണിക്കാൻ തുടങ്ങുന്നത്. യഥാർഥത്തിന് വിരുദ്ധമായ കാര്യങ്ങൾ ചിന്തിക്കാൻ തുടങ്ങുന്നു. ഉദാഹരണമായി താൻ രാജാവാണ് എന്ന് തോന്നുന്നു. ചിലപ്പോൾ പരിസരവുമായി യാതൊരു ബന്ധവുമില്ലാതെ മണിക്കുറുകളോളം ചിന്തയിൽ ആയിരിക്കും.



**ചികിൽസ:**

ആരംഭത്തിൽ തന്നെ ശരിയായ ചികിൽസ നൽകുകയാണെങ്കിൽ അത്തരം രോഗികളെ പരിപൂർണമായും രോഗമുക്തനാക്കാൻ സാധിക്കുന്നതാണ്. എന്നാൽ നീണ്ട ചികിൽസാ വിധി അനിവാര്യമാണ്. അല്പം ആശ്വാസം തോന്നുമ്പോൾ തന്നെ മരുന്നും ചികിൽസയും ഉപേക്ഷിച്ചാൽ രോഗം കൂടുതൽ തീക്ഷ്ണമായി തിരിച്ചു വരുന്നതാണ്.

(അൽ ഫദ്ൽ റബ്വ)

AL HAQ MARCH 2014 VOL :22, ISSUE: 3

പൊതുവിജ്ഞാനം




# ഹൈടെക് പശുവും പാലും

കാനഡയിൽ പശുവിനെ Environment Friendly ആക്കിത്തീർക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുകയാണ്. പശുവിൽ നിന്നും 24 മണിക്കൂറിൽ 600 ലിറ്റർ മീഥൈൻ ഗ്യാസാണ് പുറപ്പെടുന്നത്. ഇത് മൊത്തത്തിൽ ഭൂമിയുടെ താപത്തെ വർദ്ധിപ്പിക്കുന്നതാണ്. അതിനാൽ കുറഞ്ഞ അളവിൽ മീഥേൻ ഗ്യാസ് പുറപ്പെടുവിക്കുന്ന തരത്തിൽ പശുക്കളെ രൂപപ്പെടുത്തുന്നതിനായുള്ള രീതികൾ, ഭക്ഷണങ്ങൾ എന്നിവയ്ക്കായുള്ള പരീക്ഷണമാണ് നടക്കുന്നത്.

Environmental Friendly



Holstein വംശവുമായി ബന്ധപ്പെട്ട ഈ പശുക്കൾ സാധാരണയായി Besty എന്ന പേരിലാണ് അറിയപ്പെടുന്നത്. അതിനെ തിരിച്ചറിയുന്നതിനായി അതിന്റെ ചെവിയിൽ 5–90–117 എന്ന ബോർഡ് തൂക്കിയിടുന്നു.

20–ാം നൂറ്റാണ്ടിലെ ശാസ്ത്ര പരീക്ഷണ നിരീക്ഷണഫലമായി പശുവിന്റെ ഭക്ഷണത്തിൽ ചില പരിവർത്തനങ്ങൾ വരുത്തി മീഥൈൻ ഗ്യാസ് ഉൽപാദനം കുറക്കുകയും അതോടൊപ്പം പാലിന്റെ ഉൽപാദനം വർദ്ധിപ്പിക്കുകയുമാണ് ചെയ്യുന്നത്. ഭക്ഷണത്തിൽ പ്രോട്ടീൻ കുറച്ചുപയോഗിക്കുന്നതിന്റെ ഫലമായി മീഥൈൻ ഗ്യാസിന്റെ ഉൽപാദനം ഗണ്യമായി കുറക്കാൻ സാധിക്കുന്നു. കൂടാതെ പാലിലുള്ള കൊഴുപ്പിന്റെയും മാംസത്തിലുള്ള കൊളസ്ട്രോളിന്റെയും അളവ് കുറക്കാനും സാധിക്കുന്നു.

*(അൽ ഫദ്ൽ ഇന്റർനാഷണൽ)*

Printer & Publisher : T.K.Mushtaq Ahmad
Manager : A.T.Nasarudheen
Layout : Quraish
Editor : T.M.Abdul Mujeeb
Members : Arif Mohammad , Ameerudheen Sajid

Not for Sale, Circulation among members only | Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut